# മലങ്കരസഭ






## മലങ്കര നസ്രാണികളുടെ യഹൂദപൈതൃകം

COVER INNER

ലക്കം 10,
പുസ്തകം 67
ഒക്ടോബർ 2010



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 – 2573234
Fax : +91 481 2573234

ചരിത്രം
8 മലങ്കര നസ്രാണികളുടെ...
– ഫാ. ഡോ. ജേക്കബ് കുര്യൻ

നമ്മിലൊരാൾ
24 ഡോ. സി. തോമസ്

വീക്ഷണം
11 പരുമല പള്ളിക്കു സമീപം പരുമലപള്ളി പണിയുന്നു

6 എഡിറ്റോറിയൽ
വെറും കയ്യോടെ ഒരു ദിനം
– ഡോ. സഖറിയ മാർ അപ്രേം

5 മഹാപുരോഹിത സന്ദേശം

10 ചുറ്റുവട്ടം
മുന്തിരിവള്ളി തേടി മാർ ക്ലീമീസ്
പ്രൊഫ. ഡോ. ഫിലിപ്പോസ് ജോഷ്വ

12 My Laughing Jesus! Where are you?
- Fr. Dr. Abraham OOmmen

21 വനിതാ സഭാ
മിണ്ടാതിരിക്കട്ടെ
– പ്രൊഫ. മേരി കുര്യൻ

15 ലേഖനം
ബോൺ എഗെയ്ൻ ആധുനിക....
– ബ്രദർ തോമസ് മാത്യു

44 കുരുമുളകും കേരളവും
യവനപ്രിയ എന്ന കുരുമുളക്
അഡ്വ. തോമസ് ജോർജ്, കടമ്പനാട്

47 യുവജന പംക്തി
– ഫാ. വിൽസൺ മാത്യു

## സ്ഥിരം പംക്തികൾ

ധ്യാനപംക്തി, വിശ്വാസപാഠം, ബൈബിൾ പദപ്രശ്നം, ബുദ്ധിമാൻ, സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

*പ്രസിഡന്റ്*
സഖറിയ മാർ അന്തോനിയോസ്
Phone: 0474 - 2743535

*ചീഫ് എഡിറ്റർ*
ഡോ. സഖറിയ മാർ അപ്രേം
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
ഫാ. റ്റി.എ. ഇടയാടി
Mob:- 9447300908

*സബ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*ഓഫീസ് മാനേജർ*
ഫാ. അലക്സി മാത്യൂസ്
Mob:- 9946668911

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

EDITORIAL BOARD

*Cover Design & Layout:-*
Jinto Kurichy at
**M.S. Graphics, Devalokam.**

**വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | |
| ഒറ്റപ്രതി | : 15 രൂപ |
| ഒരു വർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| വിദേശത്തേക്ക് | |
| ഒരു വർഷം | : 1500 രൂപ |

## ലളിതം മധുരം

**സഖറിയാ മാർ അന്തോനിയോസ്**
(പ്രസിഡന്റ്, മലങ്കരസഭ)



# ഉല്പന്യ ഗുണം

എഴുത്തച്ഛനും കണ്ണശ്ശപ്പണിക്കരും സമകാലീനരായിരുന്നു. കണ്ണശ്ശപ്പണിക്കർ വിമർശനാത്മക സാഹിത്യത്തിന്റെ വക്താവും. എഴുത്തച്ഛന്റെ വീട്ടിലെത്തിയ കണ്ണശ്ശപ്പണിക്കർക്ക് ഊണൊരുക്കി.

സദ്യവട്ടങ്ങൾ ഇലയിൽ നിരത്തി ഉണ്ണാനിരുന്നപ്പോഴാണ് പണിക്കർ ശ്രദ്ധിച്ചത് ഇരുട്ടകറ്റാൻ ഓടവിളക്കും പിടിച്ചു നില്ക്കുന്നത് ഒരു പൂച്ചയാണ്. തറയിലിരുന്ന് രണ്ടു കൈകളിലും നീണ്ട വിളക്ക് (ഓടക്കുഴൽ നീളത്തിലുള്ള വിളക്കിന്റെ അറ്റത്ത് തിരി തെളിക്കുന്ന സംവിധാനം) പിടിച്ച് ഒരഭ്യാസിയെപ്പോലെ പൂച്ചയിരിക്കുന്നു.

ചെറുചിരിയോടും അഭിമാനത്തോടും എഴുത്തച്ഛൻ പറഞ്ഞു "സംസർഗ്ഗഗുണമാണ്. പരിശീലിപ്പിച്ചെടുത്തു അത്ര തന്നെ."

പണിക്കരിലെ വിമർശകനുണർന്നു. "ഉല്പന്യ ഗുണം" എന്നായാലും പുറത്തു വരും..." അദ്ദേഹവും വിട്ടില്ല.

വീണ്ടുമൊരിക്കൽ പണിക്കർ എഴുത്തച്ഛന്റെ വീട്ടിലെത്തിയതു അല്പം സന്നാഹത്തോടു കൂടിയിരുന്നു. ഒരു ഓടവിളക്കിന്റെ ഒരു ഭാഗം തുറന്ന് അതിൽ ഒരു ചെറിയ എലിയെ കയറ്റി വിട്ടു.

എഴുത്തച്ഛന്റെ വീട്ടിലെത്തിയ അദ്ദേഹം ഉണ്ണാനിരുന്നു. പൂച്ച ഹാജർ. ഇത്തവണ പൂച്ചയ്ക്ക് നല്കിയത് തന്റെ കൈയ്യിലിരുന്ന വിളക്ക് .

ഊണ് പുരോഗമിക്കവേ വിളക്കിലെ ചൂടു തട്ടി എലി പുറത്തു ചാടി. പൂച്ചയുടെ ഏകാഗ്രത തെറ്റി... വിളക്കുപേക്ഷിച്ച് എലിക്കു പുറകേ ഓട്ടം തുടങ്ങി...


എഴുത്തച്ഛൻ പരിഭ്രമിച്ചു. കണ്ണശ്ശപ്പണിക്കർ പുഞ്ചിരിച്ചു.

സംസർഗ്ഗ ഗുണത്തിനു മാറ്റില്ലെന്നല്ല. മറിച്ച് എത്ര അണിയിച്ചാലും ഉള്ളിലുള്ള ഉല്പന്യ ഗുണം തക്കത്തിൽ പുറത്തു വരും.

അഴകിയ രാവണൻമാർ പോലെ മുഖം മൂടികൾ പല പേരുകളിൽ, പദവികളിൽ, പൊതുവിൽ വാഴുന്ന ഇക്കാലത്ത്, ഇതൊക്കെ ആര് ശ്രദ്ധിക്കാൻ?

■

# മഹാപുരോഹിത സന്ദേശം






വാത്സല്യ മക്കളെ,

നമ്മുടെ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിശ്ചയപ്രകാരം ഒക്ടോബർ നവംബർ, ഡിസംബർ മാസങ്ങൾ ലഹരി വിരുദ്ധ ബോധവത്ക്കരണ മാസങ്ങളായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ലഹരിയും അതുണ്ടാകുന്ന പ്രശ്നങ്ങളും നിരവധിയാണ്. കുടുംബ ശൈഥില്യങ്ങളും, വാഹനാപകടങ്ങളും തുടങ്ങി സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ 'ലഹരി' ഉണ്ടാക്കുന്നു. നമ്മുടെ വിദ്യാലയ–കലാലയ അന്തരീക്ഷങ്ങൾ പോലും ലഹരി പദാർത്ഥങ്ങളുടെ കരാളഹസ്തങ്ങൾ പിടിമുറുക്കിയിരിക്കുന്നു. നമ്മുടെ ഉത്സവ സീസണുകളിൽ മദ്യത്തിന്റെ വില്പന റെക്കോർഡുകൾ ഭേദിച്ച് മുന്നേറുന്നു. ഈ പശ്ചാത്തലത്തിൽ പ. സഭയ്ക്ക് ഈ സാമൂഹ്യ വിപത്തിനെതിരെ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു. നമ്മുടെ ഒരു കുടുംബവും ലഹരിയുടെ ഊരാക്കുടുക്കിൽപെട്ട് നശിക്കരുത്. ഒരു വിശ്വാസിയും ലഹരി പദാർത്ഥങ്ങളുടെ പിടിയിൽപ്പെടരുത്. ലഹരിയുടെ ഭീകരതയെപ്പറ്റി ബോധവാന്മാരാകുന്നതിന് വിവിധ ബോധന പരിപാടികൾ ഇടവക തലത്തിൽ തന്നെ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഈ സാമൂഹ്യ വിപത്തിൽ നിന്ന് സഭയും സമൂഹവും മോചനം നേടട്ടെ. 'ലഹരി വിരുദ്ധ ബോധവത്ക്കരണം ലഹരി വിമുക്ത സമൂഹത്തിനായി' എന്ന ലക്ഷ്യം സംപ്രാപിക്കുവാൻ നമ്മുടെ പ്രവർത്തനങ്ങൾക്ക് കഴിയട്ടെ.

ഒക്ടോ. 2–ന് ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജന്മദിനം ആചരിക്കുന്നു. കാലമേറെ കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ ആദർശങ്ങൾക്കും തത്വങ്ങൾക്കും ലേശം പോലും മങ്ങലേറ്റിട്ടില്ല. അദ്ദേഹത്തിന്റെ സ്വപ്നങ്ങളിൽ ഒന്ന് ലഹരിമുക്തമായ ഭാരതമായിരുന്നു. ഇന്നും അത് പൂവണിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ സ്വപ്ന പൂർത്തീകരണത്തിന് നമ്മുടെ പ്രവർത്തനങ്ങൾ മുഖാന്തിരമാകണം.

നവംബർ ആദ്യദിനങ്ങളിൽ പ. പരുമലതിരുമേനിയുടെ 108–ാം ഓർമ്മപെരുനാൾ മലങ്കര സഭ കൊണ്ടാടുന്നു. വിശുദ്ധന്റെ ജീവിതവിശുദ്ധിയും ഉത്തമസാക്ഷ്യവും നമ്മിലേക്ക് പകർത്തുവാൻ പെരുനാളുകൾക്ക് കഴിയണം. പെരുനാളിനോടനുബന്ധിച്ച് നടത്തുന്ന തീർത്ഥാടനങ്ങളും അർത്ഥപൂർണ്ണമാകണം. തീർത്ഥാടകൻ തന്റെ തീർത്ഥയാത്രയിലൂടെ സൃഷ്ടികർത്താവുമായി അലിഞ്ഞുചേർന്ന് സായൂജ്യമണഞ്ഞെങ്കിൽ അവൻ കൃതാർത്ഥനായിതീരുന്നു. തീർത്ഥം തേടി പരുമലയിൽ, പരിശുദ്ധന്റെ കബറിടത്തിൽ എത്തുമ്പോൾ പുണ്യവാന്റെ പാദസ്പർശമേറ്റ മൺതരികൾ മൗനമായി സ്പന്ദിക്കുന്നുണ്ടാവാം യാമങ്ങൾതോറും, ജാഗരണങ്ങളാലും നെടുവീർപ്പുകളാലും, തന്റെ നാഥനോട് സംവദിച്ച പരുമല തിരുമേനി പ്രാപിച്ചിട്ടുള്ള ആത്മീയ ശക്തി നിങ്ങൾക്കും പ്രാപ്യമാണെന്ന് ഓർക്കുക.

ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമാ ദിദിമൊസ് പ്രഥമൻ**

from the DESK

എഡിറ്റോറിയൽ



# വെറും കൈയ്യോടെ ഒരു ദിനം

"സഞ്ചിയും പൊക്കണവും ചെരിപ്പും എടുക്കരുതെന്ന്" പറഞ്ഞും പഠിപ്പിച്ചും തന്റെ അനുചരന്മാരെ ജനമദ്ധ്യത്തിലേക്ക് അയച്ച ഒരു ഗുരുവരന്റെ ഓർമ്മയ്ക്കുമുമ്പിൽ ഒക്ടോബർ 30 നെ സമർപ്പിക്കുന്നു; അന്നാണ് ലോകമിതവ്യയ ദിനം. "തരിക തരിക എന്ന രണ്ട് പുത്രന്മാരുള്ള കന്നട്ടയെക്കാൾ" (സദൃ 30:15) ഏറെ കഷ്ടമാണ് "ഉപഭോഗ ജീവികളെന്ന" വിളിപ്പേരിൽ തെല്ലും അമർഷമില്ലാത്ത മനുഷ്യകുലത്തിന്റെ മാനസികാവസ്ഥ.

ഓരോ ചുവടുവയ്പും അതീവ ജാഗ്രതയോടും ലക്ഷ്യബോധത്തോടും ആയിരിക്കണമെന്നതാണ് പണ്ഡിത മതം. വാക്കുകൾക്കു മാത്രമല്ല, നോട്ടങ്ങൾക്കും, നടപ്പുകൾക്കുമെല്ലാം ബോധമുണ്ടാകണമെന്നാണ് സൂചന. പകലധ്വാനങ്ങൾക്ക് ശേഷം അന്തിച്ചന്തയിൽ സാമാനങ്ങൾക്ക് വിലപേശി കടന്നുപോകുന്ന കാക്കാത്തി, സഞ്ചി നിറയുമ്പോൾ അലച്ചിൽ അവസാനിപ്പിക്കുന്നതുപോലെ കൺമുമ്പിലുള്ളതെല്ലാം സ്വന്തമാക്കണമെന്ന ദുരാഗ്രഹം പലരേയും പിടികൂടിയിരിക്കുന്നു. നോട്ടങ്ങൾക്കും, നടപ്പുകൾക്കും ലക്ഷ്യം തെറ്റുന്നതിന്റെ ദുർസൂചനയാണിത്. നിരത്തുകളിൽ ഇറക്കിവയ്ക്കുന്ന ഗൃഹോപകരണങ്ങൾ വാങ്ങി വീട്ടിൽ വെറുതെ വയ്ക്കുന്നതു പോകട്ടെ; പാലുകാച്ചൽ–കൂദാശാ ചടങ്ങുകൾക്കും, വിവാഹ – ജന്മദിന ആഘോഷങ്ങൾക്കും ലഭിച്ച സമ്മാനങ്ങൾ വർഷങ്ങൾക്കുശേഷവും മൂടി തുറക്കാതെ എത്രയോ വീടുകളിൽ ഇരിക്കുന്നുണ്ട് എന്നത് ഒരു പരമാർത്ഥമാണ്. (സമ്മാനംകൊണ്ട് ആർക്ക് പ്രയോജനം? വാഴത്തോപ്പിലെ പശുവിന് പിണ്ടിയരിയരുത് എന്നൊരു ചൊല്ല് കേട്ടിട്ടുണ്ട്. നമ്മുടെ ഉപഭോഗ സംസ്കാരത്തിന് നന്നായി ചേരുമത്.)

**ധനം ദൈവിക ദാനമാണെന്ന തിരിച്ചറിവിലാണ് "ദശാംശം" ദൈവത്തിന് എന്ന ആശയത്തിന് സാംഗത്യമുണ്ടായിരുന്നത്.**

ധനം ദൈവിക ദാനമാണെന്ന തിരിച്ചറിവിലാണ് "ദശാംശം" ദൈവത്തിന് എന്ന ആശയത്തിന് സാംഗത്യമുണ്ടായിരുന്നത്. പണം പൊന്നായിരുന്ന കാലത്താണ് നിധിപോലെ ഒരു വിഷുകൈനീട്ടവും, പിറന്നാൾ സമ്മാനവുമൊക്കെ കിട്ടിയിരുന്നുത്; കൈയ്യിലെ കാശിന് കൃത്യമായ കണക്കുണ്ടായിരുന്ന കാലത്താണ് നമ്മുടേതല്ലാത്ത ആവശ്യങ്ങൾക്ക് (പരസഹായമെന്ന് വിളിക്കാം) അതീവ സൂക്ഷ്മതയോടെ പണം വിനിയോഗിച്ചിരുന്നത്; മാസാന്ത്യങ്ങളിൽ കഷ്ടപ്പെട്ടും, ബുദ്ധിമുട്ടിയും ലഭിക്കുന്ന ശമ്പളത്തിന്റെ വരവ് വീട്ടിൽ ഉത്സവമായിരുന്നു.

Editorial

കൃത്യമായും ഉപഭോഗത്തിന് ഒരാഴ്ച. മാസാന്ത്യങ്ങളിൽ കച്ചവടത്തിന് വിരൽകണക്ക് കൂട്ടിയിരുന്ന വ്യാപാരികൾ. സൂക്ഷ്മമായും ഒന്നാലോചിച്ചു നോക്കുക, ഉപഭോഗമില്ലാത്ത ഒരു ദിവസമെങ്കിലും നമുക്കുണ്ടോ? ഒരു പകൽ യാത്രയിൽ എന്തെങ്കിലും വാങ്ങാതെ കുടുംബാംഗങ്ങൾ തിരികെ യെത്താറുണ്ടോ? കുറഞ്ഞ പക്ഷം "റീചാർജ്" തുക എങ്കിലും ചെലവഴി ക്കാറില്ലേ?


ആവശ്യങ്ങൾ ഒരുപാട് പരിമിതപ്പെടുത്തണമെന്ന് പറയുന്നില്ല. പക്ഷേ നമ്മുടെ ഊണുമേശകളിൽ രുചി കുറയുന്നതിനെപ്പറ്റി മക്കൾ പരിഭവങ്ങൾ പറയുന്നത് കേൾക്കാതിരിക്കുമോ? വ്യത്യസ്തതകൾ ഒരുപാട് ശീലിച്ച നാവിൽ നിന്നുയരുന്ന പരാതികളാണതെന്ന് മറന്നുപോകണ്ട. ഉപവാസ ത്തിന്റെ പ്രാധാന്യം പഠിപ്പിക്കണമെന്ന് പറഞ്ഞാൽ ഒരു പക്ഷേ പരിഹസി ച്ചേക്കാം. ജീവിതത്തിന്റെ കയ്പുകാലങ്ങളിൽ നാം പരോക്ഷമായിട്ടെങ്കിലും അനുഭവിച്ച ഉപവാസങ്ങളും, അതിനുശേഷം ലഭിച്ച അപ്പക്കഷണങ്ങളും എത്ര രുചികരമായിരുന്നു എന്ന് ഓർത്ത് നോക്കേണ്ടതാണ്.

വരുമാനത്തിൽ കവിഞ്ഞ വീട് യജമാനനു സമ്മാനിക്കുന്ന ഭാരങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തുന്നില്ല; അതിന്റെ മെയിന്റനൻസും, ടാക്സും, വഴി പോക്കർ നിങ്ങൾക്ക് നൽകുന്ന "സമ്പന്ന പരിവേഷവും" അനുഭ വിച്ചുകൊണ്ട് ഇഞ്ചിഞ്ചായി ജീവിക്കുന്ന ചിലരെയെങ്കിലും ഓർത്തുപോകു ന്നു. പൊതു ജീവിതത്തിലും; വ്യക്തി ജീവിതത്തിലും മിതത്വം ശീലിച്ച രാഷ്ട്രപിതാവിനെ മറക്കാതിരിക്കാം ഒക്ടോബറിൽ. ആധ്യാത്മികതയിൽ പോലും ഉപഭോഗം നിറഞ്ഞു നിൽക്കുന്ന, കൈകോർത്ത്, തുള്ളിച്ചാടി, കെട്ടി പ്പിടിച്ച് ആരാധിക്കുന്ന ഈ കാലത്ത് ദൈവമുമ്പാകെ മാപ്പപേക്ഷിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു: "ദൈവമേ എന്റെ ഉപഭോഗം സഹജീവികൾക്ക് വ്യസന മുണ്ടാക്കാതിരിക്കാൻ, മുഴുവനും ഞാൻ തിന്നു തീർക്കാതെയിരിപ്പാൻ ഹൃദ യവിശാലത നൽകണമെ". വെറും കൈയ്യും ഒരു പുഞ്ചിരിയുമായി ഒക്ടോ ബർ 30 –ന് വീട്ടിൽ തിരികെയെത്തുക; ദൈവം അനുഗ്രഹിക്കും നന്മകളും പ്രാർത്ഥനകളുമായി.

**ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ**

■

സുഭാഷിതം



**ഒരു മനുഷ്യൻ പടച്ചട്ട തന്റെ മാറിൽ അണിയുക ന്യായ മാണ്. ദുരിതങ്ങളുടെ മേൽ നമ്മുടെ രക്ഷകനായ കർത്താ വിന്റെ വചനവും അപ്രകാരം തന്നെ. പടച്ചട്ടയും പരിചയും മാറിനെ മറയ്ക്കുന്നുവെങ്കിൽ വിശ്വാസവും, പ്രാർത്ഥനയും അതിന് ഉചിതമായ പ്രവർത്തനങ്ങളും ആത്മാവിനെ സംര ക്ഷിക്കുന്നു.**

**– അബ്ബാ അന്തോണിയോസ്**

ഫാ. ഡോ. ജേക്കബ് കുര്യന്‍

# മലങ്കര നസ്രാണികളുടെ യഹൂദപൈതൃകം

തുടര്‍ച്ച...


## സാധ്യതകളും പ്രാധാന്യവും

യഹൂദര്‍ക്ക് ഭാരതത്തില്‍ എന്തു സംഭവിച്ചു എന്ന ചോദ്യത്തിന്റെ ഉപചോദ്യങ്ങളാണ് തൊട്ടുമുമ്പ് ചൂണ്ടിക്കാട്ടിയത്. മാര്‍ത്തോമ്മാ ക്രിസ്ത്യാനികളും, ഭാരതത്തിലെ യഹൂദരും തമ്മിലുള്ള ബന്ധത്തില്‍ മേല്പറഞ്ഞ ചോദ്യങ്ങളെ സമീപിക്കുമ്പോള്‍ മൂന്നു സാധ്യതകള്‍ കാണുന്നു:

1. ഭാരതത്തിലേക്ക് കുടിയേറിയ ഭൂരിപക്ഷം യഹൂദരും തദ്ദേശീയരുമായി സങ്കരജാതിയായി പരിണമിച്ച് അവരുടെ സ്വത്വം നഷ്ടപ്പെട്ടു (ഇന്നത്തെ പത്താന്‍ വംശജരും, തോഡരും ഈ ഗണത്തില്‍പ്പെടുന്നു).

2. യാഥാസ്ഥിതിക മനോഭാവത്തോടെ വംശീയവും മതപരവുമായ സ്വത്വം കാത്തുസൂക്ഷിക്കുവാന്‍ ശ്രമിച്ച യൂദമാപ്പിളമാര്‍ ഒരു ന്യൂനപക്ഷമായി മാറുകയും, 1948 മെയ് 15ന് ഇസ്രായേല്‍ രാഷ്ട്രം നിലനില്‍ വരാനിടയായതോടെ അവിടേക്ക് തിരിച്ചുപോവുകയും ചെയ്തു. സ്വന്തം സമൂഹത്തിന്റെ ഭാരതത്തിലെ അപചയത്തിന്റെ മൗനദു:ഖം ഈ ജനത്തിനുണ്ടായിരുന്നു. സ്വന്തം സമൂഹം ഭിന്നിച്ചതിന്റെ വേദന, മാര്‍ത്തോമ്മാശ്ലീഹായെ മൈലാപ്പൂരിലെ യഹൂദ തീവ്രവാദികള്‍ കൊന്നിട്ടും ക്രിസ്ത്യാനി സമൂഹം ശക്തിപ്രാപിച്ചു വരുന്നതിന്റെ ആത്മരോഷം, ക്രിസ്ത്യാനികളായ കച്ചവടക്കാര്‍ അറബികച്ചവടക്കാരുമായി നല്ലബന്ധത്തില്‍ കച്ചവടകുത്തകകള്‍ കാത്തുസൂക്ഷിക്കുമ്പോള്‍ തങ്ങള്‍ക്കുണ്ടായിരുന്നതു പലതും നഷ്ടമായതിന്റെ വേദന ഇങ്ങനെ പലതും ഒരു രക്ഷപെടലിന്റെ മന:ശാസ്ത്രത്തിന് വഴിയൊരുക്കിയെന്നു തോന്നുന്നു.

3. ഭാരതത്തിന്റെ ഉത്തര ഭാഗങ്ങളിലെ യഹൂദരില്‍ നിന്ന് വ്യത്യസ്തമായി, ദക്ഷിണ ഭാഗത്തെ യഹൂദരില്‍ നല്ലൊരു പങ്ക് ക്രിസ്ത്യാനികളായി ത്തീര്‍ന്നു. അതുകൊണ്ടുതന്നെയായിരിക്കണം യഹൂദരുടെ സംഖ്യ കുറഞ്ഞുകുറഞ്ഞു വന്നത്. ഒരു തദ്ദേശീയ ജനവിഭാഗമായി മാറുന്നതിനും, കൃഷി, കച്ചവടം, ആയോധനകല എന്നിവയില്‍ പ്രാവീണ്യം നേടുന്നതിനും അവര്‍ക്കു സാധിച്ചു. തദ്ദേശീയ ജനങ്ങളിലെ ഉന്നത വര്‍ഗ്ഗങ്ങളുമായി അവര്‍ക്കു സാമൂഹ്യജീവിതം പങ്കിടുവാന്‍ താല്പര്യവുമായിരുന്നു. *അങ്ങനെ നസ്രാണിമാപ്പിളമാര്‍ അഥവാ മാര്‍ത്തോമ്മാ ക്രിസ്ത്യാനികള്‍ യഹൂദ, ദ്രാവിഡ, ജനവിഭാഗങ്ങളുടെ സങ്കര സമൂഹമായി കണക്കാക്കപ്പെടണം.* മാര്‍ത്തോമ്മാ ക്രിസ്ത്യാനികളുടെ ആചാരാനുഷ്ഠാനങ്ങള്‍ അറമായ അഥവാ സുറിയാനി താല്പര്യം, പഴയനിയമപേരുകളോടുള്ള പൈതൃകബന്ധം, ഇങ്ങനെ പലതും ഒരു യഹൂദരക്തബന്ധത്തിന്റെ സൂചന നല്‍കുന്നു. ഇത് കൂടുതല്‍ ചര്‍ച്ചയ്ക്ക് വിഷയീഭവിക്കട്ടെ.



## ചോദ്യങ്ങളും ന്യായങ്ങളും

മാര്‍ത്തോമ്മാ ക്രിസ്ത്യാനികളുടെ യഹൂദപൈതൃകം രസകരമായ ഒരു സമസ്യയാണ് അനാവരണം ചെയ്യുന്നത്. പക്ഷേ, രസംകൊല്ലുന്ന ചില ചോദ്യങ്ങള്‍ ആ സമസ്യയുടെ ഭാഗമാണുതാനും.

മലങ്കര ക്രിസ്ത്യാനികളുടെ മാര്‍ത്തോമ്മാ പൈതൃകം വളരെ പുരാതനവും ശക്തവുമായ തദ്ദേശീയ മൊഴിപാരമ്പര്യമാണ്. പുരാതനമായ ഈ മൊഴി പാരമ്പര്യത്തോടുചേര്‍ന്ന് ഒരു യഹൂദബന്ധം കൂടി ഇത:പര്യന്തം പറഞ്ഞുകേള്‍ക്കാത്തത് എന്തുകൊണ്ട്? എന്നതാണ് ഒന്നാമത്തെ ചോദ്യം.

യഹൂദബന്ധത്തിനു പകരം, ബ്രാഹ്മണ കുടുംബബന്ധം പ്രബലമായതെന്തുകൊണ്ട്? എന്നത് രണ്ടാമത്തെ ചോദ്യമാണ്. ലഭ്യമായിട്ടുള്ള പുരാതന സന്ദർശനവിവരങ്ങളിലൊന്നും മലബാർ തീരത്തെ ആദിമ ക്രിസ്ത്യാനികൾ യഹൂദ പശ്ചാത്തലത്തിൽ നിന്നുള്ളവരെന്ന് സൂചിപ്പിക്കാതിരുന്നത് എന്തുകൊണ്ട്? എന്നത് മൂന്നാമത്തെ ചോദ്യമാണ്. ഇതും ഇതുപോലെയുള്ള മറ്റനേകം ചോദ്യങ്ങളും നമുക്കു മുമ്പിലുണ്ട്.

എന്നാൽ ഇവിടെ യഹൂദബന്ധത്തിന് ന്യായീകരണം നൽകുന്ന ചില വാദങ്ങൾ തള്ളിക്കളയാവുന്നതുമല്ല.

1. മാർത്തോമ്മാ ക്രിസ്ത്യാനികൾ യഹൂദപൈതൃകം ഉള്ളവരായിരുന്നുവെങ്കിലും, ശുദ്ധമായ ഒരു യഹൂദ വംശീയ പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല എന്നുവേണം കരുതാൻ. കാരണം യഹൂദ പരിച്ഛേദനയോ, വംശാവലിപെരുമയോ ഒന്നും ക്രൈസ്തവ സുവിശേഷപ്രകാരം പ്രധാനപ്പെട്ടതായിരുന്നില്ല. മാത്രമല്ല, തദ്ദേശീയ ജനവിഭാഗങ്ങളുമായി കൂടികലർന്ന ഒരു യഹൂദ സങ്കരജാതിയ്ക്ക്, യഹൂദപശ്ചാത്തലം ഉയർത്തിപ്പറയുവാൻ ഒട്ടും താല്പര്യം തോന്നിക്കാണില്ല.

2. നിലവിലിരുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ, ഹിന്ദുസമൂഹത്തിലെ ഉപരിവർഗ്ഗങ്ങളുമായുള്ള ബന്ധത്തിന് കൂടുതൽ വില കല്പിച്ചിരുന്നുതാനും.

3. മലബാർ തീരം സന്ദർശിച്ചവരുടെ കുറച്ചൊക്കെ വിവരങ്ങൾ ലഭ്യമായത് താരതമ്യേന മധ്യകാല ഘട്ടത്തിൽ നിന്നൊക്കെയാണ്. അന്ന് യഹൂദബന്ധം ഒരു വിഷയമേ അല്ലായിരുന്നു. ലോകത്തിന്റെ പലഭാഗത്തും യഹൂദ ക്രിസ്ത്യാനികളുടെ പിൽക്കാല ചരിത്രത്തിൽ “യഹുദ” ബന്ധം ഒട്ടും പ്രധാനപ്പെട്ടതായി കാണുന്നില്ലതാനും.

4. പന്തേനിയോസ് വന്നപ്പോൾ എബ്രായ ഭാഷയിലെ വി. മത്തായിയുടെ സുവിശേഷം കണ്ടതായി പറയപ്പെട്ടതിൽ നിന്ന് ഊഹിക്കാവുന്നത്, ഒരു പക്ഷേ എബ്രായ അഥവാ അറമായ ഭാഷ പരിചിതമായ ഒരു സമൂഹം ഇവിടെ ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നുവെന്നതാണല്ലോ.

5. യഹൂദർ യാഥാസ്ഥിതിക സമ്പ്രദായങ്ങളിൽ പൂണൂൽ പോലെയുള്ള ചരടുധരിക്കുകയും കുടുമിപോലെ മുടി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. യഹൂദ കുടുംബവ്യവസ്ഥിതിയിൽ പുരുഷന് മുൻതൂക്കം ഉണ്ട്. യഹൂദർക്ക് വിവാഹത്തോടനുബന്ധിച്ച് കല്യാണപ്പാട്ടുകളും ചടങ്ങുകളും ഭവനത്തിൽ ഉണ്ട്. ഇവ പലതും പിൽക്കാല ബ്രാഹ്മണ സമ്പ്രദായങ്ങളുമായി സാമ്യമുള്ളതും ആയിത്തീർന്നു. ഇതിനിടയിൽ യഹൂദ പാരമ്പര്യവുമായി വ്യക്തമായ ഒരു ബന്ധപ്പെടുത്തൽ നടന്നില്ല എങ്കിലും, അത് ഒരു ചരിത്ര വസ്തുതയായിരുന്നിരിക്കണം.



“ **നസ്രാണിമാപ്പിളമാർ അഥവാ മാർത്തോമ്മാ ക്രിസ് ത്യാനികൾ യഹൂദ, ദ്രാവിഡ, ജനവിഭാഗങ്ങളുടെ സങ്കര സമൂഹമായി കണക്കാക്കപ്പെടണം.**

6. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ, പഴയനിയമപേരുകൾക്കുള്ള പ്രാധാന്യം, അറമായ–സുറിയാനി പദങ്ങളോടുള്ള അടുപ്പം, അറിഞ്ഞോ അറിയാതെയോ ഒരു ഉപരിവർഗ്ഗമെന്ന അവബോധം, ശരീരഘടനയിലും നിറഭേദങ്ങളിലും പണ്ടത്തെ വെളുത്ത ഇരുണ്ട യഹൂദ വർഗ്ഗങ്ങളോടുള്ള സാമ്യം എന്നിവ പരിഗണിച്ചാൽ ഒരു യഹൂദബന്ധം ഊഹിച്ചെടുക്കാവുന്നതാണ്.

7. മലങ്കരയിൽ പ്രചാരത്തിലിരുന്ന “റമ്പാൻപാട്ട്” മാർത്തോമ്മൻ പെരുമയുമായി ബന്ധപ്പെടുത്തുന്നതാണ്. റമ്പാൻ പാട്ടിൽതന്നെ, “....നാല്പതു യുദജനങ്ങളുമായ് ഒന്നരവർഷങ്ങൾക്കുള്ളിടയിൽ മാമോദീസാ കൈക്കൊണ്ടു” എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. (റമ്പാൻ പാട്ട് അത്ര പുരാതനമായ ഒരു പാട്ടാണെന്ന് കരുതാൻ പറ്റില്ല.)

8. ജനനം, മരണം മുതലായവയോട് ബന്ധപ്പെട്ട് മലങ്കര നസ്രാണികൾ പാലിച്ചുപോന്ന ചില ‘ശുദ്ധി’ സങ്കൽപ്പങ്ങൾ, യഹൂദരുടെ ‘ശുദ്ധി’ സങ്കല്പങ്ങളുമായി സാമ്യമുള്ളതാണ്. നാലാം നൂറ്റാണ്ടിനുശേഷം ചേരനാട്ടിൽ ശക്തമായി കടന്നുവന്ന നമ്പൂതിരിമാരുമായി നസ്രാണികൾക്ക് പല കാര്യങ്ങൾക്കും സമാനതയുണ്ടായി. ഈ സമാനത നമ്പൂതിരിമാരുമായി നസ്രാണികളെ ബന്ധിപ്പിച്ച് ചരിത്രം മെനയുവാൻ ഇടയാക്കിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം 1906ൽ വി. നാഗം അയ്യ ‘ട്രാവൻകൂർ സ്റ്റേറ്റ് മാനുവലി’ൽ മാപ്പിള നസ്രാണികൾ നമ്പൂതിരി കുടുംബങ്ങൾ മതം മാറിയവരാണെന്ന് പറയുന്നത്.

9. മാർത്തോമ്മാ ശ്ലീഹാ ആദ്യം സുവിശേഷം അറിയിച്ചത് വടക്കും തെക്കുമുള്ള ഇന്ത്യയിലെ യഹൂദരോട് ആയിരുന്നുവെന്ന വസ്തുതയെ സാധൂകരിക്കുന്നതാണ് ചരിത്രകാരന്മാരുടെ പലരുടെയും നിരീക്ഷണങ്ങൾ. (എൽ. അനന്തകൃഷ്ണ അയ്യർ, ക്ലോഡിയസ് ബുക്കാനൻ, ഇസഡ്. എം. പാറേട്ട്, ഫാ. ജോസഫ് ചീരൻ മുതലായവർ)ഉത്തര കേരളത്തിലെ പാലൂർ ജൂതക്കുന്നിലെ സിനഗോഗ് ഭാരതത്തിലെ ആദ്യത്തെ ക്രിസ്തുമതദേവാലയമായിത്തീർന്നുവെന്നും മതപരിവർത്തനം ചെയ്ത യഹൂദർ ആദ്യത്തെ ഭാരതീയ ക്രൈസ്തവരുമായിതീർന്നുവെന്ന് ഫാ. ചീരൻ വ്യക്തമായി പറയുന്നു.

10. മലങ്കര നസ്രാണികളുടെ നല്ലൊരു വിഭാഗത്തിന്റെ പ്രധാന പൈതൃകം യഹൂദമാണെന്ന് ഏറെക്കുറെ അനുമാനിക്കാമെങ്കിലും, ദക്ഷിണഭാരതത്തിൽ നാലാം നൂറ്റാണ്ടിനു മുമ്പ് ശക്തിപ്രാപിച്ചിരുന്ന ജൈന, ബുദ്ധ വിഭാഗങ്ങളിൽപ്പെട്ട ദ്രാവിഡ ജനങ്ങളും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചുവെന്നും, അവരെയും നസ്രാണികൾ എന്നുവിളിച്ചിരുന്നു എന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ■



ചുറ്റുവട്ടം

പ്രൊഫ. ഡോ. ഫിലിപ്പോസ് ജോഷ്വ

# മുന്തിരിവള്ളി തേടി മാർ ക്ലീമ്മീസ്


## ശ്രേഷ്ഠാചാര്യന്മാരുടെ ഇടയിലെ പ്രകൃതിസ്നേഹിയും പ്രകൃതി സ്നേഹികളുടെ ഇടയിലെ ശ്രേഷ്ഠാചാര്യനും

അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ് തിരുമേനി സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി ചുമതല ഏറ്റെടുത്ത ശേഷം ഒന്നുമില്ലായ്മയിൽ നിന്നാണ് അവിടെ മനോഹരമായ ഒരു ആസ്ഥാനം കെട്ടിപ്പെടുത്തത്. നാലേക്കറിലധികം ഉള്ള സ്ഥലത്ത് കാപ്പി, കുരുമുളക്, ഇഞ്ചി, ചേമ്പ്, ചേന, കിഴങ്ങ്, കാച്ചി തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതോടൊപ്പം പശുവളർത്തലും അദ്ദേഹത്തിന് ഇഷ്ട വിനോദമായിരുന്നു. തൊണ്ണൂറുകളിൽ കാർഷിക സർവകലാശാലയുടെ അമ്പലവയലിലെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ജോലി ചെയ്യുന്ന കാലത്ത് പലപ്പോഴും അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിക്കുന്നതിനും അവിടുത്തെ ഭക്ഷ്യ വിളകളുടെ രുചി ആസ്വദിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ആ യാത്രയിലാണ് പ്രകൃതി സംരക്ഷണം, കൃഷി തുടങ്ങിയവയിൽ തിരുമേനിയ്ക്കുള്ള താല്പര്യം കൂടുതൽ അടുത്തറിയാൻ സാധിച്ചത്. ആ യാത്രകളിൽ ഒരു പ്രകൃതി സ്നേഹിയെ മാത്രമല്ല, ഒരു തികഞ്ഞ മനുഷ്യസ്നേഹിയും ദർശിക്കാൻ എനിക്കു സാധിച്ചു. പോകുന്ന വഴിക്ക് ഭദ്രാസനാംഗങ്ങളായ ചില പാവപ്പെട്ടവരുടെ ഭവനങ്ങൾ സന്ദർശിക്കാനും അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ബത്തേരി ഭദ്രാസനത്തിന്റെ ചുമതല ഒഴിയുന്നതിന് മുമ്പ് അവിടെ ഏതാണ്ട് പത്തേക്കറോളം സ്ഥലം അദ്ദേഹം വാങ്ങിയിരുന്നു.

തുമ്പമൺ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി ചുമതല ഏറ്റെടുത്തതിനുശേഷം പശുവിനെയും താറാവിനെയും ഒക്കെ വളർത്തുന്നത് കൂടാതെ അപൂർവ്വങ്ങളായ പല സസ്യങ്ങളും ശേഖരിച്ച് നട്ടു വളർത്തുന്നതിനും അദ്ദേഹം ശ്രദ്ധ ചെലുത്തുന്നുണ്ട്. അടുത്ത കാലത്ത് മാരാമണ്ണിൽ പമ്പാ നദീതീരത്ത് ഒരു വീടും മൂന്നേകാൽ ഏക്കറോളം സ്ഥലവും വാങ്ങി അവിടെ ഒരു റിട്രീറ്റ് സെന്റർ തുടങ്ങാനുള്ള തയ്യാറെടുപ്പിലാണ്. ആ സ്ഥലത്തുള്ള ജാതി, കൊക്കോ തുടങ്ങിയ വിളകൾക്കു പുറമേ പമ്പാ തീരത്തുള്ള ഒന്നര ഏക്കർ വരുന്ന വിരിവിൽ കൃഷി ചെയ്തിരുന്ന പാവക്ക, പയർ, ചീര തുടങ്ങിയ പച്ചക്കറി, കൃഷി മനം കുളിർപ്പിക്കുന്ന കാഴ്ചയായിരുന്നു. അടുത്ത് നടന്ന തുമ്പമൺ ഭദ്രാസന പൊതുയോഗത്തിൽ തിരുമേനി അച്ചടിച്ച് വിതരണം ചെയ്ത അധ്യക്ഷ പ്രസംഗം സുസ്ഥിരവികസനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിന്റെ മകുടോദാഹരണമാണ്. ആട് വിതരണം, കാലിവളർത്തൽ, തേനീച്ച വളർത്തൽ, തുടങ്ങിയവയ്ക്കുള്ള സഹായം, സൗജന്യ വൃക്ഷത്തൈ വിതരണം, സൗജന്യ തെങ്ങിൻതൈ വിതരണം എന്നിവ നടപ്പാക്കിയത് കൂടാതെ 30 കോടി രൂപ ചെലവിൽ 300 ഏക്കർ സ്ഥലത്ത് ക്യാമ്പ് സൈറ്റ്, കൃഷി വിജ്ഞാന കേന്ദ്രം, പുഷ്പകൃഷിത്തോട്ടം, ഔഷധ സസ്യത്തോട്ടം, നാണ്യവിളകൾ, സുഗന്ധവിളകൾ, നഴ്സറി, ടിഷ്യൂകൾച്ചർ ലാബ്, മത്സ്യകൃഷി, ഡക്ക് ഫാം, പൗൾട്രി ഫാം, മാംസ സംസ്ക്കരണം, മാതൃകാ ഡെയറി ഫാം ആദിയായവ ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് തിരുമേനി വിഭാവനം ചെയ്യുന്നത്. കൂടാതെ ദൈവാലയങ്ങൾ പരിസ്ഥിതി സൗഹൃദമാക്കണമെന്നും തിരുമേനി ആഗ്രഹിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭ പുതുതായി രൂപവൽക്കരിച്ച പരിസ്ഥിതി കമ്മീഷന്റെ ചുമതല തിരുമേനിയെ ഏൽപിക്കുക വഴി ആ സ്ഥാനം ആർഹമായ കാരണങ്ങളിൽ തന്നെയാണ് എത്തിച്ചേരുന്നത് എന്നതിൽ സഭയ്ക്ക് അഭിമാനിക്കാം.

*(ക്ലിമ്മിസ് എന്ന വാക്കിന് മുന്തിരി വള്ളിയെന്നാണർത്ഥം)* ●



# പരുമല പള്ളിക്കു സമീപം 'പരുമലപള്ളി' പണിയുന്നു

- **വിഘടിത വിഭാഗം പള്ളി പണിയുന്നത് ഗൂഢലക്ഷ്യത്തോടെ**
- **പള്ളിയുടെ പേരിൽ വ്യാജ വെബ്സൈറ്റും, പണപ്പിരിവും**
- **പെരുന്നാൾ ദിനങ്ങൾ അലങ്കോലപ്പെടുത്തുകയാണ് ലക്ഷ്യം**

ഒരു പ്രദേശത്ത് പള്ളി പണിയുന്നത് ആ ദേശത്തുള്ള സഭാ വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയാണ്. എന്നാൽ പരുമലയിൽ പാത്രിയർക്കീസ് വിഭാഗത്തിൽപെട്ട ഒരു കുടുംബം പോലും ഇല്ല. പരുമല പള്ളിയുടെ പ്രധാന കവാടത്തിന് എതിർവശത്തായി കേവലം 200 മീറ്ററിനുള്ളിൽ പരുമല തിരുമേനിയുടെ നാമത്തിൽ പരുമല പള്ളി എന്ന പേരിൽ തന്നെ ദേവാലയം പണിയുന്നത് പരുമലയിൽ ഇന്ന് നിലനില്ക്കുന്ന സമാധാന അന്തരീക്ഷം തകർക്കുന്നതിനു വേണ്ടി മാത്രമാണ്.

പരുമലയിൽ പുതിയ പള്ളി പണിയുന്നതിന് മുന്നോടിയായി പാത്രിയർക്കീസ് വിഭാഗക്കാർ ഒരു വെബ്സൈറ്റ് തുടങ്ങിയിട്ടുണ്ട്. അതിന്റെ മേൽവിലാസം "www.parumalapally.org" എന്നാണ്. ഇന്ന് ലോകത്തിൽ പരുമല പള്ളി എന്നറിയപ്പെടുന്ന് പരുമല തിരുമേനി കബറടങ്ങിയിരിക്കുന്ന ഈ പള്ളി മാത്രമാണ്. അതേ പേരിൽ തന്നെ വ്യാജ വെബ്സൈറ്റ് ഉണ്ടാക്കിയിരിക്കുന്നതും പണപിരിവ് നടത്തിക്കൊണ്ടിരിക്കുന്നതും ക്രൈസ്തവ നീതിയ്ക്ക് നിരക്കാത്തതാണ്. വിമത വിഭാഗം നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസിനെപ്പോലെയുള്ളവരുടെ ബൗദ്ധിക നീതിക്കു നിരക്കുന്നതാണോ ഇത്? പരുമല പള്ളിയുടെ പേരിൽ പണപിരിവ് നടത്തുന്നത് നീതിയോ?

പരുമല സെമിനാരിയുടെ കീഴിലുള്ള പരുമലയിലെ എല്ലാ സ്ഥാപനങ്ങളും പ. പരുമല തിരുമേനിയുടെ നാമത്തിലാണ്

1.Mission Hospital; 2. School of Nursing; 3.College of Nursing; 4. College of Social Science; 5.Cancer Institute; 6. Cardio Vascular Centre; 7. Geriatic Centre; 8. Retreat Home; 9. Auditorium; 10.De-Adiction Centre

ഈ സ്ഥാപനങ്ങളെല്ലാം തന്നെ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ നേരിട്ടുള്ള ഭരണത്തിലാണ്. പ. പരുമല തിരുമേനിയുടെ നാമത്തിൽ ഇത്രയധികം സ്ഥാപനങ്ങൾ പരുമലയിൽ തന്നെ നിലവിലുള്ളപ്പോൾ പാത്രിയർക്കീസ് വിഭാഗക്കാർ ഇതേ പേരിൽ പരുമലയിൽ പള്ളിയോ, മറ്റ് സ്ഥാപനങ്ങളോ ആരംഭിച്ചാൽ കത്തിടപാടുകളിലും ബാങ്ക് ഇടപാടുകളിലും സംഭവിക്കുന്ന പിഴവുകൾ എത്ര ദൂരവ്യാപകമായിരിക്കും? (ദേവലോകം അരമനയിൽ മലങ്കരസഭ മാസികയ്ക്കും മലങ്കരസഭ പത്രികയ്ക്കും ലഭിക്കുന്ന എഴുത്തുകൾ, ഡ്രാഫ്റ്റുകൾ, മണിഓർഡറുകൾ, ചെക്കുകൾ എന്നിവ സൂക്ഷ്മ വിശകലനത്തിനു ശേഷവും സർക്കാർ തലങ്ങളിൽ മാറിപ്പോകുന്നു എന്നുള്ളത് ഉദാഹരണം).


സാധാരണ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ പ. പരുമല തിരുമേനിയുടെ കബറിങ്കൽ പതിനായിരക്കണക്കിന് ഭക്തജനങ്ങളാണ് അനുഗ്രഹം തേടി എത്തുന്നത്. പരുമല പള്ളിയിൽ പ. പിതാവിന്റെ പെരുനാൾ നടത്താറുള്ളത് നവം. 1, 2 തീയതികളിലാണെങ്കിലും പെരുന്നാൾ കൊടിയേറ്റ് നടത്തുന്ന ഒക്ടോബർ 26 മുതൽ നവംബർ 30 വരെയുള്ള കാലഘട്ടത്തിൽ ഏറ്റവും കുറഞ്ഞത് 50 ലക്ഷത്തിലധികം ഭക്തജനങ്ങൾ എത്തിച്ചേരാറുണ്ട്. പാത്രിയർക്കീസ് വിഭാഗത്തിന് പുതിയ പള്ളി പരുമലയിൽ ഉണ്ടാവുകയും, അവരും നവംബർ 1, 2 തീയതികളിൽ പെരുന്നാൾ നടത്തുകയും ചെയ്യുമ്പോൾ പുണ്യഭൂമിയായ പരുമല ഒരു കലാപ ഭൂമിയായി തീരുമെന്നതിൽ സംശയമില്ല.

എറണാകുളം, കോട്ടയം ജില്ലകളിൽ പാത്രിയർക്കീസ് വിഭാഗക്കാരുടെ പള്ളികൾക്ക് സമീപം ഓർത്തഡോക്സ് സഭ സ്ഥലം വാങ്ങി പള്ളി പണിയുന്നതിന് അനുവാദം തേടിയപ്പോൾ ക്രമസമാധാനത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും പേരിൽ അനുമതി നിഷേധിച്ചിട്ടുള്ളതാണ്.

പരുമല പള്ളിയുടെ ആഗോള പ്രശസ്തിയിൽ അസൂയാലുക്കളായ പാത്രിയർക്കീസ് വിഭാഗക്കാർ അവരുടെ ഒരു കുടുംബം പോലും ഇല്ലാത്ത പരുമലയിൽ വിഷവിത്ത് പാകുവാൻ ഇപ്പോൾ ശ്രമം ആരംഭിച്ചിരിക്കുകയാണ്. ഇത് പരുമലയിലെ ആത്മീയാന്തരീക്ഷവും മതസൗഹാർദവും തകർക്കുന്നതിനും, തൃക്കുന്നത്ത് സെമിനാരി തുടങ്ങി മറ്റ് സ്ഥലങ്ങളിൽ പാത്രിയർക്കീസ് വിഭാഗക്കാർ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതുപോലെ ഇതിനെ ഒരു കലാപഭൂമിയാക്കാനുള്ള നീക്കമാണ് നടത്തുന്നത്.

പ. പരുമലത്തിരുമേനി അന്ത്യ വിശ്രമം കൊള്ളുന്ന പുണ്യഭൂമിയെ, അനേകർ ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന, ദേവാലയത്തെ കലാപ ഭൂമിയാക്കി മാറ്റാനുള്ള മതതീവ്രവാദികളുടെ ഗൂഢാലോചനകൾക്കെതിരെ സർക്കാർ നിരന്തര ജാഗ്രത പുലർത്തണമെന്നാണ് സഭാ നേതൃത്വം ശക്തമായി ആവശ്യപ്പെടുന്നത്. ■

ARTICLE



# MY LAUGHING JESUS! WHERE ARE YOU?

Fr. Dr. Abraham Oommen

Weeping Jesus", "Angry Jesus", but never a "laughing Jesus!". In the available pictures of Jesus, he is never portrayed as laughing. Maximum we can see is a faint smile on such pictures. Why this deliberate misrepresentation of our Lord? Would it be true if we think that jesus never laughed! Had he no sense of humour? From the brief description of him in the Gospels, there is enough to reveal that he was never a morose. He lived a perfect human life with all the emotions of the true human being. So he would have laughed, he would have smiled, he would have cracked jokes. Why don't we picture him in the jovial mood?

I Think Jesus and his disciples were the happiest lot of people who lived on earth. they had a very care free life. He insisted his followers not to worry about their food or clothing and not to set their hearts on the treasures of this world. He wanted his followers to live like the birds of the air and the lilies of the field. The parables reveal his satirical mind; for example the parable of the rich fool. Who cannot but laugh at his words, " Fool! this night your soul will be required of you..."

He uses satire when he called Herod, "the fox", He was reverse of the fierce ascetic John the Baptist. We can see comic irony in his assessment of his contemporaries in their approach to john the Baptist and him. He was referring to the popular game played by the jewish children when quoted the words of the children in the market place, saying "We played the flute for you, and you did not dance we mourned for you, and you did not lament". In that game the youth divided themselves into two group: those pretending to play musical instruments or singing, and those responding by dancing or mourning according to the nature of the song. Unlike the market boys, the leaders of the jews refused to respond to both John and Jesus. They did not like the strict life of John, they told that John had a demon as he did not eat and drink, but when Jesus came eating and drinking, they called him a "glutton and a wine monger! We can only laugh at them as Jesus did.

The greatest criticism leveled against Jesus by the jewish leaders was that he mingled with the scum of the earth, the tax-collectors, the prostitutes etc. whom the jewish "puritians" looked down with contempt. But Jesus gave an apt answer saying that he, like the physician should go near the sick who need his help.

He was an exception to the contemporary trend of social evasion or escapism like the Essenses who fled the city to the desert caves to pursue their idealistic way of life. He lived in the cities and the villages among the ordinary folks. He went for marriage and other celebrations. He came to give men the "abundant life" His birth itself brought "good tidings of great joy" for all the world. Though he suffered the crucifixion and death, his ressurection filled his disciples with great joy as well as fear. He promised that his faithful servants will "enter into his joy" at the end of the world. He told that there will be rejoicing in the heaven a sinner repents. He spoke to his followers so that their joy will be complete. He told that in they will have suffering in the world, but that will be turned into happiness. He wanted his people to ask in his name so that their joy will be full. He prayed for them while he was in the world, "that they may have (his) joy fulfilled for themselves".

The early disciples inherited this joy from their Lord. In the midst of persecution, they were filled with joy. As a result, they were singing while they were in prison. For them suffering in their lives, was not a burden but a blessing. Only christian faith could give this world, this philosophy of joy. St. Paul went to the extent of saying that "joy" is the essential charisma of the Holy Spirit.

But look at what Christians have done with the "laughing Christ"! They hid him under the bushel and projected a 'phony' Christ having a long face of utter dejection! They banished the "joyful Christ" into oblivion. They tarnished his image into that of somber, unhappy, humourless person. All the joy in believing in him has disappeard. Theologians make up theories of 'demythologization', but what about the unforgivable act of making Christ "joyless"? My laughing Jesus where have you gone? ■

ആത്മകഥ



**പ്രവാചകന്റെ വഴികൾ**

*റെയിൽവേ സ്റ്റേഷനിലും മറ്റും ഹിന്ദു പാനിയും, മുസ്ലിം പാനിയും വ്യത്യസ്തമായിട്ടാണ് ലഭിച്ചുകൊണ്ടിരുന്നത്.*

# രണ്ട് രൂപയ്ക്ക് 100 നാളീകേരം



History is fact with subjectivity അതുകൊണ്ടാണ്, ഞാൻ എന്റെ ജീവചരിത്രം എഴുതുവാൻ മടിക്കുന്നത്. ഡയറി കൃത്യമായി എഴുതുന്ന സ്വഭാവവും എനിക്ക് ഇല്ലായിരുന്നു.

മൂന്ന് ദശാബ്ദത്തിലധികം നീണ്ട ഭദ്രാസന ശുശ്രൂഷയിൽ നിന്നും, അര നൂറ്റാണ്ട് കാലത്തെ വൈദിക സെമിനാരി അധ്യാപനത്തിൽ നിന്നും വിരമിച്ച്, ഇപ്പോൾ മാവേലിക്കര മിഷൻ ട്രയിനിംഗ് സെന്ററിൽ കൂടുതൽ സമയവും വായനയും, പഠനവുമായി വിശ്രമ ജീവിതം നയിക്കുന്നു. ദൈവകൃപയാൽ 92-ാം വയസിസും സൗഖ്യത്തോടെയിരിക്കുന്നു. എന്റെ ഓർമ്മയിൽ നിന്നും ചില ഭൂതകാല സ്മരണകൾ എഴുതുകയാണ്. ബാല്യകാലത്തെക്കുറിച്ച് വ്യക്തമായ ഓർമ്മകൾ എഴുതുവാൻ വാർദ്ധക്യം അനുവദിക്കുന്നില്ല.

എന്റെ ജനനത്തീയതിയെക്കുറിച്ച് എന്നെക്കാൾ മുതിർന്ന കോശി (95 വയസ്സ്) എന്ന പിതൃസഹോദരപുത്രൻ പറയുന്നത് എനിക്ക്, 92 ലും കൂടുതൽ പ്രായം ഉണ്ടെന്നാണ്. എന്റെ സഹപാഠിയായിരുന്നു M.C. ഉണ്ണൂണ്ണി (95) എന്നോടൊപ്പം ഏഴാം ക്ലാസ്സ് വരെ പഠിച്ചയാളാണ്, ഇപ്പോൾ തിരുവനന്തപുരത്ത് വിശ്രമ ജീവിതം നയിക്കുന്നു. അദ്ദേഹവും എന്റെ പ്രായത്തെക്കുറിച്ച് സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. എന്റെ ജനനത്തീയതി പത്തിച്ചിറപ്പള്ളിയിലെ മാമോദീസാ രജിസ്റ്ററിലാണ് ഉണ്ടായിരുന്നത്, ആ രജിസ്റ്റർ നഷ്ടമായപ്പോൾ എന്റെ ജനനത്തീയതിയെ സംബന്ധിച്ച രേഖയും നഷ്ടമായി. എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി പ്രകാരം 2010 ഡിസംബർ 9-ന് ഞാൻ 93 വയസിലേക്ക് പ്രവേശിക്കുയാണ്.

എന്റെ പേരിലെ എം. വി. എന്ന ഇനിഷ്യലും തെറ്റാണ്. ജ്യേഷ്ഠൻ പുത്തൻവീട്ടിൽ ഡോ. പി. കെ. മാത്യുവാണ്. ഇളയ സഹോദരൻ പി. കെ. ജോഷായും ഏക സഹോദരി പി. കെ. കുഞ്ഞമ്മയുമാണ്. പക്ഷേ എന്റെ പേരിന്റെ ഇനിഷ്യൽ എം. വി. യായത് എങ്ങനെയാണ് എന്ന് വ്യക്തമായി അറിഞ്ഞുകൂടാ. എന്റെ പിതാവ് ഒരു കണ്ണുവൈദ്യൻ ആയിരുന്നു. സ്കൂളിൽ ചേർക്കുവാൻ ചെന്നപ്പോൾ, പിതാവിന്റെ പേര് 'മുണ്ടുവേലിൽ വൈദ്യൻ' എന്ന് പറഞ്ഞു കൊടുത്തുകാണും, അത് ലോപിച്ചായിരിക്കാം എം. വി. എന്ന് ചേർത്തത്. മറ്റൊരു ഉത്തരം ഞാൻ കാണുന്നത്. മുണ്ടുവേലിൽ എന്ന ഈഴക്കടവിലെ എന്റെ വീട്ടുപേര് 'മുട്ടേൽ'

എന്ന് വിളിക്കപ്പെട്ടിരുന്നു 'മുട്ടേൽ വൈദ്യൻ' എന്നത് ലോപിച്ചായിരിക്കാം എം. വി. എന്ന് പേരിനോടൊപ്പം ചേർത്തത്.

95-ാം വയസിൽ മരിച്ച 'എന്റെ പിതാവ് പറഞ്ഞതിൽ പ്രകാരം എന്റെ ജനനത്തീയതി പെട്ടിയിൽ ചോക്കുകൊണ്ട് എഴുതിവച്ചത് നഷ്ടമായി' എന്നാണ്. ചുരുക്കത്തിൽ ഡിസം. 9, 1918 എന്നത് എന്നെ സംബന്ധിച്ച് fact അല്ല history യാണ്: ചരിത്രം fact അല്ല എന്നതിന്റെ തെളിവാണ് രണ്ടാം ലോകമഹായുദ്ധ ചരിത്രം ഹിറ്റ്ലറും ചർച്ചിലും എഴുതിയത്.

ആത്മകഥ എഴുതുവാൻ പലരും എന്നോട് പറഞ്ഞിട്ടും ഞാൻ എഴുതാതിരിക്കുവാൻ കാരണം, മൂന്ന് ഗ്രന്ഥങ്ങൾ എന്നെക്കുറിച്ച് ഉണ്ട് എന്നുള്ളതിനാലാണ്.

1. നാലു ഭൂഖണ്ഡങ്ങളിലൂടെ നാല്പത് യാത്രകൾ. (ജർമ്മനിയിലുള്ള ദാനിയേൽ കുട്ടി എന്റെ വിവിധ ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിച്ചതാണ്)

2. എന്റെ അശീതിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണിക എന്റെ 80-ാം വയസിൽ ഫാ. ജോജി കുര്യൻ തോമസ് , ചീഫ് എഡിറ്ററായി ആയി പ്രസിദ്ധീകരിച്ചു.

3. തോമസ് നീലാർമഠം ശേഖരിച്ച് പ്രസിദ്ധീകരിച്ച 'അത് കർത്താവാകുന്നു' അമേരിക്കയിലുള്ള തമ്പാനാണ് ഇതിന്റെ ചുമതല ഏറ്റെടുത്തത്.


4. ഡോ. ജോസ് പാറക്കടവിൽ, എന്റെ ജീവചരിത്രം ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നു.

എന്റെ ബാല്യകാല സാമൂഹികവും സഭാപരവുമായ പശ്ചാത്തലവും ആധുനിക കാലവും തമ്മിൽ വളരെ അന്തരമുണ്ട്. കഴിഞ്ഞ 50 വർഷങ്ങൾകൊണ്ട് അനേക മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അന്ന് പണത്തിന് മൂല്യമുണ്ടായിരുന്നു. അദ്ധ്യാപകർക്ക് 8 രൂപ മാത്രമേ ശമ്പളം ഉണ്ടായിരുന്നുള്ളൂ എന്നാൽ 2 രൂപയ്ക്ക് 100 നാളീകേരം കിട്ടുമായിരുന്നു. വാഹന സൗകര്യം വളരെ പരിമിതമായിരുന്നു. ബാല്യത്തിൽ ഒരു സൈക്കിൾ വാങ്ങുവാൻ പോലും എനിക്ക് സാധിച്ചില്ല. ശാസ്താംകോട്ട, Teachers, Training School ൽ ഞാൻ റ്റി.റ്റി.സി. ക്ക് പഠിക്കുമ്പോൾ 30 മൈൽ നടന്നാണ് പോയിരുന്നത്. ചിലപ്പോൾ വാഹനത്തിൽ പോയിരുന്നപ്പോൾ ഇരട്ടി ദൂരം കായംകുളം വഴിപോയി കരുനാഗപ്പള്ളിയിൽ ചെന്നിട്ട് വേറെ ബസിൽ ശാസ്താം കോട്ടയ്ക്ക് പോകുമായിരുന്നു. റോഡ് സൗകര്യം തുലോം പരിമിതമായിരുന്നു.

1948-ൽ അമേരിക്കയിൽ പോയപ്പോൾ ഹോങ്കോങ് മുതൽ കാലിഫോർണിയാവരെ 18 ദിവസം കപ്പലിലാണ് യാത്ര ചെയ്തത്.

എന്റെ ബാല്യകാലത്ത് ഇവിടെ തദ്ദേശീയ സംസ്ക്കാരം ഉണ്ടായിരുന്നു. ഇന്ന് പാശ്ചാത്യ സംസ്ക്കാരം എവിടെയും നമുക്ക് കാണുവാൻ കഴിയും. തീണ്ടൽ തൊടീൽ ഉണ്ടായിരുന്ന കാലമായിരുന്നു. റയിൽവേ സ്റ്റേഷനിലും മറ്റും ഹിന്ദുപാനിയും മുസ്ലീം പാനിയും വ്യത്യസ്തമായിട്ടാണ് ലഭിച്ചുകൊണ്ടിരുന്നത്. അന്ന് ഇന്ത്യയിൽ ബിർളാ ടാറ്റ എന്നീ രണ്ട് കോടീശ്വരന്മാരേ ഉണ്ടായിരുന്നുള്ളു ഇന്ന് നൂറോളം കോടീശ്വരന്മാർ ഇന്ത്യയിൽ ഉണ്ട്. കൂട്ടു കുടുംബ വ്യവസ്ഥിതിയാണ് അന്നുണ്ടായിരുന്നത്, മാതാപിതാക്കളും കുഞ്ഞുങ്ങളും അടങ്ങുന്ന വലിയ കുടുംബങ്ങളിൽ പരസ്പരം സ്നേഹിക്കുകയും സ്നേഹം ലഭിക്കുകയും ചെയ്തിരുന്നു.

(തുടരും....)



**ലേഖനം**



ക്രിസ്തുശരീരമായ സഭയിലുള്ളതിനെക്കാൾ പരിശുദ്ധാത്മാവ് തങ്ങൾക്കു ലഭിക്കുന്നു എന്ന അവകാശ വാദം താഴ്മയിൽ നിന്നല്ല അഹന്തയിൽ നിന്നാണ്.

# ബോൺ എഗെയ്ൻ

# ആധുനിക വിരുദ്ധോപദേശം

ബ്രദർ : തോമസ് മാത്യു

സമകാലികലോകം വിവിധ ആത്മീയപ്രവണതകളുടെ പരീക്ഷണ ശാലയാണ്. പുത്തൻ ഉപദേശങ്ങളും വ്യക്തി കേന്ദ്രീകൃത ദൈവ ശാസ്ത്രവുമെല്ലാം ഇതിന്റെ ഭാഗമാണ്. അക്കൂട്ടത്തിൽ ഒരുപടി മുന്നിൽ നിൽക്കുന്നതും നമ്മുടെ യുവതലമുറയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതുമായ നൂതന വിരുദ്ധോപദേശ സംഘമാണ് ബോൺ എഗെയ്ൻ സമൂഹങ്ങൾ. ഉപരിപഠനത്തിനായി മറ്റു സംസ്ഥാനങ്ങളിലും, കോളേജുകളിലും ഹോസ്റ്റലുകളിലുമായി പഠിക്കുന്ന നമ്മുടെ വിദ്യാർത്ഥികളുടെ സുഹൃത്തുക്കളായി വരുന്ന ബോൺ എഗെയിൻ സുവിശേഷകരിൽ കൂടിയാണ് ഈ സംഘം വ്യാപിക്കുന്നത്.

**ബോൺ എഗെയ്ൻ ഭക്തിയും ഉപദേശങ്ങളും**

'ബോൺ എഗെയ്ൻ' (Born again) എന്ന പദപ്രയോഗത്തിന്റെ അർത്ഥം വീണ്ടും ജനിച്ചത് എന്നാണ്. സ്വയമായി വിശ്വസിച്ച് സ്നാനം ഏറ്റ് പരിശുദ്ധാത്മാവിനെ പ്രാപിച്ചാലേ വീണ്ടും ജനനം ആകൂ എന്ന് പഠിപ്പിക്കുന്നവരാണ് ഈ കൂട്ടം. സഭയേതായാലും പുതുക്കം മതിയെന്ന റിവൈവൽ ഭക്തിയുടെ രീതിയല്ല ബോൺ എഗെയ്ൻ ഭക്തിയുടേത്. അവർ പറയുന്നത് ശിശുസ്നാനം, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത, വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയ കാര്യങ്ങൾ വേദാനുസൃതം അല്ലെന്നും ആത്മീയ വളർച്ചയ്ക്ക് സഭ മാറിയേ തീരൂ എന്നും ചിന്തിക്കുന്നു. റിവൈവൽ ആരാധന രീതിയോടൊപ്പം രക്ഷ, വിശ്വാസം, സ്നാനം, ആത്മാഭിഷേകം മുതലായവയെക്കുറിച്ചുള്ള ചില പ്രത്യേക വ്യാഖ്യാനങ്ങളും കൂടി ചേരുമ്പോൾ ബോൺ എഗെയ്ൻ ഭക്തി ആയെന്നു പറയാം. ബോൺ എഗെയ്ൻ പഠിപ്പിക്കൽ അനുസരിച്ച് രക്ഷ ഓരോരുത്തരും അവരവർക്കു വേണ്ടി ഈ ലോകത്തിൽ വച്ച് പ്രാപിക്കേണ്ടതാണ്. എന്നാൽ ഓർത്തഡോക്സ് വിശ്വാസ പ്രകാരം രക്ഷ വ്യക്തിപരമല്ല മറിച്ച് അതു സാമൂഹ്യമാണ്. പരിശുദ്ധാത്മാവിന്റെ വ്യാപാരത്തിന് ആർക്കും നിയന്ത്രണം വയ്ക്കാനാവില്ലെങ്കിലും, ക്രിസ്തുവിന്റെ ശരീരമായ സഭയിലുള്ളതിനെക്കാൾ കൂടുതൽ തങ്ങൾക്കു ലഭിക്കുന്നു എന്ന അവകാശ വാദം താഴ്മയിൽ നിന്നല്ല അഹന്തയിൽ നിന്നാണ് ഉണ്ടാകുന്നത്. സഭാംഗങ്ങളുടെ മാതാപിതാക്കൾക്ക് ലഭിക്കുന്ന മക്കൾക്ക് പരിശുദ്ധാത്മാവിനെ പ്രാപിക്കാനുള്ള മുഖാന്തിരം സഭയുടെ കൂദാശയാണ്. അതിനെ നിരാകരിച്ചുകൊണ്ട് സ്വയം പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു എന്ന അവകാശവാദം മാതാപിതാക്കളും കുടുംബവും കൂടാതെ വ്യക്തി വികാസം പ്രാപിച്ചു എന്നു പറയുന്നതിനോട് സമാനമായിരിക്കും. താഴ്മയ്ക്ക് പകരം നിഗളമാണ് ഇവിടെ ഉണ്ടാകുന്നത്.

മുതിർന്നവരുടെ സ്നാനം പ്രാപിച്ചാൽ മാത്രമേ വീണ്ടും ജനനമാകുകയുള്ളു, അതിലൂടെമാത്രമേ രക്ഷ ലഭിക്കുകയുള്ളു എന്ന് ഈ കൂട്ടർ പഠിപ്പിക്കുന്നു. ഇത് ഓർത്തഡോക്സ് വിശ്വാസത്തിനു വിരുദ്ധവും. ക്രൈസ്തവ ജീവിതം രക്ഷയിലേക്കുള്ള വളർച്ച ആണെന്നുള്ള തത്വത്തിന് എതിരുമാണ്.

**ബോൺ എഗെയ്ൻ ഭക്തിയുടെ അപകടങ്ങൾ**

1. അപ്പോസ്തോലികമായി പ്രാപിച്ചു പരിപാലിച്ചുപോരുന്നവയെ (1 കൊരി 11:23, 2 തെസ്സ. 2:15) വ്യർത്ഥ പിതൃ പാരമ്പര്യമായി (1

പത്രോ 1:18, ഗലാ 1:14) മുദ്രയടിച്ച് തള്ളി കളയുന്നു. 2. യേശുവിന്റെ നാമത്തിനു വേണ്ടിയുള്ള കഷ്ടനഷ്ടങ്ങളാണെന്ന് വരുത്തിത്തീർക്കുന്ന നടപടികളിലൂടെ കുടുംബങ്ങളിൽ ശൈഥില്യം വിതയ്ക്കുന്നു. 3. വൈകാരിക മൂർച്ഛയിൽ അല്പ നേരത്തെങ്കിലും താളം തെറ്റിപോകുന്ന മനസിന്റെ ചില ജല്പനങ്ങളേയും തോന്നലുകളേയും പരിശുദ്ധാത്മാവിന്റെ ഭാഷണമായി പ്രതിഷ്ഠിക്കുന്നു. 4. വാങ്ങിപ്പോയ വിശ്വാസികളും, വിശുദ്ധരുടെ ഗണങ്ങളും ചേർന്ന സാക്ഷികളുടെ സമൂഹ (എബ്രാ. 12:1) ത്തിന്റെ കൂട്ടായ്മയെ നിഷേധിക്കുന്നു. ആരാധനയിൽ അവരെ അനുസ്മരിക്കുന്നത് ഒഴിവാക്കുന്നു. 5. രക്ഷയുടെ അനുഭവത്തിൽ നീതിക്കുവേണ്ടിയുള്ള പോരാട്ടവും സാമൂഹിക പ്രതിബദ്ധതയും സുപ്രധാനമാണ്. പക്ഷേ അതിനെ അവഗണിച്ച് കേവലം ആത്മരക്ഷയിൽ മാത്രം ശ്രദ്ധിക്കുന്നു. 6. പള്ളി ആരാധനയെ തിരസ്ക്കരിക്കുന്നു. യിസ്രയേൽരാജാവായ ദാവീദും (സങ്കീ :12,2:1) യേശുവും (ലൂക്കോ :4:16) വി. ശ്ലീഹന്മാരും (യോഹ :20:19-23) പൗലോസ് ശ്ലീഹായും (അപ്പോ:20:7)പള്ളി ആരാധനയ്ക്ക് പ്രാധാന്യം കൊടുത്തത് കാണുക. 7. വൈദ്യശാസ്ത്രത്തെ നിഷേധിക്കുകയും ചികിത്സയെ നിരാകരിക്കുകയും ചെയ്യുന്നു. 8. ആത്മീയത വ്യക്തിപരമാണ്. ഞാൻ നല്ലവനായി ജീവിച്ചാൽ എനിക്ക് ദൈവം അനുഗ്രഹങ്ങളെ തരും എന്ന സ്വാർത്ഥതാപരമായ ചിന്തയാണ് ബോൺ എഗെയ്ൻ വിഭാഗക്കാർ വച്ചു പുലർത്തുന്നത്. എന്നാൽ പൗരസ്ത്യ സഭയുടെ കാഴ്ചപ്പാട് നിന്റെ പിതാവ് നല്ലവനാകയാൽ നീയും അവനെപ്പോലെ ആയിത്തീരുക എന്നതാണ്. 9. ബോൺ എഗെയ്ൻ സ്നാനം ത്രിത്വത്തെ നിഷേധിച്ച് യേശുവിന്റെ നാമത്തിൽ നൽകപ്പെടുന്നു. 10. ബോൺ എഗെയ്ൻ ആകുന്നത് വചന കേൾവിയിലൂടെയാണ് എന്ന് പഠിപ്പിക്കുന്നു.

**ഉപസംഹാരം**

സഭയുടെ ആദിമ കാലം മുതൽ തന്നേ പാഷാണ്ഡോപദേശങ്ങളും വേദവിപരീതങ്ങളും ഉണ്ടായിട്ടുണ്ട്. ഇതിന്റെ ആയുസ്സ് ക്ഷണികവും ശിക്ഷണനടപടികൾക്ക് വിധേയമായിട്ടുള്ളതുമാണ്. അക്കൂട്ടത്തിൽ നവീനമായിട്ടുള്ള ഉപദേശമാണ് വീണ്ടും ജനനം എന്ന് ബോൺ എഗെയ്ൻ ഭക്തി.

*(കൊല്ലം ഭദ്രാസന സുവിശേഷകനാണു ലേഖകൻ.)*


**ST. MARY'S EMBROIDERY**

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു



ப. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവാ

*14-ാം ഓർമ്മ പെരുന്നാൾ*

(2010 നവംബർ 7, 8 തീയതികളിൽ)
ദേവലോകം അരമനയിൽ)



*Inserted by:*

(തൈക്കാട്, ഇരട്ടിനാൽ,
തണ്ടാശ്ശേരിൽ - പായിപ്ര &
വട്ടക്കുന്നേൽ - സംയുക്ത കുടുംബം)

www.vattakunnelbava.com

# മലങ്കരസഭ

# പദപ്രശ്നം

**18**

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | | | 5 |
| 6 | | | | ■ | ■ | |
| | 7 | ■ | | ■ | 8 | |
| 9 | | 10 | 11 | 12 | 13 | |
| 14 | | | 15 | | | 16 |
| 17 | | 18 | | | 19 | |
| | 20 | | | 21 | | |

## വലത്തോട്ട്

1. യഹൂദായുടെ വംശജരിൽ എസ്തോന്റെ മക്കളിൽ ഒരാൾ (3)
3. യഹോവയുടെ കല്പന പ്രകാരം ഏലിയാവ് ആരാമിനു രാജാവായി അഭിഷേകം ചെയ്തത് ഇദ്ദേഹത്തെ ആയിരുന്നു (4)
6. ദയയും വിശ്വസ്തതയും കഴുത്തിൽ കെട്ടിക്കൊള്ളുന്നവരും, ഹൃദയത്തിന്റെ പലകയിൽ എഴുതിക്കൊള്ളുന്നവരും, ദൈവത്തിൽ നിന്ന് പ്രാപിക്കുന്നതായി ശലോമോൻ പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് (3)
8. യേശുവിന്റെ പൂർവ്വികരിൽ ഒരുവൻ. ഇവൻ യോഹന്നാന്റെ പുത്രനായിരുന്നു (2)
9. ഇസഹാക്കിനു പകരം ബലികഴിക്കാനായി ആട്ടുകൊറ്റനെ ലഭിച്ച സ്ഥലത്തിന് അബ്രഹാം നല്കിയ പേര് (5)
13. ഗിദെയോന്റെ ദൂതന്മാർ തോല്പിച്ച ഒരു മിദ്യാന്യ പ്രഭു. ചെന്നായെന്നാണ് അർത്ഥം (2)
14. മുഖം എന്നർത്ഥം വരുന്ന പദം (3)
15. ദാവീദിന്റെ 30 വീരന്മാരിൽ ഒരുവനായ ഇത്ഥായിയുടെ പിതാവ്. ഇവൻ ഗിബെയയിൽ നിന്നുള്ളവനായിരുന്നു (3)
17. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ മരണത്തിനു ശേഷം ധനവാൻ അനുവദിച്ച വേദന (6)
20. യജമാനനോട് കടം പെട്ടിരിക്കുന്ന ദാസൻ കരഞ്ഞ് അപേക്ഷിച്ചപ്പോൾ യജമാനൻ കടത്തിന് ചെയ്തു കൊടുത്തത് (3)
21. ആദാം സ്ത്രീക്ക് പേരിട്ടത് പുരുഷന് ഇങ്ങനെ ഒരു നാമം ഉണ്ടയിരുന്നതിനാലാണ് (3)

## താഴോട്ട്

1. തകർന്നു കിടന്ന യരുശലേമിന്റെ പുനർ നിർമ്മാണത്തിൽ കോണിനും കാരാഗ്രഹത്തിന്റെ മുറ്റത്തോടു ചേർന്നതായി രാജധാനി കവിഞ്ഞു നില്ക്കുന്ന ഉന്നത ഗോപുരത്തിനും നേരേ അറ്റകുറ്റപണി തീർത്തയാൾ (3)
2. സേവകന്മാർ യജമാനന്മാർക്ക് ചെയ്യുന്നത് (2)
4. എസ്രായുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന സത്ഥൂവിന്റെ പുത്രൻ. ഹാശൂമിനും, നെബോവിനും ഈ പേരുള്ള പുത്രന്മാർ ഉണ്ടായിരുന്നു (3)
5. ദാവീദിന്റെ സഹോദരനായ ശിമെയയുടെ മകൻ (4)
7. പരീശപ്രമാണി മാരിൽ ഒരുത്തന്റെ ഭവനത്തിൽ വച്ച് യേശു ............ഉള്ളൊരു മനുഷ്യനെ കണ്ടു, ശാബതു ദിവസം അവനെ സൗഖ്യമാക്കി (4)
8. യേശുവിന്റെ സഹോദരനായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു പേര്. ബർന്നബാസിന്റെ മറു പേരും ഇതായിരുന്നു (2)
9. ബർബരർ, ജ്ഞാനികൾ, ബുദ്ധിഹീനർ എന്നിവർക്കൊപ്പം വി. പൗലൂസ് കടക്കാരനായിരിക്കുന്നത് ഇവർക്കാണ് (4)
10. ഫലമൂലാദികളുടെ വൃക്ഷങ്ങൾ ധാരാളമുള്ള സ്ഥലം. യോഹന്നാൻ സ്നാപകൻ ഇപ്രകാരമുള്ള സ്ഥലത്ത് താമസിച്ചു (2)
11. യിരമ്യാവ് ബെന്യാമീൻ വാതില്ക്കൽ എത്തിയപ്പോൾ അവനെ പിടിച്ച കാവല്ക്കാരുടെ അധിപതിയുടെ പേര് (4)
12. എലെയാസറിന്റെ മകനായ ഫിനെഹാസ് പന്തീരായിരം യുദ്ധസന്നദ്ധരുമായി ചെന്ന് തോല്പിച്ചു കൊന്നു കളഞ്ഞ അഞ്ചു മിദ്യാന്യ രാജക്കാന്മാരിൽ ഒരാൾ (2)
16. യിസ്രായേലിന്റെ മക്കളിൽ യിസാഖാറിന്റെ പുത്രന്മാരുടെ പേരുകൾ കുടുംബം കുടുംബമായി രേഖപ്പെടുത്തിയിരിക്കുന്നതിൽ നാലാമത്തെയാൾ (3)
18. കൊയ്തു സമയത്ത് നല്ല കോതമ്പിന്റെ കതിർ ശേഖരിച്ച ശേഷം ഇത് തീയിലിട്ടു ചുട്ടുകളയും (2)
19. മനുഷ്യന്റെ തലയെ ശോഭയുള്ള കിരീടമാക്കുന്നത് ഇതാണ്(2)

**വിജയി:- ജോമോൻ വർഗീസ്, മുംബൈ**

## പദപ്രശ്നം – 16, ശരിയുത്തരം അയച്ചവർ

2. അനു തങ്കച്ചൻ, പുനലൂർ; 3. പി. സി. അലക്സാണ്ടർ, മാവേലിക്കര; 4. അന്നക്കുട്ടി ഏബ്രഹാം, അയ്മനം; 5. അന്നമ്മ കോശി, കുമ്പനാട്; 6. സിസ്റ്റർ അന്നമ്മ, നസ്രത്ത്, കടമ്പനാട്; 7. അന്നമ്മ തോമസ്, നരിയാപുരം; 8. അന്നമ്മ ജോസഫ്, നെടുമാവ്; 9. അന്നമ്മ മത്തായിക്കുട്ടി, നാസിക്ക്; 10. അന്നമ്മ ചാക്കോ, നിരണം; 11. പി. വി. അന്നമ്മ, പരിയാരം; 12. അന്നമ്മ ചെറിയാൻ, പുത്തൻകാവ്; 13. അമ്മിണി കോശി, ആറ്റുവ; 14. അമ്മിണി സക്കറിയ, പഴഞ്ഞി; 15. അമ്മിണി കുഞ്ഞൂഞ്ഞ്, തലവൂർ; 16. അമ്മിണി യോഹന്നാൻ, ഉള്ളന്നൂർ; 17. ആൻ മറിയം കോശി, കടമ്പനാട്; 18. ആനി ചെറിയാൻ, തിരുവല്ല; 19. ആനി സക്കറിയ, തിരുവനന്തപുരം; 20. ആലീസ് നൈനാൻ, എരുമേലി; 21. ആലീസ് ഏബ്രഹാം, കോയമ്പത്തൂർ; 22. ഏലമ്മ ഏബ്രഹാം, കോയമ്പത്തൂർ; 23. എലിസബത്ത് മാത്യു, കരിക്കം; 24. കെ.സി.എലിസബത്ത് തമ്പി, കൊച്ചിൻ-36; 25. എലിസബത്ത് തോമസ്, കൊട്ടാരക്കര; 26. കെ. കെ. ഏബ്രഹാം പനയമ്പാല; 27. ഏലിയാമ്മ പൗലോസ്, വയനാട്; 28. ഏലിയാമ്മ ജോർജ്, മിറാ റോഡ്; 29. ഏലിയാമ്മ തോമസ്, നിരണം; 30. ഏലിയാമ്മ ജോർജ്, കുരീപ്പള്ളി; 31. ഏലിയാമ്മ തോമസ്, കുമ്പഴ; 32. ഏബ്രഹാം വർഗീസ്, ബുധനൂർ; 33. ഏലിയാമ്മ സക്കറിയ, കൊൽക്കത്ത; 34. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ; 35. ഏലിയാമ്മ യോഹന്നാൻ, ബോറിവില്ലി, മുംബൈ-92; 36. ബെൻസി വിത്സൻ, നരിയാപുരം; 37. ബെന്നിക്കുട്ടി കെ. പത്തനാപുരം; 38. ബേബി ഡേവിസ്, കോട്ടയം; 39. ബേബി വർഗീസ്, കോട്ടയം; 40. ബീനാ ജോണി, ഹരിപ്പാട്; 41. ചിന്നമ്മ ജോൺ, തിരു. 11; 42. ഡാനിയേൽ കൊച്ചുകുഞ്ഞ്, അരുണാചൽ പ്രദേശ്; 43. ഗ്രേസ് വർഗീസ്, ഹെബ്ബാൾ, ബാംഗ്ലൂർ-24; 44. എം. എം. ജോർജ്, പാത്താമുട്ടം; 45. ജോർജ് ചെറിയാൻ, നരിയാപുരം; 46. ജോർജ് ജോൺ, പാമ്പാക്കുട; 47. ഹണി ജോൺ, പൂന-40; 48. റ്റി. ജി.

*ശേഷം 19–ാം പേജിൽ*

**പദപ്രശ്നം–16–ശരിയുത്തരം**

| | | | | | | |
|---|---|---|---|---|---|---|
| 1 കാ | 2 നോ | നി | 3 ക | 4 അ | ൽ | 5 വാ |
| 6 സി | ഫ് | 7 മോ | ത്ത് | ന് | ■ | ങ്ങി |
| ഫി | ■ | 8 സേ | 9 ലാ | 10 മേ | 11 ഉ | പ്പ് |
| ■ | 12 അ | ര | 13 ബാ | 14 നി | സ്സി | ■ |
| 15 അ | ടി | 16 യ | ൻ | 17 സൂ | 18 ഗീ | 19 സോ |
| 20 മാ | 21 നീ | സോ | ■ | 22 വാ | തം | വ |
| 23 സ | തി | ൻ | 24 തൈ | ർ | 25 സൂ | ർ |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക: ഫാ. തോമസ് മാത്യു, കൊട്ടാരക്കര ഫോൺ: 9847555113)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം–38**

ഉത്തരങ്ങൾ അയയ്ക്കേണ്ട
അവസാന തീയതി : 10-11-2010




**BRIDE GROOM WANTED**

Proposals invited for my daughter 24, 5'4", B.Tech, Orthodox, fair and employed in Infosys, from parents of professionally qualified Christian Grooms based at South India. Please respond with Biodata and latest Photo:

E-mail: varghesekk@rediffmail.com

**Phone: 09879430284/09879540284**

**BRIDE WANTED**

Parents belonging to ancient Orthodox family from Kottayam invite marriage proposals for thier son working in Qatar (B.E., MBA) 28 years. Marriage annualled within few days. God fearing, loving and caring girls with degree (BSc, Bcom, MBA,MCA) also. Preference to priests daughters and those who are in Qatar. The boy in fair and simple.

**Contact No. 0481- 2352147, 9744992822**

**BRIDE WANTED**

## Re-Marriage

Orthodox Parents seek alliance for their son 34, 167, MCA working in IT Company, Bangalore from Parents of Employed / Qualified Christian Girls

**Phone-0469-2661423**

**BRIDE WANTED**

Orthodox Parents invite proposals for their son, M.Tech, 30/182, Project Leader, MNC Bangalore. Seeks alliance from parents of educated/ employed girls. Contact with bio-data and recent photos to

**email: proposalthomas12@gmail.com**

**Phone-0495-2770710**


# ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C Medical Mission Eye Hospital, Kariambadi P.O., Pin-673591,Wayanad, Kerala, India**

മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986 – ൽ ആരംഭിച്ചു. പരിശുദ്ധ ദിദിമോസ് കാതോലിക്കാബാവാതിരുമേനി പ്രസിഡന്റും രക്ഷാധികാരിയുമാണ്. അഭിവന്ദ്യ അബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനിയാണ് ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്.

തിമിരം ബാധിച്ച് കാഴ്ച നഷ്ടപെട്ട് ചികിത്സിക്കാൻ മാർഗ്ഗമില്ലാത്തവരെ സഹായിക്കുവാനാണ് ഗിവ്സൈറ്റ് പ്രോജക്ട് ആരംഭിച്ചത്. ഇതിനകം ആയിരങ്ങൾക്ക് ആശ്വാസം പകർന്ന് കാഴ്ച നല്കാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥമുണ്ട്. ഈ മഹത്തായ യത്നത്തതിൽ ഞങ്ങളോട് സഹകരിച്ച എല്ലാവരോടും ഏറെ നന്ദിയുണ്ട്. ഈ പ്രോജക്ട് വഴി ഇതിനകം 4986 താക്കോൽ ദ്വാര തിമിര ശസ്ത്രക്രിയ ഇൻട്രാഒക്കുലർ ലെൻസിട്ട് സൗജന്യമായി നടത്തിയിട്ടുണ്ട്. കൂടാതെ മറ്റുവിവിധ തരത്തിലുള്ള 4245 ശസ്ത്രക്രിയകൾ വേറെയും അർഹതപെട്ടവർക്ക് സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 14,56,546 രൂപയുടെ സൗജന്യ ചികിത്സ നടത്തുകയുണ്ടായി. 1990 മുതൽ ഇതുവരെയുള്ള കാലത്ത് ഒന്നര കോടിയിൽ ഏറെ രൂപയുടെ സൗജന്യ ചികിത്സയാണ് ഈ ആശുപത്രി വഴി നടന്നത്.

ഗിവ് സൈറ്റ് പ്രോജക്ടിൽ സന്മനസുള്ള ആർക്ക് വേണമെങ്കിലും പങ്കാളികളാകാം, എത്ര ശസ്ത്രക്രിയകൾ വേണമെങ്കിലും സ്പോൺസർ ചെയ്യവുന്നതുമാണ്. ഇതുവരെ ഓരോ ശസ്ത്രക്രിയക്കും 1000 രൂപ വീതം വച്ചായിരുന്നു സ്പോൺസർ നിരക്ക്. എന്നാൽ ഇപ്പോൾ ആശുപത്രിയുടെ പ്രവർത്തന ചെലവുകൾ വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ഇപ്പോഴുള്ള നിരക്ക് 2000 രൂപയായി വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് ദയവായി മാന്യ സഹോദരങ്ങൾ തുടർന്നും ഈ കാര്യത്തതിൽ ഞങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിക്കുന്നവരുടെ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതുമാണ്

ജന്മ ദിനം വിവാഹദിനം, ഓർമ്മദിനം, ആദ്യശമ്പള ദിനം, പ്രൊമോഷൻ ലഭിച്ച ദിനം ഓർമ്മിക്കുക ഒരന്ധനു കാഴ്ച നല്കുന്നതിലൂടെ കർത്താവിനു പ്രസാദകരമായ ഒരു ജീവകാരുണ്യ പ്രവർത്തി ചെയ്യാം. **F.C.R.A** അംഗീകാരവും **80 G** ഇൻകംടാക്സ് ഇളവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡിഡി/എംഒ/ആയി അയക്കേണ്ട വിലാസം

**TREASURER, GIVESIGHT PROJECT, M.O.S.C. MM. EYE HOSPITAL, P O KARIAMBADI, WAYANAD, KERALA, INDIA, PIN 673591**

വെരി.റവ. അബ്രഹാം മാത്യു എടയകാട്ട് കോർഎപ്പിസ്ക്കോപ്പാ (സെക്രട്ടറി ഗവേണിംഗ് ബോർഡ്)



# വിശ്വാസപാഠം

Study of Faith

**വി. കുർബ്ബാനയിൽ വി. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതൻ ജനങ്ങളെ ആദിയോടന്തം ആശിർവദിക്കുന്നതും സമാധാനം കൊടുക്കുന്നതുമൊക്കെ "വലതുവശം" തിരിഞ്ഞാണ്. എന്നാൽ വി. കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുമ്പോൾ "ഇടതുവശം" തിരിയുന്നു. കാരണമെന്ത്?**

**– കെ. ജോസഫ്, കലയപുരം**

വി. കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുമ്പോൾ മാത്രമല്ല ഇടതുവശം തിരിയുന്നത്; വി. ഏവൻഗേലിയോൻ വായനയിലും ധൂപക്കുറ്റി വാഴ്‌വിന്റെ സമയത്തും ഒക്കെ ഇടതുവശം തിരിഞ്ഞാണ് വരുന്നത്. കാരണം ഇവിടെയൊക്കെ കർത്താവിന്റെ വരവുമായി (ഒന്നാമത്തെയോ രണ്ടാമത്തെയോ) ബന്ധപ്പെട്ട ആശയങ്ങൾ അടങ്ങിയിരിക്കുന്നു. അതുകൊണ്ട് ആ സമയങ്ങളിലെ ശുശ്രൂഷകൾ മറ്റു സമയങ്ങളിൽ നിന്നു വ്യത്യസ്തമായി മറുബഹസാകളുടെയും മണികളുടെയും മെഴുകുതിരികളുടെയും ഒക്കെ അകമ്പടിയോടെ ആഘോഷത്തോടെ നടത്തുന്നതുമാണ്. ഇവിടെയൊക്കെ പ്രദക്ഷിണങ്ങളുടെ പ്രതീതിയാണ് ദൃശ്യമാകുന്നത്. ഏവൻഗേലിയോൻ വായനയെ ചെറിയ വരവ് (little entrance) എന്നും വി. കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുന്നതിനെ വലിയ വരവ് (great entrance) എന്നും പുരാതന ക്രൈസ്തവ പാരമ്പര്യങ്ങളിൽ വിളിക്കാറുണ്ട്. നമ്മുടെ പാരമ്പര്യത്തിൽ ദുഃഖവെള്ളിയാഴ്ചയിലെ പ്രദക്ഷിണങ്ങളൊഴികെ ബാക്കി സമയങ്ങളിൽ നടത്തുന്ന പ്രദക്ഷിണങ്ങളൊക്കെ ഇടതുവശം തിരിഞ്ഞു വലതു വശത്തുകൂടി അകത്തു പ്രവേശിക്കുന്നതാണല്ലോ! ആ പതിവു തന്നെയാണ് വി. കുർബ്ബാനയിലും സംഭവിക്കുന്നത്.

വി. കുർബ്ബാനയിലെ സമാധാനാശംസയും ആശിർവാദവുമൊക്കെ പ്രദക്ഷിണ കാഴ്ച്ചപ്പാടിൽ നിന്ന് അല്പം വ്യത്യസ്തത പുലർത്തുന്നവയാണല്ലോ! അതുകൊണ്ടാണ് ഈ വ്യത്യാസം ദൃശ്യമാകുന്നത്.

– മാർ ദിയസ്ക്കോറോസ്
മെത്രാപ്പോലീത്ത.

## പദപ്രശ്നം

*17-ാം പേജിൽ നിന്നു തുടർച്ച...*

ജേക്കബ്, അഴൂർ, പത്തനംതിട്ട; 49. ജയമോൻ പി. ചെറിയാൻ, വിശാഖപട്ടണം; 50. ജോളി ജോസഫ്, ഊന്നുകൽ; 51. ജെനി ഡാനിയേൽ, പത്തനംതിട്ട; 52. കുമാരി കെ. ചാക്കോ, തിരു.-4; 53. കുഞ്ഞുമോൾ ജോർജ്, കാർത്തികപള്ളി; 54. കുഞ്ഞമ്മ പൈലി, കൊലഞ്ചേരി; 55. കുഞ്ഞമ്മ വർഗീസ്, കൊട്ടാരക്കര; 56. ലതാ രാജു, പറക്കോട്; 57. ലാലി കുരിയാച്ചൻ, തഴവ; 58. ലിസി വർഗീസ്, തിരുവല്ല-1; 59. ലിനി വർഗീസ്, കുന്നംകുളം; 60. ലീലാമ്മ തോമസ് പണിക്കർ, കുണ്ടറ; 61. ലീലാമ്മ കുര്യൻ പുതുപ്പള്ളി; 62. ലീലാമ്മ ജോർജ്, ജലഹള്ളി; 63 ലീലാമ്മ മാത്യു, തൃക്കണമംഗൽ; 64. ലീലാമ്മ മാത്യു, തേവലക്കര; 65. ലില്ലിക്കുട്ടി കെ. കുളത്തൂപ്പുഴ; 66. ലില്ലിക്കുട്ടി മാത്യു, കൊച്ചറ; 67. അഡ്വ. ലൈലാ പോൾ, തിരു.; 68. മറിയാമ്മ പിലിപ്പോസ്, അടൂർ; 69. മറിയാമ്മ മാത്യു, കുണ്ടറ; 70. മറിയാമ്മ വർഗീസ്, ആനിക്കാട്; 71. മറിയാമ്മ സൈമൺ അംബർനാഥ്; 72. മറിയാമ്മ തോമസ്, ഇലവുംതിട്ട; 73. മേരിക്കുട്ടി ദാനിയേൽ, തലച്ചിറ; 74. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 75. മേരിക്കുട്ടി അലക്സാണ്ടർ, തിരു.; 76. മോളി മാത്യു, അന്ത്യാലൻകാവ്; 77. മോളമ്മ തോമസ്, അമയന്നൂർ; 78. മിനി സഖറിയ, കുണ്ടറ; 79. മിനി സാമുവേൽ, നാസിക്; 80. ഓമന ചാക്കോ, നിരണം; 81. പൊന്നമ്മ ജോയി, കറ്റാനം; 82. റാഹേലമ്മ തോമസ്, തുവയൂർ സൗത്ത്; 83. രഞ്ചിനി റെജി, കളമശ്ശേരി; 84. റീഷാ സാറാ കുറിയാക്കോസ്, ബാംഗ്ലൂർ; 85. റേച്ചൽ ഏബ്രഹാം, പൂനൈ; 86. റെനു ഷാബു, നാസിക്; 87. റാഹേലമ്മ വർഗീസ്, തുരുത്തിക്കാട്; 88. സാറാമ്മ തമ്പി, കോയമ്പത്തൂർ; 89. സാറാമ്മ തോമസ്, ദൂർഗ്, ഭിലായ്; 90. സാറാമ്മ ഐസക്, ആറ്റുവ; 91. സാറാമ്മ കുഞ്ഞുമോൻ, ആയൂർ; 92. സാറാമ്മ യോഹന്നാൻ, ഏനാത്ത്; 93. ശോശാമ്മ തോമസ്, കൈതക്കോട്; 94. ശാന്തമ്മ കുരുവിള, കൊൽക്കത്ത; 95. സുനിത സാഷിൻ, പാലക്കാട്; 96. സുജ മോൻസി, ബാംഗ്ലൂർ; 97. സുജ ജോർജ്, നാസിക് ; 98. ഷൈനി ജോൺസൺ, ഏനാത്ത്; 99. ഷിനു ഫിലിപ്പ്, മുംബൈ; 100. സൂസൻ മാത്യു, കൊച്ചി; 101. സൂസമ്മ രാജൻ, കൊൽക്കത്ത; 102. സൂസമ്മ മാത്യു, നാരങ്ങാനം; 103. തങ്കമ്മ ഏബ്രഹാം കോടുകുളഞ്ഞി; 104. വി. എ. തോമസ്, കറ്റാനം; 105. ഉണ്ണി വർഗീസ്, തിരുവല്ല; 106. വത്സമ്മ ഫിലിപ്പ് വെണ്ണിക്കളം; 107. എ. കെ. വർഗീസ്, അറുനൂറ്റിമംഗലം; 108. വത്സമ്മ ഫിലിപ്പ്, കുമ്പഴ; 109. വർഗീസ്, തോമസ്, പുനലൂർ; 110. റ്റി. വി. യോഹന്നാൻ, മുംബൈ; 111. യോഹന്നാൻ വർഗീസ്, പത്തനാപുരം; 112. സക്കറിയ യോഹന്നാൻ, വടകോട്. ■


## WANTED LECTURERS

**St. Mary's College, Sulthan Bathery**
**Wayanad Dist. Kerala, Pin-673592**

(NAAC Accredited with B Plus Grade)
Phone: 04936-220246

www.stmaryssby.org

*Applications are invited for the following vacancies.*

**Department and number of posts: (Open Merit)**

| | | |
|---|---|---|
| Commerce | - | 3 Vacancy |
| Physics | - | 4 Vacancy |
| English | - | 1 Vacancy |
| Computer Science | - | 4 Vacancy |

Qualification & Age : As prescribed by the University of Calicut/ Govt. of Kerala/UGC.

Apply in the prescribed form available in the college office on payment of Rs. 100/- in cash or Rs. 125/- by M.O. only, to the Principal within 30 days of this notification. Those who have applied before need not apply.

# കൽക്കത്ത സെന്റ് തോമസ് ഓർത്തഡോക്സ് കത്തിഡ്രൽ

19, സ്മിത്ത് ലേയിൻ, കൊൽക്കത്ത–700 013

# സഹായ പദ്ധതി –2010–11

കൽക്കത്ത സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലും ഒ.എ സ്.സി.ബി. ചാരിറ്റബൾ ഡിസ്പെൻസറി ഫണ്ടും സംയുക്തമായി ഈ വർഷം നടത്തുന്ന ചികിത്സ/വിദ്യാഭ്യാസം എന്നീ ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ 30 നവംബർ 2010–ന് മുമ്പായി താഴെ കാണുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

**നിബന്ധനകൾ:**

ചികിത്സാ സഹായത്തിനപേക്ഷിക്കുന്നവർ രോഗ വിവരങ്ങളുടെ രേഖകൾ, ഡോക്ടറുടെ സാക്ഷിപത്രം, സ്ഥലത്തെ ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശ കത്ത് എന്നിവ സഹിതം അപേക്ഷിക്കണം.

വിദ്യാഭ്യാസ സഹായത്തിനപേക്ഷിക്കുന്നവർ ഇപ്പോൾ പഠിക്കുന്ന സ്ക്കൂൾ/കോളേജിലെ രേഖാ മൂലമുള്ള വിവരങ്ങൾ, സ്ഥലത്തെ ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശ കത്ത് എന്നിവ സഹിതം അപേക്ഷിക്കണം.

**അപേക്ഷിക്കേണ്ട വിലാസം: (ഏതെങ്കിലും ഒന്നിൽ)**

**The Vicar**
Calcutta St. Thomas Orthodox Cathedral
19, Smith Lane
Kolkata-700 013

**The Secretary**
O.S.C.B & Charitable Dispensary Fund
19, Smith Lane,
Kolkata-700 013

വനിതാസഭ



സ്ത്രീകൾ
സഭയിൽ

പ്രൊഫ. മേരി കുര്യൻ

''സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായ പ്രമാണവും പറയുന്നതുപോലെ കീഴടങ്ങി ഇരിപ്പാനന ല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല.''
– (1 കൊരി. 14:34)

# മിണ്ടാതിരിക്കട്ടെ



തുലാവർഷം ഇക്കുറി കാലേ ക്കൂട്ടി എത്തി. പെയ്തൊഴിയാത്ത മഴ മേഘങ്ങളായ് മാനം മുഴുവൻ. മഴ കൂസാതെ ഞങ്ങൾ മാവേലിക്കരയിൽ വാഹനം ഇറങ്ങി. സെന്റ് പോൾസ് ആശ്രമത്തിന്റെ പടി കടന്നു. മാർ ഒസ്താത്തിയോസ് പിതാവുമായി ഒരു അഭിമുഖത്തിന് എത്തിയതാണ്. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോ സിന്റെ സ്ത്രീപക്ഷ ചിന്തകൾക്ക് ഒരാ മുഖം ഒരുക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

പ്രഭാതം പൊട്ടിവിടർന്നതേയുള്ളൂ. ആശ്രമത്തിലെങ്ങും സാർത്ഥകമായ ഒരു നിശബ്ദത നിറഞ്ഞു നില്ക്കു ന്നു. കോലായിൽ വന്ദ്യ പിതാവ് ഇഷ്ടശിഷ്യരുടെ മദ്ധ്യത്തിൽ പ്രഭാത ദിനപത്രങ്ങൽ വായിച്ചു കേൾക്കാ നുള്ള തിടുക്കത്തിലാണ്. ഞങ്ങളെ അദ്ദേഹം തന്നോടൊപ്പം പ്രഭാത ഭക്ഷ ണത്തിനു ക്ഷണിച്ചു.

ഞങ്ങൾ വരാന്തയിൽ കാത്തിരു ന്നു. അറിവിന്റെ ഹിമവത്ശൃംഗങ്ങ ളിൽ വിഹരിക്കുന്ന ഋഷി തുല്യനായ ഈ 'അത്രൈതി'യുമായി, സംവാദം ആരംഭിക്കേണ്ടതെങ്ങനെയാണ്.... ഒരുൾക്കിടിലം....

പ്രാതൽ കഴിഞ്ഞ് കൃത്യസമ യത്തദ്ദേഹം മടങ്ങിയെത്തി. ആസനസ്ഥനായി. സെക്രട്ടറി ശെമ്മാ ശൻ ബൈബിളും കമന്ററിയുമായി ചാരത്തിരുന്നു. തിരുമേനി അപ്പച്ചൻ മെല്ലെ തന്റെ ഹൃദയം തുറന്നു... മാർ ഒസ്താത്തിയോസിന്റെ മൊഴി മുത്തു കൾ, ഞങ്ങൾ പകർത്തികൊണ്ടിരു ന്നു. അനവധി ചോദ്യങ്ങൾക്കദ്ദേഹം മറുപടി പറഞ്ഞു.

അഭിമുഖത്തിലെ ആദ്യ ചോദ്യവും, അതിന് അദ്ദേഹം കനിഞ്ഞു നല്കിയ വിശദീകരണവുമാണ് ഇന്ന് ഇവിടെ പങ്കുവയ്ക്കുന്നത്.

? ''സൃഷ്ടിസമത്വത്തിന്റെ ഒരു പാട്ടുകാരനാണ് മാർ ഒസ്താത്തിയോസ് എന്ന് ഞങ്ങളും കേട്ടിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയിൽ ഇപ്പോഴും സ്ത്രീകൾക്ക് വോട്ടവകാശം പോലും ലഭിച്ചിട്ടില്ല. “സ്ത്രീകൾ സഭാ യോഗ ങ്ങളിൽ മിണ്ടാതിരിക്കട്ടെ” എന്ന് പ. പൗലോസ് ശ്ലീഹാ കല്പിക്കുന്നുണ്ട്. ഇതു തന്നെയാണോ ഇന്നും നമ്മുടെ സഭയുടെ ഔദ്യോഗിക നയം?

അല്ല. സ്ത്രീ സഭയിൽ മിണ്ടാതി രിക്കാൻ പൗലോസ് അപ്പൊസ്തലൻ പറഞ്ഞതെങ്കിൽ, അത് അദ്ദേഹത്തിന്റെ സ്വകാര്യ വേദശാസ്ത്രമാണ്. വ്യക്തി പരമായ ചിന്തയാണ്. ക്രിസ്തുവിന്റെ ദർശനം മറിച്ചാണ്. മലങ്കര സഭയുടെ ഔദ്യോഗിക ഭാഷ്യമല്ല ഇത്. കൊരിന്ത്യ സഭയുടെ പ്രത്യേക പശ്ചാത്തലത്തിൽ, അദ്ദേഹം പറഞ്ഞ ഈ അഭിപ്രായം സാർവ്വത്രികമായി അംഗീകരിക്കേണ്ട തില്ല. ഇതിനെ വിമർശനാത്മകമായി കാണണം. സഭയിൽ സംസാരിക്കരു തെന്ന് സ്ത്രീകളെ വിലക്കുന്ന മറ്റു ഭാഗങ്ങൾ വേദപുസ്തകത്തിൽ കാണു ന്നില്ലല്ലോ?

പൗലോസ് പറഞ്ഞതിനല്ല; ക്രിസ്തു പറഞ്ഞതിനാണ് ഒന്നാം സ്ഥാനം നൽകേണ്ടത്. ക്രിസ്തു ഉയിർത്തെഴുന്നേറ്റ സദ്വർത്തമാനം പത്രോസിനോടും മറ്റു ശിഷ്യന്മാരോടും പോയി പറയാനാണ്, മഗ്ദലന മറിയ യോട് യേശു ആവശ്യപ്പെടുന്നത്. മിണ്ടാ തിരിക്കാനല്ല പറഞ്ഞത്. പൗലോ സിന്റെ ഹീബ്രു–സെമറ്റിക് പശ്ചാത്ത ലമായിരിക്കാം ഈ വിവക്ഷയ്ക്കു കാര ണം. എന്നു മാത്രമല്ല, നമുക്ക് ലേഖ നങ്ങളെക്കാൾ പ്രാധാന്യം സുവിശേഷ ത്തിനാണ്. Gospel is more Christ centred.

യേശുക്രിസ്തു സ്ത്രീകളെ ഗൗരവ ത്തോടെ പരിഗണിച്ചു. അവന് സ്ത്രീ

ശിഷ്യകളുമുണ്ടായിരുന്നു. സഭ ക്രിസ്തു കേന്ദ്രീകൃതമാണ്. പുരുഷനോട് ഒപ്പ മുള്ള സ്ഥാനമാണ് സ്ത്രീകൾക്ക് സഭ കല്പിച്ചു നൽകുന്നത്.

വേറെ എന്തെല്ലാം പൗലോസ് ശ്ലീഹാ പറഞ്ഞിട്ടുണ്ട്. സ്ത്രീകൾ പുരുഷന്മാർക്ക് കീഴടങ്ങി ഇരിക്കണം. പ്രാർത്ഥിക്കുമ്പോൾ സ്ത്രീ തല മൂടണം. പുരുഷൻ തല മൂടാതിരിക്കുകയും വേണം. എന്നാൽ സഭയിൽ വൈദികർ തല മൂടുന്നില്ലേ? അത്, പൗലോസിന്റെ കല്പന ലംഘിക്കാനല്ല. വൈദികരുടെ സ്ഥാനചിഹ്നമായി സഭ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടാണ് യഥാർത്ഥത്തിൽ നമ്മുടെ സ്ത്രീകൾ ആരാധനാ വേളയിൽ തലമൂടുന്നത്, പൗലോസ് അങ്ങനെ എഴുതിയതു കൊണ്ടല്ല. നമ്മുടെ ജീവിത ശൈലിയുടെ ഭാഗമായതു കൊണ്ടാണ്. സഭ ക്രിസ്തുവിന്റെ ഗാത്രമാണ്; ക്രിസ്തു കേന്ദ്രീകൃതമാണ്. സ്ത്രീകൾക്ക് പുരുഷന്മാരോട് തുല്യമായ സ്ഥാനമാണ് കർത്തൃ ശരീരത്തിലുള്ളത്. വി. പൗലോസ് തന്നെ ഗലാ. 3:28-ൽ അംഗീകരിക്കുന്നുണ്ട്. എങ്കിൽ പിന്നെ സഭ പുരുഷ കേന്ദ്രീകൃതമായതെങ്ങനെ???

അഭിമുഖത്തിനിടയിൽ അഭി. തിരുമേനി പരിക്ഷീണനായതുപോലെ. ഒരു വിശ്രമ വേളയ്ക്കായി സെക്രട്ടറി ജോമോനച്ചൻ, തിരുമേനിയെ വിശ്രമ മുറിയിലേക്ക് ആനയിച്ചു. ശിഷ്യരുടെ കയ്യും പിടിച്ച് ശ്രേഷ്ഠ ഗുരു നടന്ന കലുന്നത് നിർനിമേഷരായി ഞങ്ങൾ നോക്കി നിന്നു. അദ്ദേഹം നടന്നകലുമ്പോഴും ഞങ്ങളുടെ മനസ്സും വചസ്സും ആ താപസ ശ്രേഷ്ഠന്റെ വാക്കുകളിലും ആശയങ്ങളിലും കുരുങ്ങി കിടന്നു...

ഞങ്ങളുടെ ചിന്ത കാടുകയറി... പൗലോസിന്റെ സ്ത്രീകളോടുള്ള നിർദ്ദേശം (സഭയിൽ മിണ്ടാതിരിക്കണം) ക്രിസ്തേതരം ആയതുപോലെ (സ്ത്രീ സുവിശേഷം അറിയിക്കണം) എത്ര എത്ര ദൈവ വചനങ്ങളാണ് കാലപ്പഴക്കത്തിൽ വ്യാഖ്യാന പിഴവിൽ തെറ്റിദ്ധരിക്കപ്പെട്ടത്.

യഹൂദസംസ്ക്കാരത്തിലെ സ്ത്രീ പക്ഷാഭേദം വിശുദ്ധ പൗലോസി

ലൂടെ കാലാന്തരത്തിൽ ക്രിസ്തുമതത്തിന്റെ ഭാഗമായതും...

അതുവഴി അത് ദൈവപ്രതിനിധികൾ നിഷ്കർഷിച്ചിട്ടുള്ളതായി കരുതുന്നതും....

അത് ദൈവത്തിന്റെ നിർദ്ദേശമാണ് എന്ന ധാരണ പ്രബലമാകുന്നതും...

അവയെല്ലാം, മനുഷ്യന്റെമേൽ ദൈവത്തിന്റെ ശാഠ്യങ്ങളായും നിയമങ്ങളായും, മതം അടിച്ചേല്പിക്കുന്നതും...

ഇത്തരത്തിലുള്ള പല സമകാലിക ദുരന്തങ്ങൾക്കും (കുരിശുയുദ്ധം, ജീഹാദ്, പ്രവാചക നിന്ദ, ഷറിൻ മദിഹായുടെ ബുർഖ ഭീഷണി etc) വഴി വയ്ക്കുന്നതും ഞങ്ങളുടെ മനോമുകരത്തിലൂടെ മിന്നി മറഞ്ഞു.

രണ്ടായിരം വർഷത്തിനു മുൻപു നടന്ന, സമാനമായ ഒരു സംഭവം മനസ്സിൽ തിങ്ങി നിറഞ്ഞുനില്ക്കുന്നു (മത്താ. 19:8). യേശു ഒരിക്കൽ തന്റെ ശിഷ്യരുമൊത്ത് യോർദ്ദാൻ അക്കരെ യഹൂദ ദേശത്തിന്റെ അതിരോളം എത്തി. വാക്കിൽ കുടുക്കാൻ, പരീശന്മാർ അവന്റെ അരികിൽ ഓടിയെത്തി. "ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ" എന്ന് യേശുവിനെ പരീക്ഷിച്ച് അവർ ചോദിച്ചു. യേശു അത് നിഷേധിച്ചു. പാടില്ലെന്ന് കല്പിച്ചു. യഹൂദമതത്തിൽ തന്നെ വളർന്ന യേശു പറഞ്ഞത്. ദൈവം അങ്ങനെ പറഞ്ഞിട്ടില്ലാ മോശ അപ്രകാരം പറഞ്ഞത് ജനത്തിന്റെ നിർബന്ധത്തിനു വഴങ്ങിയാണ്; ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർ പിരിക്കരുത്, എന്നാണ്. പില്ക്കാലത്ത് പൗലോസിനു പിണഞ്ഞതും (മോശയെപ്പോലെ) ഇതുതന്നെയായിരിക്കും. ■


**12TH DEATH ANNIVERSARY**
**28-10-2010**



**EASO ANDREWS (KUNJUMON)**

**7TH DEATH ANNIVERSARY**
**24-07-2010**



**MARIAMMA ANDREWS**

**OOLAMACKAL, PULICKAL KAVALA**

***Inserted by:***

**Ponnamma, Leenu, Lijo**

*For Favours Received*







Sachin Thomas, Mannil, Soorat





A Believer

# 36-ാം ചരമദിനം
# 30-10-2010



## വന്ദ്യ ദിവ്യ ശ്രീ. യൂഹാനോൻ റമ്പാൻ
### ബേത്‌ലഹേം ആശ്രമം, ചെങ്ങമനാട്



36–ാം ചരമദിനം റമ്പാച്ചന്റെ മാതൃ ഇടവകയായ ആയൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ ആചരിക്കുന്നു. രാവിലെ 7 മണിക്ക് വി. മൂന്നിന്മേൽ കുർബാനയും ധൂപ പ്രാർത്ഥനയും തുടർന്ന് അനുസ്മരണ സമ്മേളനവും നടക്കും.

– ആദരാഞ്ജലികളോടെ
ആയൂർ കൊന്നയിൽ കുടുംബയോഗം

# നമ്മിലൊരാൾ From Our Church

## ഡോ. സി. തോമസ്

**ഒമാൻ രാജാവ് നേരിട്ട് പൗരത്വം നൽകിയ മലയാളി ഡോക്ടർ**



രൂപ വൈകല്യങ്ങളെ രൂപ ഗുണമുള്ളതാക്കി രൂപാന്തരപ്പെടുത്തുന്ന ചികിത്സാ രീതിയാണ് പ്ലാസ്റ്റിക് സർജറി.

പ്ലാസ്റ്റിക് സർജറി രംഗത്ത് ലോകം അറിയപ്പെടുന്ന നാമമാണ് ചോനാ തോമസ് എന്ന ഡോ. സി. തോമസ്. വിശിഷ്ട സേവനത്തെ മുൻനിർത്തി ഒമാൻ പൗരത്വം നേടിയ സി. തോമസ് മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വസ്ത ഭടനാണ്. മസ്ക്കറ്റ് മാർ ഗ്രിഗോറിയോസ് ഇടവക അംഗമായി സഭാശുശ്രൂഷകളിൽ സജീവമായി പങ്കെടുക്കുന്ന അദ്ദേഹത്തിന്റെ മാതൃ ഇടവക കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് ദേവാലയമാണ്.

1972–ൽ ഒമാനിലെത്തിയ ഡോ. സി. തോമസ് ഇപ്പോൾ ഒമാനിൽ, പ്ലാസ്റ്റിക് സർജറി രംഗത്ത് പ്രസിദ്ധമായ കൂല ഹോസ്പിറ്റലിൽ സീനിയർ കൺസൾട്ടന്റായും, പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ തലവനായും സേവനം അനുഷ്ഠിക്കുന്നു. അതോടൊപ്പം ഡോ. സി. തോമസ് ഒമാനിലെ അസോസിയേഷൻ ഓഫ് പ്ലാസ്റ്റിക് സർജൻസിന്റെ പ്രസിഡന്റായും നേട്ടങ്ങൾ കൈവരിക്കുന്നു. അദ്ദേഹം IPRAS (International, federation of plastic Reconstructive and Aesthetic Surgery) ന്റെ ഒമാനിലെ ദേശീയ പ്രതിനിധിയാണ്. G.C.C. (Gulf Co-operative countries) യുടെ മൻ പ്രസിഡന്റായിരുന്നു.

ബ്രിട്ടൻ, അമേരിക്ക ഇൻഡ്യ തുടങ്ങിയ രാജ്യങ്ങളിലെ പ്ലാസ്റ്റിക് സർജൻമാരുടെ അസോസിയേഷനുകളിൽ അംഗമാണ്.

നിരവധി പുരസ്കാരങ്ങൾ ഇതിനകം ഡോ. സി. തോമസിനെ തേടിവന്നിട്ടുണ്ട്. ഒമാനിലെ സുൽത്താൻ കബൂസ് ബിൻ–സെയ്ദ്–അൽസെയ്ദ് 1991–ൽ ഒമാനിലെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് ഒമാൻ എന്ന പദവി നൽകി ആദരിച്ചു. കൂടാതെ ഒമാനിലെ വൈദ്യശാസ്ത്ര മേഖലകളിൽ നൽകിയ മികച്ച സേവനങ്ങൾക്ക് ഒമാൻ പൗരത്വവും നൽകി–

ബിരുദപഠനത്തിനു ശേഷം 1966–ൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് M.B.B.S. ഉം, 1971–ൽ ജനറൽ സർജറിയിൽ ബിരുദാനന്തര ബിരുദവും നേടി. 1981–ൽ യു.കെ. യിലെ റോയൽ കോളജ് ഓഫ് സർജൻസ് ഓഫ് എഡിൻബർഗിൽ നിന്നു FRCS (fellow of the Royal College of Surgeons) ഉം അമേരിക്കയിലെ college of surgeons–ൽ നിന്ന് F.A.C.S. ഉം കരസ്ഥമാക്കി. ഒമാനിലെ മെഡിക്കൽ വിദ്യാർത്ഥികൾക്കായി Hand book of plastic surgery എന്ന പുസ്തകം എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് സർജറിയുമായി ബന്ധപ്പെട്ട് നൂറിലധികം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൈപ്പട്ടൂർ കല്ലുതുണ്ടിൽ കുടുംബാംഗമായ ഡോ. സി. തോമസിന്റെ സഹധർമ്മിണി കോഴഞ്ചേരി പുളിനിൽക്കുന്നതിൽ കുടുംബാംഗമായ ശാന്താ തോമസ് പാചക വിദഗ്ധയാണ്. മക്കൾ: ഡോ. ടെനി ജോൺ തോമസ്, ഡോ. ടെജി മാത്യു തോമസ് എന്നിവർ അമേരിക്കയിൽ സേവനം അനുഷ്ഠിക്കുന്നു.

*– വിനു ശെമ്മാശൻ*

## ഗോൾഡൻ ക്ലബ്ബിൽ



നൂറിലധികം വരി ക്കാരെ ചേർത്ത് ഗോൾഡൽ ക്ലബിൽ അംഗമായ മനോജ് ഈപ്പൻ. പൂന, ചിൻചാഡ് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം. ഇടവകയുടെ സജീവ പ്രവർത്തകൻ. മലങ്കര അസോസിയേഷൻ പ്രതിനിധി. കേന്ദ്ര ഗവണ്മെന്റ് ജീവനക്കാരൻ. **ഫോൺ: 09623728264**



നൂറിലധികം വരി ക്കാരെ ചേർത്ത് ഗോൾഡൽ ക്ലബിൽ അംഗമായ ചാക്കോ വർഗീസ് (ഷാജി) പൂന സെന്റ് മേരീസ് ഇട വക കമ്മറ്റിയംഗം. കേന്ദ്ര ഗവണ്മെന്റ് ജീവനക്കാരൻ. **ഫോൺ: 09860066187**



ഇരുനൂറിലധികം വരി ക്കാരെ ചേർത്ത് ഗോൾഡൽ ക്ലബിൽ അംഗമായ അനു ഫിലിപ്പ്, ഓതറ സെന്റ് ജോർജ് ഇടവ കാംഗം. മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരി. **ഫോൺ: 9947459850**

## ഗോൾഡ് മെഡൽ



ജബൽപൂർ റാണി ദുർഗാവതി യൂണിവേ ഴ്സിറ്റിയൽ നിന്നും എം. എസ്സി കെമിസ്ട്രിക്ക് ഗോൾഡ് മെഡൽ നേടിയ അന്നമ്മ മാത്യു. ഭോപ്പാൽ ഇടവക വികാരി ഫാ. എം. ജെ. മാത്യുവിന്റെ സഹധർമ്മിണി.

## ഒന്നാം റാങ്ക്



അഖില മലങ്കര ഓർത്തഡോക്സ് മർത്തറിയം വനിതാ സമാജം പൊതുപരീ ക്ഷയിൽ ബോംബെ ഭദ്രാസനത്തിൽ നിന്നും ഒന്നാം റാങ്കു നേടിയ മിസ്സിസ് പൊന്നമ്മ മാത്യു, പൂനാ, കട്കി സെന്റ് തോമസ് ഇടവകാംഗം പി. ഡി. മാത്യു ക്കുട്ടിയുടെ പത്നി.




കൈക്കുടന്ന


# പിന്മാറ്റം

- പൊതുവഴി. രണ്ട് പേർ ശണ്ഠ കൂടുന്നു. ഒരാൾ അപരനോട്:– ‘എടാ മഹാപാപി, നീ എന്നെ ഒന്ന് പറഞ്ഞാൽ എന്നിൽ നിന്ന് നീ പത്തെണ്ണം കേൾക്കേണ്ടി വരും.’
അതുവഴി കടന്നു പോവുകയായിരുന്നു റൂമി അതിൽ ഇട പെട്ടു. “സഹോദരാ, വല്ലതും പറയണമെന്നുണ്ടെങ്കിൽ എന്നോട് പറഞ്ഞു കൊൾക. എന്നെ ആയിരം പറഞ്ഞാലും എന്നിൽ നിന്ന് ഒന്നും കേൾക്കേണ്ടി വരികയില്ല.” അത് കേട്ട് ലജ്ജിച്ച് വഴക്ക് നിർത്തി രണ്ടുപേരും അവരവരുടെ വഴിക്ക് പിരിഞ്ഞുപോയി.
- ഇത്തരത്തിലുള്ള മനുഷ്യരൊക്കെ ജീവിച്ചിട്ടുള്ള ഭൂമി യിൽത്തന്നെയാണല്ലോ പാർക്കുന്നതെന്ന വിചാരം പോലും നമ്മെ ലജ്ജിപ്പിക്കണം. തീർച്ചയായും, നമുക്കെന്തെങ്കിലും അറി വുകൾ സമ്മാനിച്ചിട്ടുള്ളവരുടേതെല്ലാം ഒറ്റയടിപ്പാതകളാ ണല്ലോ! ഒന്നോർത്തു നോക്കിയാൽ, ഒരല്പം ഒഴിഞ്ഞ് നിൽക്കാൻ നേരമായിട്ടുണ്ടെന്ന് തോന്നുന്നില്ലേ. പ്രധാന നിര ത്തുകളിലെ തിരക്കുകൾ സ്വസ്ഥത കെടുത്താറില്ലേ... മുഖ്യധാര കൾക്ക് സ്വച്ഛത നല്കാനാവില്ല എന്നുണ്ടോ? എന്തേ, ജീവിത ത്തിന്റെ സമാന്തരപാതകൾക്ക് ഇത്ര ലാവണ്യം? അതി ജീവന ത്തിന്റെ അനശ്വരപാതകൾ ഒറ്റപ്പെട്ടതാണോ, അവയെ ഒറ്റപ്പെടു ത്തിയതാണോ; അറിയില്ല..!
- ശരിക്കും, ഒറ്റയാന്മാർക്ക് ഭ്രാന്താണ്. ആയുസ്സിന്റെ നടവഴികളിൽ വന്നു ചേരുന്നവർക്കെല്ലാം ഹൃദയത്തിൽ ഒരു വാൾ സമ്മാനി ക്കുന്ന ഭ്രാന്ത്... അപരിചിതരുടെ അടുപ്പക്കാരനാവുന്ന ഭ്രാന്ത്... ദുഷ്ടന്മാരുടെ മേൽ മഴ പെയ്യിക്കുന്ന ഭ്രാന്ത്... ഏയ്.... നിങ്ങൾക്ക് പറ്റിയതല്ല നാട്... നിങ്ങൾ കാടിനുള്ളിലേക്ക് കയറി പ്പോകണം. കാട് നിന്നെ തണുപ്പിക്കും. തീ പിടിച്ച നിന്റെ വിചാ രങ്ങളെ മഞ്ഞു തുള്ളികൾ കൊണ്ടുമ്മവയ്ക്കാൻ ഇനിയുമേറേ പുൽനാമ്പുകൾ അവിടെയുണ്ട്.
- പോകണം..., ഉള്ളിന്റെയുള്ളിലേക്ക്. ഒരു വാനപ്രസ്ഥം... അത് എല്ലാവർക്കും നിയതമായ ഇടവേളകളിൽ ഉണ്ടാവേണ്ടതുണ്ട്. അധികാരവും സമ്പത്തും കലഹവും കാമനകളും മാത്രമല്ലാതെ മറ്റു ചിലതുകൂടെ ഈ ഭൂമിയിലുണ്ടെന്ന് കാണാൻ വേണ്ടിയെ ങ്കിലും ഒരു പിന്മാറ്റം അനിവാര്യമാണ്. ഉവ്വ്, ഈ മണ്ണിൽ ഇപ്പോഴും മരങ്ങളും അതിൽ കിളികളുമുണ്ട്. പൂവുകളും അതിൽ പൂമ്പാറ്റകളുമുണ്ട്. പുഴകളും അതിൽ ജീവനുമുണ്ട്.
- സത്യമായും, വേറിട്ട വഴികൾക്ക് നാം കരുത്ത് കാട്ടേണ്ട നേരമെ ത്തിയിരിക്കുന്നു, സ്നേഹിതാ...!
- “അവന്റെ ചാർച്ചക്കാർ അതു കേട്ട് അവന് ബുദ്ധി ഭ്രമം ഉണ്ട് എന്ന് പറഞ്ഞ് അവനെ പിടിപ്പാൻ വന്നു” (മർക്കോ. 3:21)

\- സഖേർ

# വിയോഗത്തിന്റെ 3ാം വാർഷികം...






Inserted by

**KOLKOTTA DIOCESE & BHILAI MISSION**

# വിയോഗത്തിന്റെ 3ാം വാർഷികം...






Inserted by

KOLKOTTA DIOCESE & BHILAI MISSION



വിളയുന്ന
വയലുകൾ



# കൊൽക്കത്തയുടെ വയലുകളിൽ വെളിച്ചം

ഡോ. ജോസഫ് മാർ ദിവന്നാസിയോസ്
(കൊൽക്കത്ത ഭദ്രാസനം)

കൊൽക്കത്ത ഭദ്രാസന പ്രഥമ മെത്രാപ്പോലീത്താ അഭി. ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമനസ്സിന്റെ **3-ാം** ഓർമ്മപ്പെരുന്നാൾ **നവംബർ 4, 5** തീയതികളിൽ അദ്ദേഹം കബറടങ്ങിയ ഭിലായ് സെന്റ്തോമസ് ആശ്രമത്തിൽ ആചരിക്കുകയാണല്ലോ. മലങ്കരസഭയ്ക്ക് ഉത്തരഭാരതത്തിൽ ശ്രേഷ്ഠമായ അസ്തിത്വം ഉണ്ടാക്കുന്നതിൽ അഭി. തിരുമേനി വഹിച്ച പങ്ക് അതുല്യമാണ്. നാഗ്പൂർ മുതൽ നാഗാലാൻഡ് വരെ വ്യാപിച്ചുകിടക്കുന്ന അതീവ വിസ്തൃതമായ ഈ ഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് അദ്ദേഹം ധീരമായ സംഭാവനകൾ അർപ്പിച്ചിട്ടാണ് കടന്നുപോയത്. പ്രാർത്ഥനയും കഠിനാദ്ധ്വാനവും മാത്രം കൈമുതലാക്കിക്കൊണ്ട് ശൂന്യതയിൽ നിന്നാണ് അദ്ദേഹം ഭദ്രാസനത്തെ സൃഷ്ടിച്ചത് എന്നു പറയുന്നതിൽ അതിശയോക്തിയില്ല. ഉൾനാടൻ ഗ്രാമങ്ങളിലും ചേരികളിലുമൊക്കെ മാർത്തോമാ ശ്ലീഹാ ഭാരതത്തിനു നൽകിയ ദിവ്യപ്രകാശവുമായി കടന്നു ചെന്ന പിതാവ് കാൽ ശതാബ്ദകാലത്തെ മഹാപൗരോഹിത്യ ശുശ്രൂഷയിൽ അദ്ദേഹം നിരവധി വൈദീകരെ സഭയ്ക്കായി വിളിച്ചടുപ്പിക്കുകയും സുവിശേഷത്തിന്റെ മുന്തിരിത്തോപ്പിലേക്ക് അയയ്ക്കുകയും ചെയ്തിട്ടാണ് നിത്യതയിലേയ്ക്ക് യാത്രയായത്. ഭൗതീകദേഹം താൻ ജീവിച്ച മണ്ണിന് അനുഗ്രഹത്തിനായി സമർപ്പിച്ചു കൊണ്ട് കടന്നുപോയ ഈ പുണ്യപിതാവിന്റെ ജ്വലിക്കുന്ന ഓർമ്മകൾക്കു മുമ്പിൽ നമുക്ക് നമ്രശിരസ്ക്കരാകാം.

**വെരി. റവ. മത്ഥ്യാസ് റമ്പാൻ കോർഎപ്പിസ്ക്കോപ്പ**
**(കൽക്കത്ത ഭദ്രാസന സെക്രട്ടറി)**

## നവസാരഥ്യം

ദയറാ ജീവിത സൗമ്യതയും, പാണ്ഡിത്യവും വിനയവും കൊണ്ട് അനുഗ്രഹീതനായ അഭി. ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഇച്ഛാ ശക്തിയോടുകൂടിയ പ്രവർത്തനങ്ങൾ ഭദ്രാസനത്തിന് പുത്തനുണർവ്വായിരുന്നു. ഉത്തരേന്ത്യയിൽ അഭി. തിരുമേനി പുതുമുഖമാണെങ്കിലും, മാർ തേവോദോസിയോസ് തിരുമേനിയുടെ മിഷൻ ദർശനങ്ങൾക്ക് കാലാനുസൃതവും പ്രസക്തവുമായ ഒരു പിന്തുടർച്ച അഭി. ദിവന്നാസ്യോസ് തിരുമേനിയിലൂടെ ഭദ്രാസനത്തിനു ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന് അഭിമാനപൂർവ്വം സാക്ഷിക്കട്ടെ. മറ്റു ഭദ്രാസനങ്ങളിൽ നിന്ന് വ്യത്യസ്തമായി, സ്ഥാപന കേന്ദ്രീകൃതമാണ് ഈ മെത്രാസനം. മുമ്പ് നമ്മുടെ സഭാംഗങ്ങൾ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് വ്യാപകമായി കുടിയേറിയിരുന്നെങ്കിൽ ഇന്ന് അവർക്ക് തിരികെ നാട്ടിലേക്കോ മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്കോ മെട്രോ സിറ്റികളിലേക്കോ, മാറുവാനുള്ള ഒരു വ്യഗ്രത പ്രകടമാണ്. പുതിയ ദേവാലയങ്ങൾ സ്ഥാപിക്കുവാനും മറ്റും അഭി. തിരുമേനിയുടെ നേതൃത്വത്തിൽ കൊൽക്കത്താ ഭദ്രാസനം ഒറ്റക്കെട്ടായി മുന്നോട്ടു നീങ്ങുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ ഭദ്രാസനത്തിലെ തൊണ്ണൂറുശതമാനം ദേവാലയങ്ങളും, ഒട്ടെല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അഭി. തിരുമേനി സന്ദർശിച്ചു കഴിഞ്ഞിരിക്കുന്നു. സന്ദർശനവേളയിൽ അഭി. തിരുമേനിയുടെ വിശുദ്ധ ആരാധനകളും പണ്ഡിതോചിത പ്രഭാഷണങ്ങളും, ഇതരമതസ്ഥരുടെ ഇടയിൽ പോലും നമ്മുടെ സഭയെക്കുറിച്ചു മതിപ്പ് ജനിപ്പിക്കുന്നു. വൈദികർക്ക് സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള സാമ്പത്തിക സംവിധാനം ഉറപ്പുവരുത്തിക്കൊണ്ട് തിരുമേനി ചുമതല ഏറ്റെടുത്തതിനെ തുടർന്ന് ഭദ്രാസനത്തിലെ വൈദികരുടെ ശമ്പളം കാലാനുസൃതമായി പരിഷ്ക്കരിക്കുകയുണ്ടായി എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്.

**മക്കോഡിയ –കോർബാ വയലുകൾ**

വിവിധ കാരണങ്ങളാൽ മന്ദഗതിയിലായിരുന്ന മക്കോഡിയ മിഷൻ ശക്തമായി മുന്നോട്ടു പോകുവാനുള്ള പദ്ധതികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. അഭി. തിരുമേനി പല തവണ മക്കോദിയ മിഷൻ സന്ദർശിക്കുകയും അവിടുത്തെ പ്രവർത്തനങ്ങൾ വിശദമായി പഠിക്കുകയും ചെയ്തതിനു ശേഷം പുതിയ ക്രമീകരണങ്ങൾ നടപ്പിൽ വരുത്തി യിട്ടുണ്ട്. വടക്കേ ഇന്ത്യൻ മിഷൻ പശ്ചാത്തലമുള്ള ശ്രീ. പി. ജെ. ഏബ്രഹാമിന് വൈദികപട്ടം നൽകി അഭി. തിരുമേനി മുഴുവൻസമയ മാനേജരായി നിയമിക്കുകയും, ഭൗതീകസാഹചര്യങ്ങളുടെ വർദ്ധനവിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. അവിടെയുള്ള മറ്റു ക്രൈസ്തവ വിശ്വാസികൾ മലങ്കര സഭയിൽ കൂടിനടക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. കോർബാ എന്ന് സ്ഥലത്ത് അക്രൈസ്തവ സമൂഹങ്ങൾപോലും നമ്മുടെ ആരാധന യിലും പ്രാർത്ഥനകളിലും പങ്കെടുക്കുന്നു എന്നത് അവിടുത്തെ നമ്മുടെ ദേവാലയത്തിന്റെയും സ്കൂളിന്റേയും പ്രവർത്തനങ്ങൾ മാതൃകാപരമാണ് എന്നതിന്റെ ദൃഷ്ടാന്തമാണ്.

**കൊണ്ടഗാവ് – റാഞ്ചി**

കൊണ്ടാഗാവ് എന്ന സ്ഥലത്ത് നമ്മുടെ സഭാംഗങ്ങളായ ഏതാനും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. സ്വന്തമായ ഒരു ആരാധനാസ്ഥലം അവരുടെ ഏറ്റവും വലിയ സ്വപ്നമായിരുന്നു. കത്തോലിക്കാ മൈനർ സെമിനാരിയുടെ കെട്ടിടം വാടകയ്ക്കു എടുത്താണ് വിശുദ്ധ കുർബ്ബാനയും മറ്റ് ആത്മീയാവശ്യങ്ങൾക്കും അവർ ഉപയോഗിച്ചിരുന്നത്. എന്നാൽ അഭിവന്ദ്യ ദീവന്നാസ്യോസ് തിരുമേനി പ്രത്യേകം മുൻകൈ എടുത്ത് സ്വന്തമായി സ്ഥലം വാങ്ങുകയും ഒരു ചെറിയ ദേവാലയവും, സ്ത്രീകൾക്കായി തയ്യൽപരിശീലനകേന്ദ്രവും സ്ഥാപിക്കുകയും ചെയ്തു. അതുപോലെ അഭി. തിരുമേനി റാഞ്ചി ഇടവക സന്ദർശിച്ചപ്പോൾ പള്ളിയുടെ ഉടമസ്ഥതയിലുള്ള സ്കൂൾ മറ്റു ചിലരാണ് (Private Parties) നടത്തുന്നതെന്ന് മനസ്സിലാക്കുകയും അതവസാനിപ്പിച്ച് ഇടവക മാനേജിംഗ്കമ്മറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ നടത്തുവാനുള്ള ക്രമീകരണങ്ങൾ സത്വരമായി സൃഷ്ടിക്കുകയും ചെയ്തത് എടുത്തു പറയത്തക്ക നേട്ടമാണ്. ഇതേ ഇടവകയ്ക്ക് ദാനമായി ലഭിച്ച സ്ഥലത്ത് പള്ളിക്ക് സ്വന്തമായി ഒരു സെമിത്തേരി സ്ഥാപിക്കുവാൻ കഴിഞ്ഞത് വടക്കേ ഇന്ത്യൻ പശ്ചാത്തലത്തിൽ ശ്രദ്ധേയമായ നേട്ടമാണ്. ബാഹ്യകേരളത്തിലുള്ള ബഹുഭൂരിപക്ഷം ഇടവകകൾക്കും സ്വന്തമായി സെമിത്തേരി ഇല്ല എന്നതുകൂടി പരിഗണിക്കുമ്പോൾ ഇടവകയ്ക്ക് ലഭിച്ച ദൈവകരുണ എത്രയോ വലുതാണ്.

**ജംഷഡ്പൂർ**

ടാറ്റാ നഗറിൽ (ജംഷഡ്പൂർ) നമ്മുടെ വിശ്വാസികളുടെ ഒരു കോൺഗ്രിഗേഷൻ ഉണ്ടെങ്കിലും ഒരു ദേവാലയം എന്ന അവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ഇതുവരെ സാധിച്ചിരുന്നില്ല. എന്നാൽ ടാറ്റാ ഗ്രൂപ്പിൽ നിന്ന് ലീസിന് ലഭിച്ച സ്ഥലത്ത് ഒരു ദേവാലയവും സ്കൂളും ആരംഭിക്കുവാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അഭി. തിരുമേനിയുടെ നേതൃത്വത്തിൽ തുടങ്ങിക്കഴിഞ്ഞു.

**കിഴക്കൻ സംസ്ഥാനങ്ങൾ**

ത്രിപുര, നാഗാലാൻഡ്, മിസോറാം, അരുണാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പുതിയ ദൈവാലയങ്ങളും സ്ഥാപനങ്ങളും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഭിവന്ദ്യ തിരുമേനി പുതിയതായി വൈദികപട്ടം നൽകിയ പുരോഹിതരെ മേൽ സ്ഥലങ്ങളിലുള്ള ഇടവകയുടെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു കഴിഞ്ഞിരിക്കുന്നു.

**പ്രാർത്ഥനയ്ക്കായി...**

ഭദ്രാസനത്തിലെ യുവജന സമൂഹത്തിന് മാർഗ്ഗദർശനം നൽകുന്ന ഒരു കൗൺസ്ലിംഗ് സെന്റർ, അഭിവന്ദ്യ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ സ്വപ്നമായിരുന്ന കോൺവെന്റ്, എന്നിവയ്ക്കുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞിരിക്കുന്നു. ഇവ ഫലപ്രാപ്തിയിലെത്തിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഉജ്ജ്വലനായ പ്രഭാഷകൻ, പ്രശസ്ത നായ പരിസ്ഥിതി ദൈവശാസ്ത്രജ്ഞൻ, പണ്ഡിതനായ ഗുരുശ്രേഷ്ഠൻ, പ്രഗത്ഭനായ എഴുത്തുകാരൻ തുടങ്ങിയ നിലകളിലുള്ള അഭിവന്ദ്യ ഡോ. ജോസഫ് മാർ ദീവന്നാ സ്യോസ് തിരുമേനിയുടെ സുധീരവും നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ ഭദ്രാസനത്തിന്റെ വളർച്ചയ്ക്കു മുതൽക്കൂട്ടാകാൻ നമുക്ക് പ്രാർത്ഥിക്കാം.

## PROGRAMME

**Oct. 31st Sunday:**

8 a.m. - Holy Qurbana, 9.30 a.m. - Kodiyettu (Flag hosting).

7.30 a.m. Holy Qurbana (Pathamuttom Sleeba Church) : H.G. Dr. Joseph Mar Dionysius; 10.00 Commemmoration meeting.

**Nov. Ist Monday :**

6.00 p.m. -Evening Prayer, 6.45 p.m.- Mar Theodosius Speech by the Sunday School Students.

**Nov. 2nd Tuedsay :**

7.00 a.m. - Holy Qurbana, 6.45 a.m. - Devotional address by Fr. Raju Thomas.

**Nov. 3rd Wednesday :**

7.00 a.m. - Holy Qurbana, 6.45 p.m. - Devotional address by Fr. P.S. Varghese.

**Nov. 4th Thursday :**

7.00 am. - Holy Qurbana, Diocesan Annual General Body Meeting; 6.00 p.m.- Raasa from M.G.o. Cathedral, Bhilai; 7.00 p.m. - Memorial Speech by Fr. Dr. Bijesh Philip (Principal, St. Thomas Orthodox Theological Seminary Nagpur)

**Nov. 5th Friday :**

7.00 a.m. - Morning Prayer, 8.00 a.m. Holy Qurbana by H.G. Dr. Joseph Mar dionysius (Metropolitan of Calcutta Diocese); 11.00 a.m. Anniversary of St. Thomas Mission Bhilai; 12.30 p.m. - Lunch.; 2.00 p.m. - Clergy conference. ■



## നിങ്ങൾ പറയുന്നത്

### ചരിത്ര വ്യാഖ്യാനം

മലങ്കരസഭയുടെ ഓഗസ്റ്റ് മാസത്തെ എഡിറ്റോറിയൽ ഏറെ പ്രാധാന്യമർഹിക്കുന്നു. ചരിത്രത്തോടും ജ്ഞാനസിദ്ധാന്തങ്ങളോടും നിരാസപൂർണ്ണമായ ഒരു സമീപനം പുലർത്തുന്ന ഇക്കാലത്ത് വർത്തമാനകാല ചരിത്ര വ്യാഖ്യാനങ്ങളിലെ ദുരുദ്ദേശ്യത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് പ്രസക്തിയുണ്ട്. കൊളോണിയൽ വ്യാഖ്യാനരീതിയിലെ വസ്തുനിഷ്ഠതയെ ശാസ്ത്രങ്ങൾ പോലും ഒരു പരിധിവരെ പിന്തുടരുന്നുണ്ട്. എന്നാൽ സമീപകാല ചരിത്രാന്വേഷണങ്ങളും പരാമർശങ്ങളും കൊളോണിയൽ മൂല്യബോധം പോലും പുലർത്തുന്നില്ല. മലങ്കര ഓർത്തഡോക്സ് സഭയൊഴികെ കേരളത്തിലെ മറ്റെല്ലാ സഭകൾക്കും കേവലം 411 വർഷത്തിനകത്തെ ചരിത്രം മാത്രം അവകാശപ്പെടാവുന്നവയാണ് അതായത് ഉദയംപേരൂർ സുന്നഹദോസിനുശേഷമുണ്ടായ സഭകൾ. ഇത് ഒരു ചരിത്രവസ്തുതയായിരിക്കെ രണ്ടായിരം വർഷത്തെ പാരമ്പര്യം അവകാശപ്പെടാനുള്ള ആവേശം പുതുപ്പണക്കാരന്റെ പാരമ്പര്യമോഹം പോലെയുള്ള ഒരു വിലകുറഞ്ഞ ഏർപ്പാടാണ്. വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ ക്രൈസ്തവ സഭയ്ക്ക് തനത് ഹൈന്ദവമതവുമായും രാജ്യത്തെ ഭരണവ്യവസ്ഥയുമായും ഏറെ ചാർച്ച പുലർത്തിയിരുന്ന മലങ്കര നസ്രാണികളുടെ പതിനാറാം നൂറ്റാണ്ടുവരെയുള്ള ചരിത്രം വിസ്മരിക്കാനാവില്ല. പോർട്ടുഗീസ് അധിനിവേശത്തെ തുടർന്ന് പ്രൊട്ടസ്റ്റന്റ് വഴിക്കും നിരവധി സഭകൾ കേരളത്തിൽ പൊട്ടിമുളയ്ക്കപ്പെട്ടിട്ടുണ്ട്. ആധികാരിക ചരിത്രപുസ്തകമായ 'കേരള സംസ്ക്കാരചരിത്രനിഘണ്ടു'വിൽ ഇങ്ങനെ കാണുന്നു.

"മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് – എ.ഡി. 52–ൽ സെന്റ് തോമസ് ശ്ലീഹാ സ്ഥാപിച്ചു പഴയ സുറിയാനി ക്രിസ്ത്യാനികൾ കേരളം എന്ന അർത്ഥത്തിലാണ് മലങ്കര എന്ന് ഉപയോഗിക്കുന്നത്" പേജ് 284, 285 Vol II "റോമ സുറിയാനി– കൂനൻ കുരിശു സത്യത്തിൽ നിന്ന് പിന്മാറി പോപ്പിനെ സ്വീകരിച്ചവർ'' പേജ് 659 vol II "ലത്തീൻസഭ–1886 സെപ്റ്റംബർ 1–ന് ലിയോ മൂന്നാമൻ മാർപ്പാപ്പ തിരുവെഴുത്തുവഴി ഇൻഡ്യയിൽ സഭാ ഭരണകൂടം സ്ഥാപിച്ചു" പേജ് 433 vol II ''മാർത്തോമ്മാ സുറിയാനി 1879–ൽ സുറിയാനി സഭയിൽ നിന്ന് പിരിഞ്ഞു വന്നവർ ഉണ്ടാക്കിയ നവീകരണ സഭ" പേജ് 333 vol II.

തുടർന്നുണ്ടായ പല സഭകളും സ്ഥാപിത താല്പര്യങ്ങൾ തൊഴിൽ, ഭക്ഷണം എന്നിവയ്ക്കുവേണ്ടിയുള്ള പിരിഞ്ഞുപോകലും കൂടിചേരലുമൊക്കെയായതിനാൽ അവ ചരിത്രത്തിൽ കാര്യമായി ഇടം നേടുന്നില്ലെന്ന് കാണാം. എന്നാൽ ഇവയിൽ പലതും മലങ്കര, മാർത്തോമ, സുറിയാനി, കാതോലിക്ക തുടങ്ങിയ പേരുകളും സ്ഥാനങ്ങളും എടുത്തു പ്രയോഗിക്കുന്നുണ്ട്. ഇത്തരം പദങ്ങൾക്കും, സ്ഥാന പേരുകൾക്കും മലങ്കര ഓർത്തഡോക്സ് സഭ പേറ്റന്റ് നേടേണ്ടിയിരിക്കുന്നു അത്തരം ഒരു ആർജവം ഉണ്ടാകാത്ത പക്ഷം രണ്ടായിരം വർഷം പഴക്കമുള്ള മലങ്കരസഭയെ അപ്പാടെ വിഴുങ്ങാൻ കോർപ്പറേറ്റ് ചരിത്രകാരൻമാർ തയ്യാറായേക്കും.

**ഡോ. എം. എസ്. പോൾ**

### പരുമലപ്പള്ളി

പാത്രിയർക്കീസ് വിഭാഗത്തിലെ ചിന്താശേഷിയുള്ള ഒരാളായാണ് ഡോ. ഗീവർഗീസ് മാർ കൂറിലോസിനെ കാണുന്നത്. ബൗദ്ധിക നിലവാരത്തിൽ നിൽക്കുന്ന അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പരുമലപ്പള്ളിയുടെ വ്യാജ വെബ്സൈറ്റ് ഉണ്ടാക്കി എന്നതിൽ വളരെയധികം ഖേദിക്കുന്നു.

**മാത്യൂസ് കെ. ചവറ**

### വ്യാജമന്ദിരങ്ങൾ

ശബരിമല, പളനി തുടങ്ങിയ ആരാധനാ കേന്ദ്രങ്ങൾക്ക് അരികിൽ അതേ പേരിൽ (200 മീറ്ററിനകത്ത് തന്നെ) ക്ഷേത്രങ്ങളുണ്ടാക്കി വെബ്സൈറ്റുകളുമുണ്ടാക്കിയാൽ പിന്നെന്താണ് സംഭവിക്കുക. ആരാധിക്കാനും, പ്രാർത്ഥിക്കാനുമുള്ളവർക്ക് പരുമലപ്പള്ളി തുറന്നു തന്നെ കിടക്കുകയാണ്. കുർബാന സംസർഗ്ഗമുള്ളവർ വന്ന് ആരാധനകളിലും കൂദാശകളിലും പങ്കാളികളാകുന്നുമുണ്ട്. പിന്നെന്തിനാണ് ഈ കള്ളക്കളികൾ.

**പി. ജെ. ജോസഫ്, കുന്നത്തൂർ**

### വെബ്സൈറ്റില്ലേ?

പരുമലപ്പള്ളിക്ക് നിലവിൽ വെബ്സൈറ്റില്ലേ.. മറ്റുള്ളവർ അതു കരസ്ഥമാക്കുവാൻ തക്ക വണ്ണം നാം ഉറങ്ങുകയായിരുന്നോ?

**വർഗീസ്കുഞ്ഞ്, കുന്നന്താനം**

### മറുപടി

പരുമലപ്പള്ളിയുടെ വെബ്സൈറ്റ് www.parumalachurch എന്നാണ്.

### അനാവശ്യ അവധി

മനോരമ മാത്യു മരിച്ചപ്പോൾ സഭാ സ്ഥാപനങ്ങൾക്ക് അവധി കൊടുത്തതിനെ വിമർശിച്ച കത്ത് കണ്ടു. തികച്ചും അനാവശ്യമായിരുന്നു അവധി. മനോരമയ്ക്ക് അവധിയില്ലായിരുന്നു. സംസ്ക്കാര ശുശ്രൂഷയിൽ മേൽപട്ടക്കാരുടെ ചിത്രം ജനം കാണുന്നത് അവർ മനപൂർവ്വം ഒഴിവാക്കുകയും ചെയ്തു.

സഭയുടെ പേരിൽ ആരംഭിച്ച്, സഭയെ ഏണിയാക്കി വളർന്ന മനോരമ സഭയെ സ്നേഹിച്ചിട്ടില്ല. പ്രചാരത്തിന് സഭയെ കരുവാക്കുക മാത്രമായിരുന്നു ചെയ്തത്. അവർക്ക് ഓർത്തഡോക്സും പാത്രിയർക്കീസും, എൻ.എസ്.എസും, കെ.പി.എമ്മെസും, പരുമലത്തിരുമേനിയും അമൃതാനന്ദമയിയും എല്ലാം ഒന്നുതന്നെ–വളരാനുള്ള പടി.

കുടുംബ പാരമ്പര്യം വായനക്കാരെ അറിയിക്കുന്ന മനോരമയുടെ കൂട്ടത്തിൽ നിന്ന് പേരിനെങ്കിലും ഒരു ആൺതരിയെ വൈദിക വൃത്തിക്ക് അയയ്ക്കില്ല. എന്നിട്ടും സഭ അവധി നൽകിയത് പരിതാപകരമാണ്.

**അജോ ചെറിയാൻ, അഞ്ചൽ**

പരുമല കൗണ്ടർ സന്ദർശിക്കൂ... സമ്മാനങ്ങൾ നേടൂ....
ഒക്ടോ. 30,31, നവം. 1, 2

# ഹർജി തള്ളി

വരിഞ്ഞവിള സെന്റ് ജോർജ് പള്ളി വികാരി ഫാ. കോശി ജോർജ് ട്രസ്റ്റി വി.കെ. ജോർജ് മുതലാളി എന്നിവർക്കെതിരെ പാത്രയർക്കീസ് പക്ഷത്തെ യോഹന്നാൻ സക്കറിയ ഉൾപ്പെടെ 11 പേർ നൽകിയ ഹർജി എറണാകുളം അഡീഷണൽ ഫസ്റ്റ് ഡിസ്ട്രിക്ട് കോടതി തള്ളി. സുപ്രീംകോടതി വിധി പറഞ്ഞ മലങ്കരയിലെ 1064 പള്ളികളിൽ 191-ാമത്തെ പള്ളിയാണ് വരിഞ്ഞവിള സെന്റ് ജോർജ് പള്ളി. വികാരിക്കും ട്രസ്റ്റിക്കും എതിരെ സ്ഥിര നിരോധനം നൽകി ഇതൊരു സിംഹാസന പള്ളിയായി പ്രഖ്യാപിക്കണമെന്നായിരുന്നു പാത്രിയർക്കീസ് പക്ഷത്തെ കേസ്. ഇത് നിലനിൽക്കുന്നതല്ലെന്ന് കോടതി കണ്ടു. പ്രധാന കേസ് തള്ളിയതോടുകൂടി ഹൈക്കോടതിയിൽ ഉണ്ടായിരുന്ന അപ്പീലുകളും ഇല്ലാതായി. 2010 സെപ്റ്റംബർ 4-ാം തീയതി ശനിയാഴ്ച 4.30-ന് ആയിരുന്നു കോടതി വിധി പ്രഖ്യാപിച്ചത്. വിധി പ്രഖ്യാപിച്ച ഉടൻ വർഷങ്ങളായി ജീർണ്ണാവസ്ഥയിലായ ദേവാലയം ആരാധനയ്ക്ക് സൗകര്യം ഒരുക്കി ഇടവക വികാരി ഫാ. കോശി ജോർജിന്റെ നേതൃത്വത്തിൽ ഞായറാഴ്ച രാവിലെ തന്നെ വിശുദ്ധ കുർബാന അർപ്പിച്ചു. ഇടവക മെത്രാപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, മെത്രാപ്പോലീത്തന്മാരായ കുര്യാക്കോസ് മാർ ക്ലീമ്മീസ്, ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്, സഖറിയാ മാർ അന്തോണിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ് എന്നിവർ ധൂപപ്രാർത്ഥന നടത്തി തിങ്കളാഴ്ച രാവിലെ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് വിശുദ്ധ കുർബാന അർപ്പിച്ചു. ■


**4th Death Anniversary**
**18.10.2010**



**THOMAS VARGHESE**
**THOOMPUNKAL MALAYIL**
**KAVIYOOR, KHANIAPARA**
*By Sorrowing Family*





## Pally Narmangal

*ഭാഗ്യ സ്മരണാർഹനായ കൊല്ലം ഭദ്രാസനാധിപൻ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടേത്.*

## 'അസി - സ്റ്റണ്ട്'

വലിയ ഇടവകയിൽ രണ്ടു വികാരിമാരുണ്ടാവുകയും അതിൽ അസിസ്റ്റന്റു വികാരിയും പ്രധാന വികാരിയും തമ്മിൽ സ്വരചേർച്ചയില്ലാതെയിരിക്കുന്ന ഒരവസരത്തിൽ....

എപ്പോഴും പ്രശ്നങ്ങളുണ്ടാക്കുന്ന അസിസ്റ്റന്റ് വികാരി റോഡിലൂടെ നടന്നു പോയപ്പോൾ അദ്ദേഹത്തെ ചൂണ്ടിക്കൊണ്ട് ദാ! ആ പോകുന്നതതാണ്.... പള്ളിയിലെ 'അസിസ്റ്റണ്ടു' വികാരി.

* * * * * *

## സ്തോത്രം പാടീ....

കൊല്ലം ഭദ്രാസനത്തിലെ യാക്കോബ് ഉപദേശിയുടെ മകൻ വൈ. തോമസച്ചന് പട്ടം കൊടുത്ത ശേഷം പാടിയതാണീ ശകലം

"യാക്കോബാനന്ദിച്ചു - തോമ്മാ തൃപ്തിപ്പെട്ടു

മത്തായീ സ്തോത്രം പാടീ"

ക്യംതാ നമസ്ക്കാരത്തിലെ പ്രഭാത കീർത്തനത്തിൽ യാക്കോബ്-ഉപദേശിയും, തോമ്മാ-നവവൈദികനും.... പിന്നെ മത്തായി ആരാ....?

ഞാൻ തന്നെ 'മാത്യൂസ് മാർ എപ്പിഫാനിയോസ്'

(പഴയ മത്തായി അച്ചൻ)

* * * * * *

### നിങ്ങൾക്കും അയയ്ക്കാം

ദൈവാലയവുമായി ബന്ധപ്പെട്ട ഫലിതങ്ങളും നർമ്മങ്ങളും എഴുതുക. നിങ്ങൾക്കും പള്ളി നർമ്മങ്ങളിൽ ഇടം തേടാം.
*വിലാസം:* **പള്ളി നർമ്മങ്ങൾ, മലങ്കരസഭ,**
**ദേവലോകം, കോട്ടയം-38**


*For Favours Received*




A Believer, Jaipur





Mariamma Abraham, Othera



Juna



Mary Kurian
Koipuram

## ADMISSION TO M.TH. & D.TH. COURSES
## THE FEDERATED FACULTY FOR RESEARCH IN RELIGION AND CULTURE (FFRRC)

*An Ecumeni+cal Post-graduate and Research Centre*

(Affiliated to the Senate of Serampore College)

Applications are invited from eligible candidates (II Class/Grade B both in aggregate and respective discipline in which the candidate seeks to study) for admission to the Master of Theology and Doctor of Theology courses for the Academic Session beginning in June 2011.

### *Master of Theology*


Old Testament
New Testament
Christian Theology
Early Teachers of Faith (Patristics)
Liturgical Theology
History of Christianity
Religion
Pastoral Counseling

### *Doctor of Theology*

Old Testament
New Testament
Christian Theology
History of Christianity
Christian Ministry

Aplication forms may be obtained on payment of Rs. 300/- for M.Th. courses and Rs. 400/- for D.Th. courses by M.O./Demand Draft, from Registar, FFRRC, Mar Thoma Theological Seminary, P.B. No. 287, Kottayam 686001, Kerala. The last date of receiving application will be 20 November 2010. Candidates must submit their Senate Transcript along with the application form.

**20–ാം ചരമവാർഷികം**
**(8–10–2010)**



**റവ. ഫാ. എൻ. ജെ. ശാമുവേൽ**

**ഈട്ടിമൂട്ടിൽ, വകയാർ, കോന്നി**

*“ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ*
*രീയാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം”*

***Inserted by:-*** - സന്തപ്ത കുടുംബാംഗങ്ങൾ

**11th Death Anniversary**
**27-10-2010**

17.8.1912  27.10.1999

**ALEYAMMA MATHEW**

**VADAKKE VEEDU**
**ERUVA, KAYAMKULAM**

“നിന്റെ മഹത്വമുദിക്കും നാൾ
നില്ക്കണമിവൾ വലഭാഗത്തിൽ”



# സൺഡേസ്കൂൾ വാർത്തകൾ

Sunday School

ഒ. തോമസച്ചൻ

**സഹപാഠ്യ മത്സരങ്ങൾ** : ഡിസ്ട്രിക്ട് തലം കഴിഞ്ഞു ഭദ്രാസന, സോണൽ തലങ്ങളിലേക്കു പ്രവേശിക്കുകയാണല്ലോ. മത്സരങ്ങളിൽ വിധി കർത്താക്കളെ നിശ്ചയിക്കുന്നതിൽ ചുമതലക്കാർ പ്രത്യേക ശ്രദ്ധവെക്കണം. ചുരുക്കം ചില കേന്ദ്രങ്ങളിൽ നിന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ കേൾക്കാൻ ഡിസ്ട്രിക്ട്, ഭദ്രാസന, സോണൽ തലങ്ങളിൽ ട്രിബ്യൂണൽ (അപ്പീൽ കമ്മറ്റിയെ) നെ നിയമിക്കണമെന്ന തീരുമാനം പലയിടങ്ങളിലും പാലിച്ചുകാണുന്നില്ല. (സർക്കുലർ 6/2010 p.4) അങ്ങനെയായാൽ പരാതികൾക്ക് യഥാസമയം തീർപ്പു കൽപ്പിക്കാമായിരുന്നു. ഇനിയുള്ള മത്സരങ്ങളിൽ ഈ കാര്യം മനസ്സിലാക്കി ബന്ധപ്പെട്ടവർ പ്രവർത്തിക്കണം. മത്സരങ്ങൾ നീതിപൂർവ്വം വിലയിരുത്തപ്പെട്ടില്ല എന്ന തോന്നലുണ്ടായാൽ കുട്ടികൾക്കും, മാതാപിതാക്കൾക്കുമെല്ലാം പ്രയാസമുണ്ടാകുമെന്ന വസ്തുത ആരും മറക്കരുത്.

**നേതൃത്വ പരിശീലന ക്യാമ്പ്**: നേതൃത്വ ക്യാമ്പ് നവം. 5,6 തീയതികളിൽ പി.എം.ജി. സെന്ററിൽ വെച്ചു നടത്തപ്പെടുന്നാണ്. ഓരോ ഭദ്രാസനത്തിൽ നിന്നും പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ഒക്ടോ. 20–നകം കേന്ദ്ര ഓഫീസിൽ അറിയിക്കണം. താമസ, ഭക്ഷണ സൗകര്യങ്ങൾ ക്രമീകരിക്കാൻ വേണ്ടിയാണ്.

**അനുസ്മരണ പ്രഭാഷണ മത്സരം**

ഭദ്രാസന തലത്തിൽ സീനിയർ പ്രസംഗ മത്സരത്തിൽ ഒന്നും, രണ്ടും സ്ഥാനങ്ങളിൽ വിജയികളായ എല്ലാ കുട്ടികളെയും ഒക്ടോ. 30–നു നടക്കുന്ന പ്രസംഗ മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടതാണെന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചിരിക്കുന്നു. മത്സരത്തിൽ വിജയികളാകുന്ന ആദ്യത്തെ 3 സ്ഥാനികൾക്കും ആകർഷകമായ ക്യാഷ് അവാർഡും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്. പ. ഔഗേൻ ബാവാ തിരുമേനിയുടെ ജീവിതവുമായി ബന്ധപ്പെട്ട വിഷയം പ്രസംഗത്തിനു മുൻപ് നൽകുന്നതാണ്. 5 മിനിറ്റാണ് പ്രസംഗം സമയം. ഒക്ടോബർ 20–ന് മുമ്പ് കുട്ടികളുടെ പേരുകൾ ഓഫീസിൽ അറിയിച്ചിരിക്കണം.

ഭദ്രാസന വിഭജനം: ഇതുമൂലം പുന:ക്രമീകരണങ്ങൾ ആവശ്യമായി വരുന്നത് അതാതു ഭദ്രാസന മെത്രാപ്പോലീത്താമാരുമായി ആലോചിച്ചു ചെയ്യേണ്ടതാണ്. ചില ഡിസ്ട്രിക്റ്റുകൾ വിഭജിക്കപ്പെട്ടിട്ടുള്ളതും യുക്തമായി പുന:ക്രമീകരിക്കേണ്ടിയിരിക്കുന്നു. ഏതായാലും ഈ അദ്ധ്യയന വർഷത്തെ ഒരു പരിപാടിക്കും മാറ്റമില്ല എന്ന കാര്യം വീണ്ടും അറിയിക്കുന്നു. സഹപാഠ്യ മത്സരങ്ങളും വാർഷിക പരീക്ഷകളും മത്സര പരീക്ഷകളും എല്ലാ നിലവിലുണ്ടായിരുന്ന ഭദ്രാസനങ്ങളുടെ അടിസ്ഥാനത്തിൽ ത്തന്നെ നടത്തപ്പെടുന്നതായിരിക്കും.

കരിക്കുലം റിവിഷന്റെ നടപടികളും പുരോഗമിക്കുന്നുണ്ട്. മദ്യമയക്കുമരുന്നകളോടുള്ള ആസക്തി, വാഹനങ്ങളുടെ പ്രത്യേകിച്ച് ഇരുചക്രവാഹനങ്ങളുടെ അലക്ഷ്യമായ ഉപയോഗം തുടങ്ങിയവയാൽ അനേകയുവാക്കൾ അകാല മൃത്യവിലേക്കോ, മാരകമായ അപകടങ്ങളിലേക്കോ എത്തിച്ചേരുന്നു. ഇതിനെതിരെയുള്ള ബോധവൽക്കരണമൊക്കെ മുതിർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

ദൈവാശ്രയ ബോധമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുവാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം. ■


## ഗിവ്സൈറ്റ് പ്രോജക്ട്

**സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, പരുമല, പിൻ– 689626**
**ഫോൺ: 0479 – 2312266, 2312465**
Fax: 0479-2312866 e-mail: sgmhospital@sify.com

പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിലെ നേത്ര ചികിത്സാ വിഭാഗവുമായി ബന്ധപ്പെട്ട് നിർധനരായ രോഗികളെ സൗജന്യമായി ചികിൽസിക്കുന്ന പദ്ധതിയാണ് "Give Sight Project".

സന്മനസ്സുള്ള ആർക്കും "Give Sight Project" ൽ 1500/– (ആയിരത്തി അഞ്ഞൂറു രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയാ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട നേത്ര രോഗിക്ക് ഞങ്ങൾ ചെയ്തു കൊടുക്കും.

ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രിവഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ, യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിൽസാ ക്യാമ്പ്: എല്ലാ ശനിയാഴ്ചകളിലും സൗജന്യ നേത്രചികിത്സാ ക്യാമ്പുകൾ, ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താൽപര്യമുള്ളവർ നേത്രചികിൽസാ വിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്ര ചികിൽസാ ക്യാമ്പുകൾ നടത്തിക്കൊടുക്കുന്നതാണ്.

M.O/D.D./Cheque to Give Sight Project.
C/o Chief Executive Officer, St. Gregorios Medical Mission Hospital, Parumala-689626



## പള്ളികൾ മനോഹരമാക്കൂ

കയർ, വിനയൽ, സിന്തറ്റിക്, കാർപ്പറ്റ് എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ട് എത്തി വർക്കുകൾ ഏറ്റെടുത്തു ചെയ്യുന്നു.

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറും സന്ദർശിക്കുമല്ലോ?
അന്വേഷണങ്ങൾക്ക് സദയം വിളിക്കുക.

ഫോൺ: 0481–2571126, 2574183
0484–3292390 മൊബൈൽ: 9447259003

**എം.എ. കയർ ഹൗസ്**
ജീ–മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

**THE BOOKS RELEASING SOON:**

## BY REV. FR. SAM OOMMEN PANACKAMATTAM

***- BASED ON ORTHODOX FAITH, TRADITION AND BELIEFS***

1. **POWER OF ATTORNEY TO ETERNAL CHURCH FROM ETERNAL GOD** : **RS. 225/-**
   (English)
2. **HAM VISHWAS KARTE HEY** : **RS. 125/-**
   (HINDI)
3. **VISHWASA SAMGRAHAM** : **RS. 250/-**
   (MALAYALAM)

*PLACE YOUR ORDER TO:*

**FR. SAM OMMEN PANACKAMATTAM**

**MAR GREGORIOS CATHEDRAL**
**INDUSTRIAL ESTATE (P.O.)**
**BHILAI, DIST DURG (C.G.)**
**PIN : 490026**

**OR**

**MAR GREGORIOS CATHEDRAL**
**INDUSTRIAL ESTATE (P.O.)**
**BHILAI, DIST DURG (C.G.)**
**PIN : 490026**

സ്നേഹസ്മരണ



**ഉമ്മൻ ചാക്കോ**

**(കൊച്ചൂണ്ണൂണ്ണി 70)**

**പാലവിള പുത്തൻ വീട്, കരിക്കം, കൊട്ടാരക്കര**

***Inserted by:-***

**ലീലാമ്മ (ഭാര്യ)**

| *മക്കൾ* | *മരുമക്കൾ* |
|---|---|
| മോളമ്മ മാമച്ചൻ, U.S.A. | മാമച്ചൻ മാത്യു, U.S.A. |
| ജോളി ബാബു | കെ. ബാബു (സെന്റ് മേരീസ് ഏജൻസീസ്, ചീരങ്കാവ്) |
| ബീന ചാക്കോ | |

അജി വർഗീസ്, ബത്തേരി

ദൃഷ്ടി



# പട്ടത്വവും പത്തുലക്ഷവും... ആധുനിക ദൈവ വിളികൾ

അനന്തരം ഒരു ഓർത്ത ഡോക്സുകാരൻ യുവാവിന്റെ മേശപ്പുറത്തിരുന്ന മൊബൈൽഫോണിൽ ഒരു ദൈവവിളി ഇപ്രകാരം അവതരി പ്പിച്ചു. 'ഭയപ്പെടേണ്ട, ഞങ്ങൾ നിന്റെ പരിചയും നിന്റെ മഹ ത്തായ പ്രതിഫലവും ആകുന്നു. നിന്നെ തെരഞ്ഞെടുക്കാൻ ഞങ്ങൾ തിരുമനസായിരി ക്കുന്നു'. അരുളപ്പാടിന്റെ ശൈലിയും വിളിച്ച ദൂതന്റെ അപരിചിതത്വവും കേട്ടയാളിൽ പരിഭ്രമമുണ്ടാക്കി. ദാതാവ് (SENDER) അയാളോട് 'ധൈര്യ മായിരിക്കുക, നിനക്ക് ഒരു പട്ട ത്വവും പത്തുലക്ഷം രൂപയും ലഭിക്കാൻ പോകുന്നു?'

അന്യസംസ്ഥാന ലോട്ടറികൾ നിരോധിച്ച ഈ ദൈവത്തിന്റെ സ്വന്തം നാട്ടിൽ– പത്തുലക്ഷ ത്തിന്റെ ഉറവിടവും, പട്ടത്വവും പത്തുലക്ഷവും തമ്മിൽ മോരും മുതിരയും പോലെ വേറിട്ടു കിട ക്കുന്നതും സൃഷ്ടിച്ച ആശയ ക്കുഴപ്പം മറുപടിയിൽ പ്രതിഫലി ച്ചു. സന്ദേശമെത്തിച്ച ദൂതനെ സംശയിക്കുന്നുവോ എന്ന സംശയം വെളിപ്പാടായി കിട്ടിയ പോലെ അരുളപ്പാട് തുടർന്നറി യിച്ചു. 'സംശയിക്കാതിരിക്കുക.... ഇതാണ് സുപ്രസാദകാലം 'രക്ഷ'പ്പെടാനുള്ള കാലവും ഇതുതന്നെ. എന്നിട്ടും മറിയയെ പ്പോലെ മാറാത്ത സംശയം വാക്കുകളായി പുറത്തുവന്നു. 'സെമിനാരിയിൽ പോകാതെ




ഞാനെങ്ങനെ പുരോഹിത നാകും?'. ലോട്ടറിടിക്കറ്റെടുക്കാതെ എങ്ങനെ പത്തുലക്ഷം ലഭിക്കും? അതിന് ദാതാവ് ഇപ്രകാരം പ്രതിവ ചിച്ചു.

'അപ്പം തിന്നു തൃപ്തിയാകുക, കുഴികളെക്കുറിച്ച് വിചാരപ്പെടാതി രിക്കുക'

കർച്ചീഫു വാങ്ങുമ്പോൾ സാരി സൗജന്യമായി ലഭിക്കുക മഹാമന സ്കത മനസിലാക്കാനാകാതെ മിഴിച്ചു നിന്ന ഗ്രഹിതാവിനോട് (Receiver) ദൂതൻ ഇപ്രകാരം മൊഴിഞ്ഞു.

'നിന്റെ സഭാംഗങ്ങളിൽ പലരും വാർദ്ധക്യ കാലത്ത് പട്ടം ധരിക്കാൻ തയ്യാറെടുക്കുന്നു, യൗവനക്കാർ ലക്ഷങ്ങൾ സ്വപ്നം കാണുന്നു, എത്രയോ മദ്ധ്യവയസ്ക്കർ ബിഷ പ്പുമാരാകുന്നു. ഞങ്ങൾക്ക് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്ന് ഉത്തരം പറഞ്ഞു. അതിന് ഗ്രഹിതാവ് 'ഇതാ ഞാനൊരു സഭാവിശ്വാസി നിന്റെ വാക്കു പോലെ എനിക്കോ മറ്റു സഭാവിശ്വാസി കൾക്കോ ഭവിക്കാതിരിക്കട്ടെ എന്നു പറഞ്ഞു. ആ നിമിഷം ദൂതൻ അവനെ വിട്ടുപോയി.'

പ്രത്യേക അറിയിപ്പ്

ഈ ദൈവിക അരുളപ്പാ ടിൽ പേർ ചേർത്തിരിക്കുന്ന സകലരും വാസ്തവമായി ഇപ്പോഴും ജീവിച്ചിരിക്കുന്നു. അതിനാൽ ഇതിൽ പ്രതിപാദി ച്ചിരിക്കുന്ന സംഭവങ്ങൾക്കും കഥാപാത്രങ്ങൾക്കും ആരെ ങ്കിലുമായോ വല്ല സാമ്യവും തോന്നിയാൽ അത് സത്യമാ ണെന്ന് ഇതിനാൽ ബോധിപ്പി ച്ചുകൊള്ളുന്നു. ■

രണ്ടാം ചരമ വാർഷികം (17 - 10 - 2010)

സ്നേഹ സ്മരണയ്ക്ക്

# ശ്രീ. ഗീവർഗ്ഗീസ് മാത്തൻ



*"നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

"നിത്യതയുടെ തീരത്ത് വീണ്ടും കാണാം എന്ന പ്രത്യാശയോടെ"

\- സന്തപ്ത കുടുംബാംഗങ്ങൾ

Inserted by:-

മറിയാമ്മ മാത്തൻ (ഭാര്യ)

ചക്കാലയിൽ,

നിരണം

ധ്യാനം

ഫാ. ഏബ്രഹാം തോമസ്

# വചനാമൃതം

## സ്ലീബായുടെ ശേഷം അഞ്ചാം ഞായറാഴ്ച

**17 ഒക്ടോബർ 2010**

**(വി. മത്തായി 23:1–12)**

### പറയുന്നവയും, ശീലിക്കുന്നവയും

പറയുന്നത് ശീലിക്കാത്ത 'വേദപണ്ഡിതരേയും, പരീശരേയും' കുറിച്ച് ശിഷ്യരോടും ജനക്കൂട്ടത്തോടുമായി കർത്താവ് പറയുന്നു "അവർ പറയന്നത് അനുസരിക്കുക" എന്നാൽ അവരുടെ പ്രവർത്തനങ്ങൾ അനുകരിക്കരുത് എന്ന്. നമ്മൾക്ക് മാതൃകകൾ നഷ്ടമാകുന്നു, പഠനങ്ങൾക്കും ദൈവശാസാത്രപരമായ അറിവുനേടുന്നതിനും ഒക്കെ നമ്മക്കിപ്പോൾ ഒട്ടനവധി സാദ്ധ്യതകൾ ഉണ്ട്. എന്നാൽ പഠിക്കുന്നവയേ ശീലിക്കുന്നവരെ കണ്ടെത്തുന്നത് നന്നേ ശ്രമകരവും. കർത്താവിന്റെ ഈ വചനങ്ങൾ, നമ്മേയും പരീശത്വമനോഭാവത്തിലേക്ക് നയിച്ചുവെന്നുവരാം. അത് നമ്മേ സംബന്ധിച്ചല്ലല്ലോ പറയുന്നത്, വേദപണ്ഡിതരേ സംബന്ധിച്ചല്ലേയെന്നും, മാത്രമല്ല, നേതൃത്വത്തേ സംബന്ധിച്ച് അവരുടെ കുറവുകൾ എടുത്തുപറയുന്നതിലുള്ള 'ആനന്ദ'വും നമ്മൾക്ക് കിട്ടിഎന്നുവരാം. എന്നാൽ നമ്മേ എല്ലാവരേയും സംബന്ധിച്ച് കർത്തവാഗ്രഹിയ്ക്കുന്നത്, നല്ലത് പറയുവാനും പറയുന്നവ ശീലിക്കുവാനുമാകുന്നുവല്ലോ.

ഒരർത്ഥത്തിൽ നാം തൂക്കുന്ന പെരുന്നാൾ–ധ്യാനപരസ്യ ബോർഡുകളും നാം വിറ്റഴിക്കുവാൻ ശ്രമിക്കുന്ന 'ജീവകാരുണ്യ'ങ്ങളുമൊക്കെ, "നെറ്റിപട്ടങ്ങളും, തൊങ്ങലുക"ളുമാകുന്നില്ലേ! വി. ജോൺ ക്രിസോസ്റ്റം ഈ ഭാഗത്തിന് നൽകുന്ന വിശദീകരണത്തിൽ രക്ഷയിലേക്ക് നമ്മെ നയിക്കുന്ന അറിവിനെ ശ്രദ്ധയോടെ സ്വീകരിക്കുന്നതിന്റെ ആവശ്യകതയേക്കുറിച്ച് പറയുന്നു. എന്നാൽ പഠിപ്പിയ്ക്കുന്ന വ്യക്തിയുടെ ജീവിതത്തിലെ താളഭംഗങ്ങൾ, രക്ഷയേക്കുറിച്ചുള്ള നമ്മുടെ അഭിവാഞ്ചയ്ക്കും അന്വേഷണത്തിനും തടസ്സമാകരുതെന്നും, അദ്ദേഹം ഓർമ്മിപ്പിയ്ക്കുന്നു (Homily LXXII). ഇനിയൊരാളുടെ വിശ്വാസത്തിന് കോട്ടം സംഭവിച്ചേക്കാവുന്ന ക്രമഭംഗങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാതെയിരിക്കട്ടെ!

### മാന്യസ്ഥാനങ്ങൾ

ചെന്നെത്തുന്ന സ്ഥലങ്ങൾ, കണ്ടുമുട്ടുന്ന വ്യക്തികൾ, വേദികളോ–സദസ്സുകളോ, ഇപ്രകാരം ഏതു സാഹതര്യത്തിലും, ഒരുപക്ഷേ 'മാന്യസ്ഥാനങ്ങളോ, അംഗീകാരങ്ങളോ ഒക്കെ ആഗ്രഹിക്കുന്നവരാകാം നമ്മൾ. കാലഘട്ടത്തിന്റെ മത്സരബുദ്ധി, നമ്മുടെ ഇത്തരത്തിലുള്ള 'മാന്യ സ്ഥാന'കാംക്ഷയേ, കൂടുതൽ ഉദ്ദീപിപ്പിക്കുകയും ചെയ്യാം. ഇത്തരത്തിലുള്ള കാക്ഷകളില്ലാത്തവരേ, 'മണ്ടന്മാരായി' സമൂഹം കണ്ടുവെന്നും വരാം. 'അത്താഴത്തിലും, അങ്ങാടിയിലും, പള്ളിയിലും' അപ്രകാരം ജീവിതത്തിന്റെ സർവ്വാവസ്ഥകളിലും ഈ "ആഗ്രഹം" നമ്മെ വേട്ടയാടാം. ഈ അവസ്ഥയിൽ പ്രാഥമികമായി നമ്മൾക്കുണ്ടാകേണ്ടത്, ഇത്തരത്തിലുള്ള കാമനകൾ തിന്മയാണെന്നുള്ള ബോധ്യം തന്നെയാണ്. നമ്മിൽ തന്നെ ഉറങ്ങിക്കിടക്കുന്നതോ അതല്ല ഉണർവ്വോടെ വെളിപ്പെട്ടിരിക്കുന്നതോ ആയ ഇത്തരത്തിലുള്ള ആഗ്രഹദുഷിപ്പുകളെ നമ്മൾക്ക് കണ്ടെത്തുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ, അവയെ ചികിത്സിക്കുവാനും സാധിക്കുകയുള്ളൂ.



### ഗുരുവും, പിതാവും, ഭരണകർത്താവും–ദൈവം

ഇത് കർത്താവ് നിർദ്ദേശിക്കുന്ന പരിഹാരവും, ഔഷധവും തന്നെയാണ്. മേൽപറഞ്ഞ ദുഷിപ്പുകൾക്ക്, നമ്മൾക്ക് ലഭിക്കാവുന്ന ഏറ്റവും പ്രായോ

ഗികമായ ചികിത്സ, സർവ്വോപരി അവനെ കാണുന്നത് തന്നെയാണ്. നാം അവനിൽ അപ്രകാരം ആകുമ്പോൾ നമ്മുടെ ദുഷിപ്പുകൾ ചികിത്സിച്ച് മാറ്റപ്പെടുന്നു എന്ന നന്മയിലേക്ക് നാം എത്തുന്നു. അവൻ നമ്മൾക്ക് ഗുരുവും, പിതാവും, ഭരണകർത്താവുമാകുമ്പോൾ, ജീവിതത്തിൽ ഉണ്ടാകുന്നത് ഒരു സമഗ്രമാറ്റമാണ്. ഇനിയൊരാളിലുള്ള ഗുരുത്വവും, പിതൃത്വവും, ഭരണകർതൃത്വവും നിഷേധിക്കുന്ന അഹന്തയുടെ തലവും ഈ ഭാഗം നമ്മെ പഠിപ്പിയ്ക്കുന്നില്ല. കാരണം അവൻ നമ്മൾക്ക് ഗുരുവും, പിതാവും, ഭരണകർത്താവും ആകുമ്പോൾ, 'അഹം' ബോധത്തിന് എന്ത് സ്ഥാനം?

നേതൃത്വത്തിന്റെ ഏറ്റവും വിഭിന്നമായ ഒരു പാഠവും, ഇതിൽനിന്ന് നമ്മൾക്ക് ലഭിക്കുന്നു. 'വലിയവൻ ശുശ്രൂഷക്കാരനാകുന്ന' അവസ്ഥാന്തരം.

## സ്ലീബായുടെശേഷം ആറാം ഞായറാഴ്ച
### 24 ഒക്ടോബർ 2010
### വി. ലൂക്കോസ് 18:18–27

**ചോദ്യങ്ങളിലെ അവകാശം**

സ്വാതന്ത്ര്യമുള്ളിടത്ത് ചോദിക്കുവാനുള്ള അവകാശമുണ്ട്. എന്നാൽ സ്വാതന്ത്ര്യം എപ്പോഴും സ്നേഹാധിഷ്ഠിതവുമാണ്. അതിൽ ധാർഷ്ഠ്യത്തിനോ അഹന്തയ്ക്കോ സ്ഥാനമില്ല. കർത്താവിനോട് 'നിത്യജീവനെ' സംബന്ധിച്ച് 'അവകാശ'ത്തിന്റെ സ്വഭാവത്തോടുകൂടി ചോദിക്കുന്ന ഈ പ്രമാണിയിൽ അഹന്തകൂടി കലർന്നിരിക്കുമോ? ഇതിന്റെ പ്രത്യക്ഷത്തിൽ ഒരുത്തരം കണ്ടുപിടിക്കുവാൻ പ്രയാസമാണ്. എന്നാൽ സമവീക്ഷണ സുവിശേഷങ്ങളിൽ മൂന്നിലും ഈ സംഭവം വിവരിക്കുന്നതിന് തൊട്ട് മുൻപിലായി രേഖപ്പെടുത്തിയിരിക്കുന്നത് 'ശിശുക്കളേപ്പോലെ ദൈവരാജ്യത്തേ കൈകൊള്ളണമെന്ന' സംഭവവിവരണമാണ്. അതിന് വിപരീത അർത്ഥത്തിൽ ഒരു വ്യക്തിയെ ഒരുപക്ഷേ സുവിശേഷകർത്താക്കൾ അവതരിപ്പിക്കുകയാവാം. നമ്മുക്കുള്ള ചോദ്യങ്ങളിൽ നാം എടുത്തുപയോഗിക്കുന്ന അവകാശ സ്വാതന്ത്ര്യത്തിന് ഒരു ശൈശവ നിഷ്ക്കളങ്കതയുടെ സ്നേഹത്തിന്റെ സ്വഭാവം ഉണ്ടായിരിക്കേണ്ടതാണ്.

അവകാശിക്കുക എന്നതിന് ക്ലെറോനോമെയോ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അതിന് To receive an allotted portion എന്ന അർത്ഥമാണുള്ളത്. നമ്മൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന അവകാശമങ്കിലും, അവകാശിയേക്കാൾ അനുവദിക്കുന്ന വ്യക്തിയ്ക്കാണ് പ്രാധാന്യം

**മുൻഗണനാക്രമം**

കല്പനകൾ എല്ലാം തന്നെ ചെറുപ്പം മുതൽ ശീലിക്കുന്നവനാണ് എന്ന് പ്രമാണി സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ, കർത്താവ് അവന്റെ ജീവിതത്തിലെ മുൻഗണന 'ധന'ത്തിനാണെന്നുള്ള അവന്റെ 'കുറവി'നെ ബോധ്യപ്പെടുത്തി സംസാരിക്കുന്നു. നാമും പ്രമാണങ്ങൾ കൃത്യമായി പാലിക്കുന്നവരായിരിക്കും– എന്നാൽ നമ്മൾക്ക് നമ്മെപ്പറ്റി നിശ്ചയമില്ലാത്ത ചില മുൻഗണനകൾ ഉണ്ടായിരിക്കാം. അവയ്ക്കൊക്കെ നമ്മൾക്ക് ന്യായീകരണങ്ങളും കാണും. എന്നാൽ അവന്റെ സന്നിധിയിൽ പൊയ്മുഖങ്ങളെല്ലാം അടർന്നു വീണ് നമ്മിലെ മുൻഗണനയുടെ ക്രമം വെളിപ്പെടുമ്പോൾ, അവയൊന്നും വിട്ടുകളയാനാഗ്രഹിക്കാതെ നാമും, ഈ സുവിശേഷ ഭാഗത്തെ പ്രമാണിയെപ്പോലെ ദു:ഖിച്ചു എന്നുവരാം.

**രക്ഷ എന്ന ദൈവസാദ്ധ്യത**

നാം അവനെ, സർവ്വതും തികഞ്ഞ്, ബുദ്ധിയുടെ തെളിമയോടെ "വിശ്വസിച്ച് ഏറ്റുപറഞ്ഞ്" രക്ഷയിലേക്ക് പ്രവേശിക്കുന്നു എന്ന അവകാശവാദത്തിൽ ഒളിഞ്ഞിരിക്കുന്ന ഒരഹന്തയുണ്ട്. അവൻ നമ്മേ തിരഞ്ഞെടുത്തു എന്നതാണ് സത്യം (യോഹ. 15:16). ഒരുപക്ഷേ തന്റെ സ്വഭാവപരമായ കുറവിൽ ത്യജിക്കുവാൻ മനസ്സില്ലാതിരുന്ന അവന്റെ സമ്പത്തുമായി 'ദു:ഖിച്ച്' അവൻ മടങ്ങിപ്പോകാതെ, കർത്താവിന്റെ കരുണയ്ക്കായി കാംക്ഷിച്ച് അവന്റെ അടുക്കൽ തന്നെ നിന്നിരുന്നുവെങ്കിൽ ഒരുപക്ഷേ അവന്റെ ദു:ഖം സന്തോഷമായി മാറുകയും 'രക്ഷ' അവന് ലഭ്യമായിവരുകയും ചെയ്തേനേ. എന്നാൽ അത്തരത്തിൽ ഒരു വിനയം കാണിക്കുവാൻ ഈ പ്രമാണിക്ക് സാധിച്ചില്ല. മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമെന്ന് കർത്താവ് സാക്ഷിയ്ക്കുന്നു.

(Ps. ഈ സുവിശേഷ സംഭവത്തെ ആസ്പദമാക്കി കൗതുകകരമായൊന്നുള്ളത്, 1995 ജൂൺ 20–ാം തീയതി മലങ്കരസഭയിലെ ഇരുവിഭാഗങ്ങൾ തമ്മിലുള്ള കേസ്സിന്റെ സുപ്രീം കോടതി വിധിയിൽ ബഹുമാന്യരായ ശ്രീ. സഹായ്, റെഡ്ഡി, ബെൻ എന്നീ ജഡ്ജിമാരുടെ വിധി പകർപ്പിൽ ആമുഖഭാഗത്ത് ഈ സുവിശേഷ സംഭവം ഉദ്ധരിച്ചിട്ടുണ്ട് എന്നുള്ളതാണ് ഉദ്ധരണിയുടെ അന്ത്യത്തിൽ ബഹു. ജഡ്ജിമാർ പറയുന്നത് "Going away sorrowful" എന്നാണ്! (Supreme Court Judgment, 20 JUne 1995, New Delhi, Page 2). എന്നാൽ മനുഷ്യർക്ക് കഴിയാത്തവ ദൈവത്തിന് കഴിയും, എന്ന കർതൃവചനത്തിൽ വിശ്വാസമൂന്നി കേസ്സിന്റെ ദുര്യോഗങ്ങളിൽ നിന്നും നമ്മൾക്കൊരുനാൾ മോചനമുണ്ടാകും എന്ന് പ്രാർത്ഥിക്കാം)

## കൂദോശ് ഈത്തോ ഞായറാഴ്ച
### 31 ഒക്ടോബർ 2010
### വി. മത്തായി 16:13–23

ആരാധനാകാലത്തിന്റെ തുടക്കം 'കൂദോശ്–ഈത്തോ' എന്നതിന്റെ അർത്ഥതലങ്ങൾ മുൻവർഷങ്ങളിലും ചർച്ചയ്ക്ക് വന്നിട്ടുള്ളതാകാം. ചാക്രികമായി വരുന്ന ആരാധനാകാലത്തിലെ ശുദ്ധീകരണത്തോടുകൂടിയുള്ള ആരംഭമാണിത്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ" ആകുന്നു എന്ന വിശ്വാസപ്രഖ്യാപനം പരിശുദ്ധ ഏവൻഗേലിയോൻ ഭാഗമായി തന്നെ വായിച്ചുകേട്ടുകൊണ്ട് നാം പുതിയ കാലത്തിലേക്ക് പ്രവേശിക്കുന്നു.

**സ്വർഗ്ഗസ്ഥനായ പിതാവിന്റെ വെളിപ്പെടുത്തൽ**

മറഞ്ഞിരുന്ന ഒരു സത്യത്തിന്റെ 'വെളിപ്പെടുത്തൽ' (അപ്പൊകാലുപ്റ്റോ) ആണ് പത്രോസിന് ലഭിക്കുന്നത്. ഇതെന്റെ 'അറിവാ'ണെന്ന് അവിടെ ഒരു അവകാശത്തിനും വഴിയില്ല. കാരണം "ജഡരക്തങ്ങളല്ല" ഇത് വെളിപ്പെടുത്തിയിരിക്കുന്നത്. പിതാവും ദൈവം തന്നെയാണ്. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് അവൻ മനുഷ്യാവതാരം ചെയ്ത ദൈവമാണെന്നത്. ഈ അടിസ്ഥാനത്തിന്മേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. എല്ല ആചരണങ്ങളും, പെരുനാളുകളും, ആഘോഷങ്ങളും അതിന്റെ ചിന്തയിലും സ്വഭാവത്തിലും നമ്മെ നയിക്കേണ്ടത് ഈ പരമമായ സത്യത്തിലേക്കാണ്. അവൻ നമ്മൾക്ക് 'ദൈവവും രക്ഷകനുമാകുന്നു' എന്നത് ദാർശനികമായ മാനത്തോടെ, ചർച്ചചെയ്ത് അവസാനിപ്പിക്കുവാനുള്ളതോ, അതല്ല അതിന്റെ വിപരീത അർത്ഥത്തിൽ 'അവയെല്ലാം സാധാരണക്കാർക്ക് മനസ്സിലാകാത്ത വലിയതത്വങ്ങളാണ്, സാധാരണ ജീവിതത്തെ ബാധിക്കുന്നതല്ല' എന്ന ചിന്തയോടെ മാറ്റി നിർത്താനുള്ളതോ അല്ല. എന്നാൽ ഈ പരമമായ സത്യം നമ്മുടെ നിത്യ ജീവിതത്തെ കരുപ്പിടിപ്പിക്കേണ്ടതാകുന്നു. അതുകൊണ്ട് തന്നെയാകാം പിചാക്കന്മാർ ഈ സത്യപ്രഖ്യാപനത്തിന്റെ വായനയോടെ ആരാധനാവർഷാരംഭം ക്രമീകരിച്ചിരിക്കുന്നത്. "എന്നാൽ ഞാൻ ആരെന്നാകുന്നു നിങ്ങൾ പറയുന്നത്?" എന്ന ചോദ്യത്തിന് മറുപടിയായാണ് പത്രോസിന് ഈ വെളിപാട് ലഭിക്കുന്നത്. ഈ വെളിപ്പെട്ട സത്യം നമ്മുടെ ജീവിതമന്ത്രം തന്നെയാകേണ്ടതാണ്.

**സത്യം വെളിപ്പെടുത്തുന്നതിൽ നിയന്ത്രണം**

"അനന്തരം താൻ മശിഹാ ആകുന്നുവെന്ന് ആരോടും പറയരുതെന്ന് ശിഷ്യന്മാരോട് കൽപിച്ചു" (Vs.20) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരമൊരു താക്കീതിനുള്ള കാരണം കണ്ടെത്തുവാൻ കഴിയില്ലെങ്കിലും, വി. ജോൺ ക്രിസോസ്റ്റം അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ കൊടുക്കുന്ന ശ്രദ്ധേയമായ ഒരു വിവരണമുണ്ട്. ഈ സത്യം വെളിപ്പെടുത്തുന്നതിനു മാത്രം പക്വത അവർക്കപ്പോൾ ഉണ്ടായിരുന്നില്ല. വിചാരണയിലും, കുരിശാരോഹ

ണത്തിലും, അവർ പതറിപ്പോകുന്നത് പിന്നീട് നമ്മൾ കാണുന്നു. ഈ സത്യം വെളിപ്പെടുത്തിയവർ 'ചിതറിയോടി' പോകുന്നത് കാണുന്ന ജനതയ്ക്ക് എപ്രകാരം ഈ സത്യത്തിൽ ഉറപ്പുതോന്നും, എന്നാൽ പുനരുത്ഥാനം ദർശിക്കുന്നവർക്ക് ധൈര്യവും ഉറപ്പും ലഭിച്ചിട്ട്, അവൻ ദൈവമാകുന്നു എന്ന സത്യത്തെ വെളിപ്പെടുത്തുമ്പോൾ അവർക്കുതന്നെ ആയാഥാർത്ഥ്യബോധ്യത്തിൽ പക്വതയുണ്ടാകുന്നു. (Homily LII))

ഈ പക്വത പത്രോസിന്റെ പ്രതികരണത്തിൽ ഈ ഭാഗത്തുതന്നെ വ്യക്തവുമാണ്. അവൻ "അങ്ങനെ സംഭവിക്കുവാൻ ഇടയാകരുതേ" എന്ന തടസ്സചിന്ത ഉന്നയിക്കുന്നു.

പുനരുത്ഥാനത്തിൽ ഉള്ള വെളിപാടിന്റെ പൂർണ്ണത ലഭിച്ച സഭയിലാണ് നാം ജീവിക്കുന്നത്. സഭയായുള്ള നമ്മുടെ 'അപക്വതകൾ' ലോകത്തിനുമുൻപിലുള്ള നമ്മുടെ സത്യനിഷേധമാകും. സഭയുടെ സത്യസാക്ഷ്യം നമ്മിലൂടെ എന്നും നിലനിൽക്കട്ടെ.

## ഹൂദോസ് ഈത്തോ ഞായറാഴ്ച
### 07 നവംബർ 2010
### വി. യോഹന്നാൻ 10:22–38

അവൻ ദൈവപുത്രനാകുന്നുവെന്നുള്ള 'വെളിപ്പെട്ട സത്യം' ശിഷ്യസമൂഹത്തിന്റെ പശ്ചാത്തലത്തിലുള്ളത്, പോയ ആഴ്ചയിലെ വേദഭാഗമായിരുന്നുവെങ്കിൽ, ഇന്ന് അവനിൽ വിശ്വസിക്കാതിരുന്ന സമൂഹം ഇതേ സംബന്ധിച്ച് അവനോട് ചോദിക്കുന്ന ഭാഗമാണ്.

**ഹൃദയത്തിൽ പതിയാത്ത സത്യങ്ങൾ**

പ്രതിഷ്ഠാ പെരുന്നാളിന്റെ പശ്ചാത്തലത്തിലാണ് സംഭവം നടക്കുന്നത്. യഹൂദപാരമ്പര്യങ്ങളിൽ അധികം പഴക്കമില്ലാത്ത 'ഹനൂക്ക' പെരുനാളാണത്. ബി. സി. 167ൽ അന്തിയോക്കസ് എപ്പിഫാനസിന്റെ നേതൃത്വത്തിലുള്ള സിറിയൻ സേനയുടെ ആക്രമണത്തിൽ യെറുശലേം ദേവാലയത്തിലുണ്ടായ നാശനഷ്ടങ്ങൾ, പുനരുദ്ധരിച്ച് പുന:പ്രതിഷ്ഠ നടത്തിയതിന്റെ ഓർമ്മ പെരുന്നാളണിത്. ദീപപ്രഭയിലാണിതവരാചരിക്കുന്നത്. മക്കാബിയ കുടുംബത്തിന്റെധീരോദാത്തമായ പ്രവർത്തനങ്ങളിലൂടെയാണ് അവർക്കന്ന് സ്വാതന്ത്ര്യം കൈവന്നത്. ഇപ്പോൾ അവർ റോമാധിപത്യത്തിലാണ്. സംഘടിതമായ ആക്രമണങ്ങളെപറ്റി സ്ഥിരീകരിക്കാത്ത ശ്രുതികളുമുണ്ട്. രക്ഷകനായൊരാളെ ഉറ്റുനോക്കുന്ന സമൂഹം. അവരിൽ ചിലർ കർത്താവിനോട് ചോദിക്കുന്നത്, "നീ എത്രകാലം ഞങ്ങളെ സംശയിപ്പിക്കും? നീ മിശിഹാ തന്നെയോ?" (Vs.24 )

അവരുടെ സമൂഹത്തെ സംബന്ധിച്ച് അവർക്ക് എരിവും, വൈരാഗ്യവും, ആവേശവും, സമർപ്പണവും ഒക്കെയുണ്ടെങ്കിലും അവരുടെ മുൻപിൽ നിൽക്കുന്ന 'മശിഹാ' എന്നരക്ഷകനെ ഉൾക്കൊള്ളുവാനോ അവനാകുന്ന സത്യത്തെ സ്വീകരിക്കുവാനോ അവർക്ക് കഴിഞ്ഞില്ല. നമ്മുടെ സ്വത്വത്തെ സംബന്ധിച്ച് നമ്മൾക്ക് തീവ്രാവബോധവും, ആവേശവുമൊക്കെയുണ്ടായിരിക്കാം. എന്നാൽ അത്തരത്തിലുള്ള തീക്ഷണതയേ പൂർത്തീകരിക്കുന്നതും, അതിനെ ഫലപ്രാപ്തിയിയിൽ കൊണ്ടുവരേണ്ടതും അവൻ 'ദൈവപുത്രനാകുന്നു' എന്ന സത്യവിശ്വാസാടിസ്ഥാനത്തിലാകണം. അവനാകുന്ന സത്യത്തിന്റെ കാഴ്ച്ചപ്പാടിലൂടെ നമ്മുടെ ആവശത്തെ നമ്മൾക്ക് പ്രയോഗത്തിലാക്കാം.

**അവന്റെ പിന്നാലെ പോകുന്ന ആടുകൾ**

എന്നാൽ ഈ സത്യം കേട്ട് ഉള്ളിൽ ഉറപ്പിച്ച് അവന്റെ പിന്നാലെ പോയവരുണ്ട്. അവരെ സംബന്ധിച്ച് പറയുമ്പോൾ അവൻ 'ഇടയനും–ആടുകളും' എന്ന രൂപകം കൊണ്ടുവരുന്നു. ഇടയൻ കൂട്ടത്തിന്റെ പിൻപിൽ നടന്ന് ആട്ടിതെളിയിക്കുന്നവനല്ല. അവരുടെ മുൻപിൽ നടന്ന് അവയ്ക്ക് മാർഗ്ഗം കാണിക്കുന്നവനാകുന്നു. ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു, അവന്റെ പിന്നാലെ പോകുന്നു. അവർക്ക് ആത്യന്തികമായി ലഭിക്കുന്നത് 'നിത്യജീവൻ' ആകുന്നു. നമ്മെ നയിക്കുന്നത് വ്യർത്ഥാവേശങ്ങളല്ല, അവന്റെ സ്നേഹസ്വരമാണ്. അത് നമ്മേ നിത്യരക്ഷയിലേക്ക് നയിക്കുന്നു. ■

## ജോയി കുളനടയുടെ കാർട്ടൂർ രചനാ വാർഷികം ആഘോഷിച്ചു



**പന്തളം:** ചെറിയ വരകളിലൂടെ വലിയ കാര്യങ്ങൾ ജനഹൃദയങ്ങളിൽ എത്തിക്കാനുള്ള കാർട്ടൂണിസ്റ്റുകളുടെ കഴിവ് പ്രശംസനീയമാണെന്ന് കേന്ദ്ര സഹമന്ത്രി കെ. വി. തോമസ് പറഞ്ഞു. കേരളാ ആനിമേഷൻ അക്കാദമിയുടെ നേതൃത്വത്തിൽ കാർട്ടൂണിസ്റ്റ് ജോയി കുളനടയുടെ കാർട്ടൂൺ രചനയുടെ നാൽപതാം വാർഷികം വരയുടെ 40 സുവർണ്ണവർഷങ്ങൾ എന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകആയിരുന്നു അദ്ദേഹം. കാർട്ടൂൺ ആനിമേഷനെ ആരോഗ്യം വിദ്യാഭ്യാസം കൃഷി തുടങ്ങിയവയുടെ വളർച്ചയ്ക്കു പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു.


**മാർത്തോമ്മാ മെമ്മോറിയൽ ദിവന്നാസിയോസ് പ്രൈസ് കലാമത്സരങ്ങൾ**

*തീയതി:*
2010 നവം. 17 ബുധൻ
*സ്ഥലം:*
പത്തനാപുരം ട്രെയിനിംഗ് കോളജ്
*കൂടുതൽ വിവരങ്ങൾക്ക്*
**ഫാ. സ്റ്റീഫൻ തോമസ്, കൺവീനർ,**
**9048376324**



**ST. THOMAS ORTHODOX SEMINARY, NAGPUR**

**ADMISSION NOTICE**

St. Thomas Orthodox Theological Seminary, Nagpur (Affiliated of Serampore University) invites applications from committed Christian men and women for the BD course of the academic year 2011-12. The last date for submitting the application form is November 30. For application form and further details contact

Fr. Dr. Shaji P John
Registrar
St. Thomas Orthodox Seminary
Kalmeshwar P.O, Nagpur 441 501
Ph. 07118 271696, 9657874641

BUDHIMAN

# ബുദ്ധിമാൻ

ഫാ. മുകളിൽ





## വിശുദ്ധനാട് തീർത്ഥാടനം

അഭിവന്ദ്യ തിരുമേനിമാരുടെ ആശീർവ്വാദത്തോടെ വന്ദ്യ വൈദീകരുടെ നേതൃത്വത്തിൽ യോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ, ഈജിപ്ത് എന്നീ സ്ഥലങ്ങളിലേക്ക് എല്ലാ മാസവും യാത്ര പുറപ്പെടുന്നു.

**എല്ലാ ചിലവുകളും ഉൾപ്പെടെ 59,900/–**
**ഒക്ടോബർ – 23, ഡിസംബർ – 21**

**ഈ വർഷത്തെ ക്രിസ്തുമസ്സ് ബേദ്‌ലഹേമിൽ ഉടൻ ബുക്ക് ചെയ്യുക**

**പ്രത്യേകതകൾ:**

* കുറഞ്ഞ യാത്രാ ചിലവ്
* വൈദീകരുടെ നേതൃത്വം
* അംഗീകാരമുള്ള ഗൈഡുകൾ
* പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം
* എയർ കണ്ടീഷൻ ബസുകളിൽ യാത്ര
* 3/4 സ്റ്റാർ ഹോട്ടലുകളിൽ താമസം


**Contact:**

Fr. K. G. Mathew Thekkedathu
9496326726, 9526788928

Mr. Saji Sam
9496326768, 9447593801

**JORDAN VALLY TOURS & TRAVELS**
**Munjavilayil Building, Mallassery P.O.**
**Pathanamthitta, Kerala**
**Email: jordanvallytours@hotmail.com**


## 40–ാം ചരമദിനം
## (8–10–2010)




Retd. Capt. **T. G. Yohannan** (83)

**Thekke Edavoor**
**Naduvattom P.O.**
**Pallipad**

ഉത്തരേന്ത്യയുടെ അപ്പോസ്തോലൻ പുണ്യശ്ലോകനായ

## അഭി. ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമനസ്സിന്റെ

## പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ



(02.10.1924 - 05.11.2007)

**സ്തേഫാനോസ് മാർ തേവോദോസിയോസ് ചാരിറ്റബിൾ സൊസൈറ്റി,**

**Reg. No. K. 380/90.** കുറിച്ചി, കോട്ടയം - 686549

**(പ്രസിഡന്റ് റവ. ഫാ. കെ. എം. മാത്യു) സെക്രട്ടറി – പ്രൊഫ. എ. എസ്സ്. വർഗീസ്**

മൂന്നാം ശ്രാദ്ധപ്പെരുന്നാൾ നവം. 4, 5 തീയതികളിൽ പാത്താമുട്ടം സ്ലീബാ പള്ളിയിൽ നിയുക്ത ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു.



കുരുമുളകും
കേരളവും

അഡ്വ. തോമസ് ജോർജ്, കടമ്പനാട്

# യവനപ്രിയ എന്ന കുരുമുളക്

## 20-ാം നൂറ്റാണ്ട് കേരളത്തിന്റെ വളർച്ചക്ക് ഉപകരിച്ച ഏക സുഗന്ധ ദ്രവ്യം കുരുമുളക് എന്ന കറുത്തപൊന്ന്

കേരള ചരിത്രത്തിൽ കുരുമുളക് എന്ന കറുത്ത സ്വർണ്ണത്തിന് പ്രധാനസ്ഥാനം ഉണ്ട്. അതിപുരാതനകാലം മുതൽ കേരളത്തിന്റെ സുഗന്ധദ്രവ്യങ്ങൾ അസീറിയ, ബാബിലോൺ, മെസപ്പൊത്തോമിയ, ഈജിപ്ത്, റോം തുടങ്ങിയ പടിഞ്ഞാറൻ രാജ്യങ്ങൾക്ക് ഒഴിവാക്കാനാകാത്ത വസ്തുവായിരുന്നു. പഴയനിയമത്തിൽ മോശയുടെ ബലിപീഠത്തിലും ശലോമൻ രാജാവിന്റെയും ശേബാരാജ്ഞിയുടേയും അന്തഃപുരങ്ങളിലും ഇവയുടെ സാന്നിദ്ധ്യം വിവരിച്ചിട്ടുണ്ട്. ഈജിപ്തിലെ മമ്മികളെ അടക്കം ചെയ്യുമ്പോൾ കേരളത്തിലെ സുഗന്ധ ദ്രവ്യങ്ങൾ കൊണ്ട് പൂശിയിട്ടുള്ളതായിരുന്നു എന്ന് ഗവേഷകർ വെളിപ്പെടുത്തിയിട്ടുണ്ട്. കുരുമുളക്, ഏലം, കറുവപ്പട്ട, ചുക്ക്, വൈഡൂര്യം, മുത്ത്, ശംഖ് തുടങ്ങിയവയായിരുന്നു കേരളത്തിൽ നിന്ന് പ്രധാനമായി കൊണ്ടുപോയിരുന്നത്. 'യവനപ്രിയ' എന്ന് കുരുമുളകിനെ സംസ്കൃതത്തിൽ വിളിച്ചിരുന്നു. പ്ലിനി എ.ഡി. ഒന്നാം നൂറ്റാണ്ടിൽ എഴുതിയിരിക്കുന്നത്, റോമൻ സാമ്രാജ്യത്തിന്റെ സ്വർണ്ണ ശേഖരം മുഴുവൻ ഇൻഡ്യയിലേക്ക് ഒഴുകുകയായിരുന്നു എന്നാണ്. ഏകദേശ കണക്കുകൾ അനുസരിച്ച് 1 കോടി



പൗണ്ടിനു തുല്യമായ റോമൻ സ്വർണ്ണ ദിനാറുകൾ ഒരു വർഷം കേരളത്തിന്റെ തുറമുഖങ്ങളിലേക്ക് ആ കാലത്ത് ഒഴുകിയിരുന്നു. റോത്ത് വർഗ്ഗക്കാർ റോം ആക്രമിക്കാൻ ആവശ്യപ്പെട്ടത് 3000 റാത്തൽ കുരുമുളക് ആയിരുന്നുവെന്ന് ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു.


BC 3-ാം നൂറ്റാണ്ടുമുതൽ AD 9-ാം നൂറ്റാണ്ടു വരെ മുസരീസ്, തൊണ്ടി, നൗറ, നെൽക്കണ്ടം തുടങ്ങിയ തുറമുഖങ്ങൾ ഇവയുടെ കടത്തുമൂലം സമ്പന്നമായ നഗരങ്ങളാണ്. തുടർന്ന് മുസരീസ്, നെൽകണ്ടം തുടങ്ങിയവയുടെ പ്രസക്തി കുറഞ്ഞതായും കാണുന്നു. തുടർന്ന് ഉയർന്നു വന്ന തുറമുഖങ്ങളാണ് പന്തലാനി, കോഴിക്കോട്, കൊല്ലം, പുറക്കാട്, കടലുണ്ടി

തുടങ്ങിയവ. ഇവയിൽ കൊല്ലം തുറമുഖം ഏതാണ്ട് 16–ാം നൂറ്റാണ്ട് വരെ തെക്കേ ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖ നഗരമായി.

ക്രിസ്തുവർഷാരംഭത്തിനു മുൻപ് മുതൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ കുരുമുളകിന്റെ സംഭാവന വളരെ വലുതാണ്. ക്ഷേത്രനിർമ്മാണങ്ങൾക്കും ദേവാലയ നിർമ്മാണങ്ങൾക്കും വേണ്ടി വിനിയോഗിച്ചിരുന്നതിന്റെ ഏറിയ പങ്കും വിദേശത്തു നിന്നു ലഭിച്ചിട്ടുള്ള സമ്പത്തായിരുന്നു. ഇത് ഫ്യൂഡൽ വ്യവസ്ഥയുടെ വളർച്ചക്ക് കാരണമായിട്ടുണ്ട്. ജന്മി, പാട്ടക്കാരൻ, കൃഷിക്കാരൻ, അടിയാർ തുടങ്ങി സമൂഹത്തേ പല തട്ടുകളായി തിരിക്കാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. ഒരു കച്ചവട സമൂഹത്തെ ഉയർത്തിക്കൊണ്ടു വരുവാൻ ഈ കറുത്ത സ്വർണ്ണത്തിന് കഴിഞ്ഞിട്ടുണ്ട്. ചേര രാജ്യത്തിന്റെയും അതിന്റെ സാമന്തന്മാരുടെ നേരേ ചോളന്മാരും പാണ്ഡ്യന്മാരും നിരന്തരം ആക്രമിക്കാനും കൊള്ളയടിക്കാനും ഉണ്ടായ പ്രാധാന കാരണം കുലശേഖരന്മാർക്കും വേണാടിനും ആധിപത്യമുള്ള പ്രമുഖ തുറമുഖ പട്ടണങ്ങൾക്ക് ഉണ്ടായ ചുങ്കം വരുമാനം പകയും അസൂയയും ആയി മാറിയതാണെന്ന് മനസ്സിലാക്കാം. കുരുമുളകിനു വേണ്ടി എത്തിയ യഹൂദന്മാരും, അറബികളും, സിറിയൻ ക്രിസ്ത്യാനികളും, ഈ നാട്ടിൽ കുടിയേറുവാനും അതുവഴി ഒരു സമ്മിശ്ര സംസ്കാരരീതി വളർന്ന് വരുകയും ചെയ്തിട്ടുള്ളതാണ്. വിവിധ രീതിയിലുള്ള കെട്ടിട നിർമ്മാണശൈലി ഇതു മൂലം ഉണ്ടായി.

വാസ്കോഡിഗാമയുടെ വരവോടുകൂടി പോർച്ചുഗീസ് ആധിപത്യം കോഴിക്കോടിന്റെയും അവിടെ നിന്നുള്ള കുരുമുളകിന്റെയും അറബിമേൽക്കോയ്മക്ക് ഇടക്കാലത്തേക്ക് വിരാമമായി. എന്നാൽ കുറെക്കാലം കഴിഞ്ഞപ്പോൾ സാമൂതിരിക്ക് പറങ്കികളിൽ വിശ്വാസം നഷ്ടപ്പെടുകയും ഇവർക്കെതിരെ നീങ്ങുകയും ചെയ്തപ്പോൾ സമീപമുള്ള നാടുവാഴികളുടെ സഹായത്തോടെ കൊച്ചിയിലെ കുരുമുളക് കുത്തക കൈവശപ്പെടുത്തിയ ചരിത്രമാണ് പറങ്കികൾക്ക് ഉള്ളത്. തുടർന്നു വന്ന ഡച്ചുകാരും, ഇംഗ്ലീഷുകാരും ഇവരെകീഴ്പ്പെടുത്തിയത് നമുക്ക് അറിയാമല്ലോ? അങ്ങനെ കുരുമുളക് എന്ന കറുത്തപൊന്ന് ഏതാണ്ട് 2000 കൊല്ലക്കാലം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രോത്സാഹിപ്പിച്ചിരുന്ന ഏക കയറ്റുമതി ചരക്കാണ്.

കൂടാതെ കുരുമുളകിന് ഉണ്ടായിരുന്ന ചില പ്രത്യേകതകൾ കൂടി പറയേണ്ടിയിരിക്കുന്നു. വിദേശികൾ ഇവ കൃഷി ചെയ്യുന്നതിനുള്ള ശ്രമങ്ങൾ തുടർന്നു വന്നു. മുളക് തല പ്രത്യേകം കെട്ടുകളിലാക്കി കപ്പലു



**കുരുമുളക് ഇടത്തരക്കാരന്റെ കൃഷിയായിരുന്നു. ഇതിനു വൻ തോട്ടകൃഷി രീതിയിൽ വികസിപ്പിക്കുവാൻ വളരെ പ്രയാസമാണ്. കൃഷിക്ക് അനുയോജ്യമായ മണ്ണ് ഇടനാടിന്റെ പശിമയുള്ള കരിമണ്ണ് ആണ്.**

കളിൽ കയറ്റിക്കൊണ്ടുപോയതറിഞ്ഞ് സാമൂതിരിരാജാവ് ചോദിച്ചത് 'കുരുമുളക് തല കൊണ്ടുപോകാം, പക്ഷെ തിരുവാതിര ഞാറ്റുവേല കൊണ്ടുപോകാൻ പറ്റുമോ' എന്നാണ്. കേരളത്തിന്റെ കാലാവസ്ഥയെ അവർക്ക് കൊണ്ടുപോകാൻ പറ്റില്ലയെന്നർത്ഥം.

കുരുമുളക് ഇടത്തരക്കാരന്റെ കൃഷിയായിരുന്നു. ഇതിനു വൻ തോട്ടകൃഷി രീതിയിൽ വികസിപ്പിക്കുവാൻ വളരെ പ്രയാസമാണ്. കൃഷിക്ക് അനുയോജ്യമായ മണ്ണ് ഇടനാടിന്റെ പശിമയുള്ള കരിമണ്ണ് ആണ്. അതിനാൽ തന്നെ ഇതിന്റെ കൃഷിക്ക് ഏറ്റവും പേരുകേട്ടത് കൊട്ടനാര എന്നുള്ള കടത്തനാട് ഉൾപ്പെടുന്ന കുന്നത്തൂർ, കൊട്ടാരക്കര തുടങ്ങിയ കുറിഞ്ഞി പ്രദേശങ്ങളായിരുന്നു. കൂടാതെ മിതമായ മഴയും വെള്ളം കെട്ടിനിൽക്കാത്ത പശിമരാശിയുള്ള കടമ്പനാടിന്റെ ഉൾപ്രദേശങ്ങളിലും അതിപുരാതന കാലം മുതൽ കുരുമുളക് കൂടുതൽ ഉൽപ്പാദിപ്പിച്ചിരുന്ന പ്രദേശങ്ങളായിരുന്നു. ഇത് ഇവിടെനിന്ന് കൊല്ലം, കായംകുളം, കന്നേറ്റി തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഇതിന്റെ വ്യാപാരം ഉണ്ടായിരുന്നു. 1622–ൽ ഭാരതത്തിൽ പര്യടനം നടത്തിയ ഡോ. ജോൺ പ്രയർ എന്ന ഇംഗ്ലീഷുകാരൻ കേരള തുറമുഖങ്ങളിലെ നല്ലയിനം കുരുമുളക് ലഭിക്കുന്ന ഒരു സ്ഥലമായി കരുനാഗപ്പള്ളിയെ ചിത്രീകരിച്ചിട്ടുണ്ട്. പിന്നീട് ന്യൂയോർക്ക് എന്ന ഡച്ച് ഉദ്യോഗസ്ഥൻ Remarkable voyages and travels into the best provinees of the west and East Indies എന്ന പേരിൽ തന്റെ യാത്രയെ പുസ്തകരൂപത്തിലാക്കി പ്രസിദ്ധീകരിച്ചു. 1653 മുതൽ 1670 വരെ ഇയാൾ കേരളത്തിൽ ഉണ്ടായിരുന്നു. അദ്ദേഹം നല്ലയിനം കുരുമുളക് ലഭിക്കുന്നതിനു വേണ്ടി കോഴിക്കോടും കൊച്ചിയും ഉപേക്ഷിച്ച് മരുതൂർകുളങ്ങര (കരുനാഗപ്പള്ളി) കായംകുളം എന്നീ ചെറുകിട വ്യാപാര കേന്ദ്രങ്ങളിലെത്തുകയും കുരുമുളകിന്റെ മേന്മ ബോദ്ധ്യപ്പെട്ട് നാട്ടുരാജാക്കന്മാരോട് മുസ്ലീം മൊത്ത വ്യാപാരികളെ ഒഴിവാക്കി കടമ്പനാട്, കുന്നത്തൂർ, ശാസ്താംകോട്ട തുടങ്ങിയ സ്ഥലങ്ങളിലെ ഇട വ്യാപാരികളിൽ നിന്ന് നേരിട്ട് ഇവ വാങ്ങുവാൻ അനുവദിക്കണമെന്നുള്ള അഭ്യർത്ഥന മരുതൂർകുളങ്ങര രാജാവുമായി ഉടമ്പടി ചെയ്തു. ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത് ഈ പ്രദേശത്തു ഉല്പാദിപ്പിച്ചിരുന്ന കുരുമുളക് ലോകത്ത് ഏറ്റവും മേന്മയുള്ളതായിരുന്നു എന്നതാണ്.

കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിന്റെ ഭാഗമായ കുരുമുള

കിന്റെ പ്രാധാന്യം ഇപ്പോൾ കുറഞ്ഞിരിക്കുന്നു. അധികലാഭം ലഭിക്കുവാൻ സാദ്ധ്യതയുള്ള കൃഷിയിലേക്ക് എളുപ്പം തിരിയുന്ന കേരളീയൻ റബ്ബറിനൊപ്പം ഇറക്കുമതികൃഷികളിലേക്ക് വളരെ പെട്ടന്ന് തിരിയുകയാണ്. നമ്മുടെ പരമ്പരാഗതമായ കൃഷികൾ കുറേശ്ശെനിന്നു വരികയാണ്. നെൽക്കൃഷി ചെയ്തിരുന്ന പാടശേഖരങ്ങൾ നികത്തിക്കൊണ്ടിരിക്കുന്നു. തെങ്ങ് രോഗ ഭീഷണിയിലാണ്. നാളികേര ഉല്പാദനവും കുറയുകയാണ്. മണ്ണിന്റെ മക്കളായ കർഷക തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് കുടിയേറ്റം നടത്തി കൊണ്ടിരിക്കുമ്പോൾ കൃഷിക്കാരൻ മറ്റ് രീതികളിലേക്ക് തിരിയുന്നതിനെ ആർക്ക് കുറ്റപ്പെടുത്താനാകും. എന്നിരുന്നാലും കുരുമുളകിന് ഉള്ള മേന്മ മറ്റൊന്നിനും അവകാശപ്പെടുവാൻ പറ്റുകയില്ല. പുതിയ പല കൃഷികളും പുതിയതരം രോഗങ്ങളും കീടങ്ങളെയും നമുക്ക് സംഭാവന ചെയ്തിരിക്കുന്നു. കുരുമുളക്, ഏലം, ഇഞ്ചി തുടങ്ങിയ കൃഷികൾ അന്തരീക്ഷത്തിന് ദോഷമില്ലാതെയും മേൽമണ്ണിന് സംരക്ഷണം നൽകിയിരുന്നുവെന്നുള്ളതും പഴയ തലമുറ ഓർമ്മിപ്പിച്ചിരുന്നതാണ്. ദീർഘനാൾ സൂക്ഷിച്ച് വച്ച് അത്യാവശ്യ സന്ദർഭങ്ങളിൽ സ്വർണ്ണത്തിനു സമാനമായ വില വാങ്ങി വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന പഴയ തലമുറ കുരുമുളകിന് കറുത്ത സ്വർണ്ണം എന്ന പേര് ഇട്ടതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. ■

## പരുമലയിൽ ഓഫീസ്

പരുമല പെരുനാളിനോടനുബന്ധിച്ച് മലങ്കരസഭ മാസികയുടെ ഓഫീസ് ഒക്ടോ. 30, 31, നവം. 1, 2 തീയതികളിൽ പരുമലയിൽ പ്രവർത്തിക്കുന്നതായിരിക്കും. അവിടെ വരിസംഖ്യ പുതുക്കുന്നവർക്ക് 2011 ഡീലക്സ് ഡയറി സമ്മാനമായി ലഭിക്കും.



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

'വൃക്ഷം' ആത്മീയ അന്വേഷകന്റെ ഉപാസനകളെ പ്രചോദിപ്പിക്കുന്ന ഒന്നാണ്. ബുദ്ധന് ഒരു ബോധി വൃക്ഷമുണ്ട്, നഥാനിയേലിന് ഒരു അത്തിച്ചുവടുണ്ട്. യേശുതമ്പുരാന് ഗത്സമനയിലെ ഒലിവു വൃക്ഷങ്ങളുമുണ്ട്. ആറ്ററികത്ത് നട്ടിരിക്കുന്ന തക്കകാലത്ത് ഫലം കായ്ക്കുന്ന ഇല വാടാത്ത വൃക്ഷമാണ് ദൈവജ്ഞൻ എന്ന് സങ്കീർത്തനക്കാരൻ. ജീവന്റെ ഉറവയായ ദൈവത്തിന്റെ തീരത്ത് വിശ്വാസത്തിന്റെ വേരുകൾ ഉറപ്പിച്ച് സാക്ഷ്യമുള്ള ജീവിതത്തിന്റെ കാണ്ഡങ്ങൾ ഉയർത്തിപ്പിടിച്ച് നീതിയിൻ സൂര്യനിലേക്ക്.

കൊട്ടിഘോഷിക്കലുകളുടെ ലോകത്ത് വൃക്ഷം ഒരു മൗനത്തിന്റെ കടലാണ്. ജീവനറ്റ പരിസ്ഥിതിയിൽ ജീവനായി എങ്ങനെ നിലനിൽക്കാം എന്നാണ് അത് നമ്മെ പഠിപ്പിക്കുന്നത്. നേടിക്കൊണ്ടിരിക്കുന്നതിനേക്കാൾ നൽകിക്കൊണ്ടിരിക്കുന്നതാണ് ശ്രേഷ്ഠം എന്ന് മറ്റാരെക്കാളും വൃക്ഷം പഠിപ്പിക്കുന്നു. സൃഷ്ടാവിനെ ഫലദായകമായാണ് സ്തുതിക്കേണ്ടത് എന്ന് വൃക്ഷം നമ്മെ ഓർമ്മിപ്പിക്കുകയാണ്. ഫലമില്ലാത്ത കാണ്ഡങ്ങൾ ഛേദിക്കപ്പെടുന്നത് തിരുത്തലിനുവേണ്ടിയുള്ള ഓർമ്മപ്പെടുത്തലാണ്. അവിടെയും ഫലദായകമായ പുതുനാമ്പുകൾ ഉണരാത്തിടത്താണ് യജമാനന്റെ കോടാലി നമ്മുടെ നാരായവേര് അറുത്തുകളയുന്നത്. ഛേദിക്കപ്പെടുന്നത് നന്മയ്ക്കാകണം രൂപാന്തരത്തിനാകണം, വിഛേദനത്തിനാകരുത് നിർമ്മൂലമായ അഗ്നിക്കിരയാകരുത്. എല്ലാ പടർന്ന് പന്തലിപ്പിന്റെ അഹന്തകളിലും ചെത്തിവെടിപ്പാക്കുന്ന വചനത്തിന്റെ വാൾ സൂക്ഷിക്കുന്നത് നല്ലത്.

സ്ളീബാ തണൽ വൃക്ഷത്തിന്റ കാരുണ്യത്തോട് ചേർന്ന് നിൽക്കുന്നതാണ്. വടവൃക്ഷം ഒരു ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നു. അത് തണലും അന്തിക്കഭയവും വിശപ്പിന് ആഹാരവും പ്രതിസന്ധികളിൽ ജീവനായും മാറുന്നു. സ്ളീബാ മരം ഒരു വിശ്വവൃക്ഷത്തിന്റെ ഭാവമായി മാറുകയാണ്. ഗോഗുൽഥായിൽ യേശുവിൽ നിന്ന് സ്ളീബാ മരത്തിലൂടെ ഒഴുകുന്ന രക്തം ആദമിന്റെ തലയോട്ടിയിലാണ് പതിക്കുന്നതെങ്കിൽ അത് വിശ്വപ്രപഞ്ചത്തിലേക്ക് മുഴുവനും ഒഴുകുന്ന രക്ഷയുടെ രക്തമാണ്. അങ്ങനെ സ്ളീബാ രക്ഷയുടെ തണലും രക്ഷയുടെ വൃക്ഷവുമാകുന്നു.

ഒരു വൃക്ഷം താൻ സ്നേഹിക്കുന്ന ഒരു മനുഷ്യന്റെ ജീവിത പ്രതിസന്ധികളെ നേരിടാൻ തന്റെ ശിഖരങ്ങളും തായ്ത്തടിയും അവസാനം തായ്വേരുകളും പോലും നൽകുന്ന ഒരു കഥയുണ്ട്. താൻ പൂർണ്ണമായി ഇല്ലാതാകുമ്പോഴും ഫലദായകമാവുക എന്നത് വൃക്ഷം നമ്മെ പഠിപ്പിക്കുകയാണ്. ചില കൊടുങ്കാറ്റുകളും പിശറൻ കാറ്റുകളും നമ്മെ വീഴ്ത്തിക്കളയുമ്പോൾ ഏത് കാറ്റുകൾക്കും വഴി നൽകി സ്ഥിരചിത്തനാകുന്നതാണ് വൃക്ഷം. ഭൂമിയെയും സ്വർഗ്ഗത്തെയും ഒരുപോലെ പ്രതീകവത്കരിക്കുവാൻ വൃക്ഷത്തിനാകുന്നു. ഭൂമിയിൽ നിലനിൽക്കുമ്പോൾ തന്നെ സ്വർഗ്ഗം ലക്ഷ്യമാക്കുന്നത് വൃക്ഷമാകലാണ്.

ഇവിടെ വ്രതശുദ്ധിയുടെ കാവുകൾ സൃഷ്ടിക്കുവാൻ കഴിയണം. ആത്മീയതയുടെ വൃക്ഷങ്ങളാകുവാനും കഴിയണം. സ്നേഹത്തിന്റെ വൃക്ഷഫലങ്ങളും പൊഴിക്കണം. നമ്മുടെ കാവുകളിൽ ജീവവൃക്ഷമാകാൻ മുളപൊട്ടുന്ന ക്രിസ്തുവിനെ തിരിച്ചറിയണം.

"കാവുതീണ്ടല്ലേ"



ഫാ. വിൽസൺ മാത്യു
(ബേസിൽ ദയറ)

# Talk to each other...



പഴയകാലത്ത് പലർക്കും സ്വന്തമായി വാച്ചില്ലായിരുന്നു, എന്നാൽ ആവശ്യത്തിന് സമയം ലഭിച്ചിരുന്നു. ഇന്ന് എല്ലാവർക്കും സ്വന്തമായി വാച്ചുണ്ട്, സമയമറിയുന്നുമുണ്ട്. ഒന്നിനും സമയം ലഭിയ്ക്കാത്തതാണ് ആധുനിക കാലത്തെ പ്രശ്നം. ഒരു നിമിഷം പോലും നിശബ്ദത പാലിയ്ക്കുവാൻ താല്പര്യമില്ലാത്ത മനുഷ്യൻ, സംസാരിയ്ക്കേണ്ടിയവരോട് സംസാരിയ്ക്കുവാൻ തയ്യാറാകുന്നില്ല. ആധുനിക ചികിത്സാവിധികളിൽ മന:ശാസ്ത്രം 'Talking Therapy യ്ക്ക് പ്രാധാനം നല്കാറുണ്ട്. 'ഹൃദ്യമായ സംസാരം' 'ഹൃദയം തുറന്നുള്ള സംസാരം, എന്നൊക്കെയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. സ്നേഹിയ്ക്കുവാനുള്ള ഇടവും, സ്നേഹം പങ്കുവെയ്ക്കുവാനുള്ള മാർഗ്ഗവുമായി നിഷ്ക്കളങ്കമായ സംഭാഷണത്തെ വിലയിരുത്താം.

'Talking to each other' എന്നതിലൂടെ, പരസ്പരവിശ്വാസത്തിന്റെ സംവേദനമാണ് രൂപപ്പെടേണ്ടത്. ആരും സംസാരിയ്ക്കുവാനില്ലാത്തതുമൂലം ഭാരപ്പെടുന്ന മനസ്സുകൾ അനേകമാണ്. സംസാരിയ്ക്കുവാൻ മടികാണിയ്ക്കുകയും, പുച്ഛത്തോടെ വീക്ഷിയ്ക്കുകയും ചെയ്യുന്നത് അപരാധമാണ്. ഉറ്റസ്നേഹിതർപോലും, മുഖം തിരിയ്ക്കുന്ന അനുഭവം പലരുടേയും ജീവിതത്തിലുണ്ട്. ഏറ്റവും കൂടുതൽ സംസാരിയ്ക്കുകയും ആസ്വദിയ്ക്കുകയും ചെയ്യുന്നതിൽ യുവാക്കൾക്ക് പ്രത്യേക താല്പര്യമുണ്ട്. എന്നാൽ പലരുടെയും പരാതി, "തങ്ങളോട് സംസാരിയ്ക്കാനാളില്ലെങ്കിലും കുറ്റപ്പെടുത്തുവാൻ ധാരാളം പേരുണ്ടെന്നാണ്. *ഒരു വ്യക്തിയോട് നേരിട്ട് സംസാരിയ്ക്കുവാൻ താല്പര്യമില്ലാത്തവർ അവരെപ്പറ്റി മറ്റുള്ളവരോട് സംസാരിയ്ക്കുവാൻ എത്രയോ സമയം ചിലവഴിക്കുന്നു എന്നത് വിരോധാഭാസമാണ്.*

ഒരു സംസാരത്തിലൂടെ ഒരുവനെ കുറ്റവാളിയും, നിരപരാധിയുമാക്കുവാൻ സാധിയ്ക്കും. ആത്മഹത്യകളും, കൊലപാതകങ്ങളും പലപ്പോഴും ഉദയം ചെയ്യുന്നത് ഇത്തരത്തിലുള്ള ചിലവാക്കുകളുടെ ചുവടുപിടിച്ചാണ്. മനസ്സിനെ ദീപ്തമാക്കുന്ന സത്പ്രവൃത്തികൾക്ക് ഉദ്ദീപിപ്പിയ്ക്കുന്ന വാക്കുകൾ നമ്മിൽ നിന്നുണ്ടാകണം.

'Evil Angels' എന്ന ഗ്രന്ഥത്തിൽ, ഒരു ആസ്ട്രേലിയൻ ജേർണലിസ്റ്റ് ഒരു സംഭവം രേഖപ്പെടുത്തുന്നു.

ഒരു പുരോഹിതനും, ഭാര്യയും, മൂന്നുകുട്ടികളും അവധിക്കാലം ചിലവഴിയ്ക്കുവാൻ ഒരു വനപ്രദേശത്തെത്തി. ഒരു ചെറിയ ടെന്റുകെട്ടി ഭക്ഷണം പാകം ചെയ്തുകഴിച്ച ആ കുടുംബം ആറുമാസം പിന്നിട്ട ഇളയ കുട്ടിയെ തുണികൊണ്ടുള്ള ചെറിയ തൊട്ടിലിൽ കിടത്തി വനഭംഗി ആസ്വദിയ്ക്കുവാൻ പോയി. അവർ പോയ ഉടനെ അവിടെയെത്തിയ ഒരു ചെന്നായ് കുട്ടിയെ കടിച്ചെടുത്ത് കടന്നുകളഞ്ഞു. കുട്ടിയെ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് ആ ദു:ഖത്തോടൊപ്പം കുട്ടിയുടെ കൊലക്കുറ്റം കൂടി ഏറ്റെടുക്കേണ്ടിവന്നു. മാതാപിതാക്കളാണ് കൊലപാതകികളെന്ന് നാട്ടുകാരും കോടതിയും വിലയിരുത്തി. 8 വർഷത്തെ തടവിന് കോടതി വിധിച്ചു. ഈ സമയത്ത് വനത്തിൽ നായാട്ടിനുപോയ ചിലർ കുട്ടിയുടെ വസ്ത്രം കണ്ടെത്തുകയും, അതിനെത്തുടർന്ന് നടത്തിയ തെളിവെടുപ്പിൽ മാതാപിതാക്കളെ നിരപരാധികളെന്ന് കണ്ട് വെറുതെ വിടുകയും ചെയ്തു. ജയിൽ മോചിതനായ പുരോഹിതൻ പിന്നീടതിനെപ്പറ്റി ഇപ്രകാരം പറഞ്ഞു. "കുഞ്ഞിനെ നഷ്ടപ്പെട്ട വേദനയിൽ കഴിഞ്ഞ ഞങ്ങളെപ്പറ്റി, മുഖത്തുനോക്കി കൊലപാതകികൾ എന്നുപറഞ്ഞപ്പോൾ അനുഭവിച്ച പ്രാണവേദന അസഹനീയമായിരുന്നു. ക്രിസ്തീയ ബലി അർപ്പണത്തെപ്പറ്റി അറിയാത്തവർ, ഇവൻ കുഞ്ഞിനെ ബലികൊടുത്തു എന്നു പ്രതികരിച്ചു. പുഞ്ചിരിയ്ക്കുന്ന മുഖത്തെ, രൗദ്രഭാവം ഭീതിദമായിരുന്നു. സ്നേഹിതരുടെ സംശയം മറ്റെന്തിനെക്കാളും എന്നെ വേദനിപ്പിച്ചു".

പരസ്പരം സംസാരിയ്ക്കുവാനറിയാത്തവരായി നമ്മൾ മാറ്റപ്പെടുന്നുണ്ടോ? സംസാരിച്ചുകഴിഞ്ഞാൽ മാന്യതയും, ആഢ്യതയും നഷ്ടപ്പെട്ടുപോകുമെന്ന് നമ്മൾ ഭയക്കുന്നുവോ? നമ്മെപ്പോലെ ഉള്ളവരോടും, ഉന്നതരോടും മാത്രമെ സംസാരിക്കൂ എന്ന് നാം തീരുമാനമെടുത്തുവോ? വേണ്ട... അത്തരം തീരുമാനമൊന്നും വേണ്ട. ഒന്നും സംസാരിയ്ക്കാനില്ലെങ്കിലും മനസ്സിന്റെ സന്തോഷം പ്രകടിപ്പിച്ചുകൂടെ?

ഭൂമിയിൽ സ്വസഹോദരനോട്, സ്നേഹിതനോട്, സഹവർത്തിയോട് മനസ്സുതുറന്നു സംസാരിയ്ക്കാത്തവൻ എങ്ങനെ സ്വർഗ്ഗത്തിൽ മാലാഖമാരോടൊത്ത് ദൈവത്തെ സ്തുതിയ്ക്കും? ഇവിടെ പുഞ്ചിരിയ്ക്കാത്തവന്, നന്മ പകർന്നുനൽകാത്തവന് *എങ്ങനെ* ദൈവസന്നിധിയിൽ സന്തോഷം പങ്കിടാൻ സാധിയ്ക്കും? സ്വർഗ്ഗത്തിലെ സ്തുതിഗീതങ്ങൾ ഇവിടെ നാം സംസാരിയ്ക്കുന്ന, പങ്കിടുന്ന പ്രത്യാശയുടെ സംഭാഷണങ്ങളാണ്. ഹൃദ്യമായ, നിർമ്മലമായ ആ സംഭാഷണങ്ങളിൽ നിന്നുമാണ് സ്വർഗ്ഗത്തിലെ ഭാഷ നാം പഠിയ്ക്കേണ്ടത്.

## II^ND DEATH ANNIVERSARY

### *IN LOVING MEMORY OF*

08-10-2010

**MR. K. K. JOHNSON**

**KUNNINPURATHU ALLAYIL**
**KOZHENCHERRY EAST P.O.**



*By Sorrowing Family,*


**MRS. MARY JOHNSON**
**ABEY K. JOHNSON**
**SHIGY ABEY, JONATHAN ABEY JOHNSON, DAVID ABEY JOHNSON & CIBI K. JOHNSON**

## ശിലാസ്ഥാപനം നിർവഹിച്ചു



കോയമ്പത്തൂർ കരൂർ, കാരുണ്യ യൂണിവേഴ്സിറ്റിക്ക് സമീപം വിദ്ധ്യാർത്ഥികൾക്കായി പണിയുന്ന ഹോളി ഇന്നസെന്റ് ഓർത്തഡോക്സ് ചാപ്പലിന് മദ്രാസ് ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ 2010 ഓഗസ്റ്റ് 7–ന് വി. കുർബ്ബാനക്കു ശേഷം ശിലാസ്ഥാപനം നിർവഹിച്ചു. കോയമ്പത്തൂർ കാരുണ്യ യൂണിവേഴ്സിറ്റിയിൽ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ 200–ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അവർക്ക് ആരാധനയ്ക്ക് സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ചാപ്പൽ നിർമ്മിക്കുന്നത്. മലങ്കരസഭയിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പണിയപ്പെടുന്ന ആദ്യ ദേവാലയം എന്ന പ്രത്യേകതയും ഈ ചാപ്പലിനുണ്ട്, നിർമ്മാണ പ്രവർത്തനങ്ങൾക്ക് കോയമ്പത്തൂർ എം.ജി.ഒ.സി.എസ്.എം. സ്റ്റുഡന്റ്സ് ചാപ്ലയിൻ ഫാ. തമ്പി വർഗീസ് മേൽനോട്ടം വഹിക്കുന്നു.

## 25–ാം ചരമ വാർഷികം



**DR. A. D. DANIEL**
**17 OCT. 200**



**MRS. RACHEL DANIEL**
**01 FEB. 2010**

**ALUMMOOTTIL - AMBAIKAL**
**MAVELIKARA**

*INSERTED BY: SORROWING fAMILY*

## ജ്ഞാനപീഠത്തിലേറിയ പ്രിയ കവിക്ക്



"കത്തിയെരിയണം
കണ്ണടയുംവരെ
തപ്തബാഷ്പം തൂകി
നിന്നു ചിരിക്കണം"
(മെഴുകുതിരികൾ)


മനുഷ്യന്റെ തപ്ത ഹൃദയത്തെ ഇത്രമേൽ ചാരുതയോടെ വരച്ചുകാട്ടിയ മലയാണ്മയുടെ പ്രിയ കവിക്ക്
അനുമോദനങ്ങൾ
–അക്ഷരക്കൂട്ടം

## നിയമിതനായി



ഗാന്ധിയൻ ചിന്തകനും, ഗ്രന്ഥകാരനും സഭാ മാനേജിംഗ് കമ്മറ്റി അംഗവുമായ ഡോ. എം. പി. മത്തായി, 1920 മഹാത്മാഗാന്ധിജി സ്ഥാപിച്ച ഗുജറാത്ത് വിദ്യാപീഠ് സർവ്വകലാശാലയിൽ ഗാന്ധിയൻ ഫിലോസഫി പ്രൊഫസറായി നിയമിതനായി. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് പ്രിൻസിപ്പൽ, എം.ജി. യൂണിവേഴ്സിറ്റി പ്രൊഫസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.


## വൈദിക ചരമം



### വെരി. റവ. സി.എ. ജോൺ കോർഎപ്പിസ്ക്കോപ്പ

കുമ്പഴ സെന്റ് മേരീസ് വലിയ കത്തീഡ്രൽ ഇടവകാംഗമായ വെരി. റവ. സി. എ. ജോൺ കോർ എപ്പിസ്ക്കോപ്പ നിര്യാതനായി. സംസ്ക്കാരം കുമ്പഴ വലിയ കത്തീഡ്രലിൽ ശ്രേഷ്ഠ നിയുക്ത ബാവാ, സഭയിലെ ഇതര മെത്രാപ്പോലീത്താമാർ, എന്നിവരുടെ നേതൃത്വത്തിൽ നടത്തി.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. തുമ്പമൺ ഭദ്രാസനത്തിലെ വിവിധ സ്ഥാപനങ്ങളുടെ തലയാളായും ഭദ്രാസന കൗൺസിൽ അംഗം, സഭാ മാനേജിംഗ് കമ്മറ്റിയംഗം, മൈലപ്ര മാർ പീലക്സീനോസ് ഐ.റ്റി.സി. സ്ഥാപക മാനേജർ, പീലക്സീനോസ് ബിൽഡിംഗ് കൺവീനർ, പ്രകാശധാരാ സ്ക്കൂളിന്റെ ആദ്യകാല പ്രവർത്തകൻ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കോഴഞ്ചേരി സെന്റ് മാത്യൂസ്, കുമ്പഴ സെന്റ് മേരീസ് വലിയ കത്തീഡ്രൽ, എന്നീ ദേവാലയങ്ങൾ പണിയിച്ചത് അച്ചന്റെ ശ്രമഫലമായാണ്. കിഴവള്ളൂർ സെന്റ് ജോർജ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചിട്ടുണ്ട്. മാതൃകാ വൈദികനായിരുന്നു.



### വെരി. റവ. പി. സി. യൂഹാനോൻ റമ്പാൻ

കൊട്ടാരക്കര ചെങ്ങമനാട് ബേത്‌ലഹേം ആശ്രമാംഗമായ വന്ദ്യ പി. സി. യൂഹാനോൻ റമ്പാൻ (60) നിര്യാതനായി. കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളേജ് റിട്ട. പ്രൊഫസറായിരുന്നു അയൂർ കൊന്നയിൽ (പള്ളിമേലേതിൽ) കുടുംബാംഗം. സഭാ മാനേജിംഗ് കമ്മറ്റി അംഗം, ചൊവ്വള്ളൂർ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ, ചെങ്ങമനാട് എം.പി. എം.ഐ.റ്റി.സി. മാനേജർ, കൊട്ടാരക്കര ബസേലിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർ, ബേത്‌ലഹേം ആശ്രമം മാനേജർ, എം.എം.സി. കോർപ്പറേറ്റ് സ്ക്കൂൾസ് ലോക്കൽ മാനേജർ, സദാനന്ദപുരം മാർ ദീയസ്ക്കോറോസ് സെന്റർ മാനേജർ, ആയൂർ കൊന്നയിൽ കുടുംബയോഗം പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മങ്ങാട്, കുട്ടമ്പേരൂർ, തലവൂർ, ഐപ്പള്ളൂർ, നടുത്തേരി വെസ്റ്റ്, പെരുങ്കുഴി, വടകോട്, പടിഞ്ഞാറെ തെരുവ്, ആലഞ്ചേരി, ഐക്കാട്, ചീരംചിറ, നീലിമംഗലം, കുളക്കട, ഉമ്മന്നൂർ കടയ്ക്കാമൺ, ചുനക്കര, പത്തനാപുരം ലാസർ, മാക്കുളം, കലഞ്ഞൂർ, സദാനന്ദപുരം (സ്ഥാപക വികാരി) തുടങ്ങി 30 ലധികം പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മാതാപിതാക്കൾ: പരേതരായ കോശി ചാക്കോ, സാറാമ്മ


## "കൃപയാൽ സപ്തതി ജന്മദിന നിറവിൽ"

**30.9.2010 – 01.10.2010**



**വി. വി. ഫിലിപ്പ്, മറിയാമ്മ ഫിലിപ്പ്**

വാഴക്കുന്നത്ത്, തുകലശ്ശേരി, തിരുവല്ല

പപ്പായ്ക്ക്, പ്രാർത്ഥനാ നിർഭരമായ ആശംസകൾ

സജി & ഷേർലി – നീന് മോൾ
റെജി & ഗ്രേസ് തിരുവമ്പാട്ട്



# പുറ്റടി കുരിശുമല തീർത്ഥാടന കേന്ദ്രം

## പുറ്റടി, ഇടുക്കി ഭദ്രാസനം

## പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ

### 2010 നവംബർ 3 ബുധൻ 6 ശനി വരെ



മലയിലെ ചാപ്പൽ



പുരാതനമായ മലയിലെ വി. സ്ലീബ

മലങ്കര ഓർത്തഡോക്സ് സഭയിലെ ഏക പ്രഖ്യാപിത കുരിശുമല തീർത്ഥാടന കേന്ദ്രമായ പുറ്റടി കർമ്മേൽ കുരിശുമലയിൽ (ഇടുക്കി ഭദ്രാസനം) പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ നവംബർ 3 മുതൽ 6 വരെ നടത്തപ്പെടുകയാണ്. പരിശുദ്ധന്റെ തിരുശേഷിപ്പ് സ്ഥാപിക്കപ്പെട്ടിരിക്കുന്ന പ്രകൃതിരമണീയമായ ഈ വിശുദ്ധ സ്ഥലത്ത് പ്രാർത്ഥനയ്ക്കും ധ്യാനത്തനുമായി ധാരാളം ആളുകൾ എത്തച്ചേരുകയും ആത്മീയ നിറവ് അനുഭവിച്ചറിയുകയും ചെയ്യുന്നു. ഹൈറേഞ്ചിലെ പരുമല എന്നറിയപ്പെടുന്ന ഇവിടെ എല്ലാ ദിവസങ്ങളിലും, പ്രത്യേകിച്ച് വെള്ളിയാഴ്ചകളിൽ ആയിരക്കണക്കായും തീർത്ഥാടകർ എത്തുന്നു.

നവംബർ 3, 4 തീയതികളിൽ സന്ധ്യാനമസ്ക്കാരത്തെത്തുടർന്ന് സുവിശേഷ യോഗങ്ങളും 5-ാം തീയതി വൈകിട്ട് ആയിരങ്ങൾ പങ്കെടുക്കുന്ന പ്രദക്ഷിണവും 6-ാം തീയതി രാവിലെ 9-ന് വി. കുർബ്ബാനയുമാണ് പെരുന്നാളിന്റെ പ്രധാന പരിപാടികൾ. തേക്കടി-മൂന്നാർ റോഡിൽ കുമളിയിൽ നിന്ന് 17 കീലോമീറ്ററും കട്ടപ്പനയിൽ നിന്ന് 15 കിലോമീറ്ററും ദൂരെയാണ് ഈ തീർത്ഥാടന കേന്ദ്രം. ഈ തീർത്ഥാടന കേന്ദ്രം സന്ദർശിക്കുന്നതിനും പെരുന്നാളിൽ സംബന്ധിക്കുന്നതിനുമായ എല്ലാ വിശ്വാസികളെയും ആദരപൂർവ്വം സ്വാഗതം ചെയ്യുന്നു.

എന്ന്

ഫാ. ജോർജ് വർഗീസ് (വികാരി)
ഫോൺ: 04868-277472, 228080, 9495125886

## 41-ാം ചരമദിനം (25-10-2010)



## ഏലിയാമ്മ ജോർജ് (78)

കല്ലിട്ടതിൽ, ചന്ദനപ്പള്ളി

Inserted by:
**പി. ജെ.ജോർജ് (ഭർത്താവ്)**

മക്കൾ:

രാജു & മറിയാമ്മ രാജു
ദാനിയേൽകുട്ടി & റീനാ ദാനിയേൽ, സൗത്ത് ആഫ്രിക്ക
ഫാ. ജോൺസൺ കല്ലിട്ടതിൽ & Late ഷേർളി ജോൺസൺ
സൂസമ്മ & രാജു
ഗ്രേസി & സാംകുട്ടി

കൊച്ചുമക്കൾ:

ഡോ. റീന, ഷീന, എബി, ബെൻസൺ, ബിജോയി, സുനിൽ, നിജിൽ, ഷൈജോ, ഷൈജു, ലിനു, ലിജു.


50